# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## തളിക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**
**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ് എ ടിഎസ്ആർ (പി14)/1070/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 13/10/2025
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തളിക്കുളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ് എ ടിഎസ്ആർ (പി14)/1070/2025 തീയ്യതി: 13/10/2025

# തൃശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-11-2024 മുതൽ 25-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 17-07-2025 | 25-07-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-07-2025 | 25-07-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സബിത എസ്. (ഓഡിറ്റ് ഓഫീസർ)
സിനിലാൽ എം. ജി. (ഓഡിറ്റ് ഓഫീസർ)
സുമ വി. കെ. (സീനിയർ ഗ്രേഡ് ഓഡിറ്റർ)
രഞ്ജിത്ത് പി. ആർ. (ഓഡിറ്റർ)
റിതുമോൾ എം.എസ്. (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സജിത പി. ഐ. | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| പിതാംബരൻ ഐ. പി. | സെക്രട്ടറി | 01-04-2024 | 26-11-2024 |
| ചന്ദ്രമണി ടി. വി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-11-2024 | 30-11-2024 |
| തങ്ക സി. ജി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-12-2024 | 08-01-2025 |
| സിന്ധു കെ. ആർ. | സെക്രട്ടറി | 09-01-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുമയ്യ വി. കെ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| സിനി കെ. എസ്. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| അഞ്ജന | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| സഫീർ പി. എ. | മെഡിക്കൽ ഓഫീസർ (എഫ്. എച്ച്. സി) | 01-04-2024 | 12-08-2024 |
| മനയത്ത് അഭിന അബ്ദുള്ള | മെഡിക്കൽ ഓഫീസർ (എഫ്. എച്ച്. സി) | 13-08-2024 | 31-03-2025 |
| ആര്യ ടി. എസ്. | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ജിൻസി പി. വി. | വി.ഇ.ഒ. (ഇടശ്ശേരി സർക്കിൾ) | 01-04-2024 | 31-03-2025 |
| രശ്മി പി. എസ്. | വി.ഇ.ഒ. (തളിക്കുളം സർക്കിൾ) | 01-04-2024 | 31-03-2025 |
| അശ്വിൻ രാജ് | ഫിഷറീസ് ഓഫീസർ | 01-04-2024 | 31-03-2025 |
| അനൂപ് സോമൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ജീജ ടി. എ. | ഹെഡ്മിസ്ട്രസ് | 01-04-2024 | 31-03-2025 |
| ജോൺസി ടി. ജെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 12-06-2024 |
| സന്ദീപ് സി. എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ - ഇൻചാർജ് | 13-06-2024 | 20-09-2024 |
| റിജി മോൾ ഒ. ജെ. | അസിസ്റ്റന്റ് എഞ്ചിനീയർ - ഇൻചാർജ് | 21-09-2024 | 29-09-2024 |
| അനിത പി. കെ. | അസിസ്റ്റന്റ് എഞ്ചിനീയർ - ഇൻചാർജ് | 30-09-2024 | 12-02-2025 |
| നസീറ | അസിസ്റ്റന്റ് എഞ്ചിനീയർ - ഇൻചാർജ് | 13-02-2025 | 31-03-2025 |
| ചന്ദ്രമണി ടി. വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 30-11-2024 |
| തങ്ക സി. ജി. | അസിസ്റ്റന്റ് സെക്രട്ടറി | 01-12-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | തൊഴിലുറപ്പ് പദ്ധതിയുടെ പൂർണ്ണമായ വരവ് ചെലവ് വിവരങ്ങൾ വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-2 |
| 4 | 'Capital Work In Progress' ശീർഷകത്തിലെ തുക വർഷങ്ങളായി ക്രമീകരിക്കാതെ അവശേഷിക്കുന്നു | 1-1-3 |
| 5 | നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-7 |
| 9 | ജേർണൽ വൗച്ചറുകൾ സംബന്ധിച്ച അപാകങ്ങൾ | 1-1-8 |
| 10 | ബാങ്കിൽ നിക്ഷേപിച്ചിട്ട് വർഷങ്ങളായിട്ടും നാളിതു വരെ തുക ബാങ്കിൽ ക്രെഡിറ്റ് വന്നിട്ടില്ല | 1-1-9 |
| 11 | ഡി.സി.ബി രജിസ്റ്ററുകൾ-അപാകങ്ങൾ | 1-1-10 |
| 12 | ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-11 |
| 13 | വാർഷിക കണക്ക് പ്രകാരമുള്ള പദ്ധതി ചെലവ് തുകയും സുലേഖ ചെലവ് സ്റ്റേറ്റ്മന്റ് / ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരമുള്ള ആകെ ചെലവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | ഫണ്ട് വിനിയോഗം | 1-3 |
| 16 | പദ്ധതി അവലോകനം | 1-4 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 18 | സാമൂഹ്യ പെൻഷൻ | 1-6 |
| 19 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 21 | വലിയ തുക കറന്റ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനാൽ പലിശയിനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നു | 1-9 |
| 22 | നിഷ്ക്രിയ ബാങ്ക് അക്കൗണ്ടുകൾ-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-10 |
| 23 | രസീത് പരിപാലനം - അപാകങ്ങൾ | 1-11 |
| 24 | ദിവസേന കളക്ഷൻ - ബാങ്കിൽ തുക അടവാക്കിയില്ല | 1-12 |
| 25 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു | 1-13 |
| 26 | തൊഴിൽ നികുതി - അപാകങ്ങൾ | 1-14 |
| 27 | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തെ മതപഠനശാലകളുടെ ഗണത്തിൽപ്പെടുത്തി നികുതി ഒഴിവ് നൽകി | 1-15 |
| 28 | സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു - തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-16 |
| 29 | അനധികൃത കെട്ടിടത്തെ UA രജിസ്റ്ററിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. | 1-17 |
| 30 | CRZ മേഖലയിലെ അനധികൃത നിർമ്മാണം- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-18 |
| 31 | ദേശീയപാത 66 വികസനം- നഷ്ടപരിഹാരതുക ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും തുക ലഭ്യമാക്കി വിവരം അറിയിക്കേണ്ടതുമാണ് | 1-19 |
| 32 | വനിതാ ദിനത്തിൽ സെക്കൻഡ്ഷോ പ്രദർശനത്തിന് വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു. | 1-20 |
| 33 | അനുപൂരക പോഷകാഹാര പദ്ധതി-കേന്ദ്രവിഹിതം ചെലവാക്കിയിട്ടില്ല-തുടർ നടപടി സ്വീകരിക്കണം | 1-21 |

| | | |
|---|---|---|
| 34 | പട്ടിക ജാതി വനിതകൾക്ക് സ്വയം തൊഴിലിനു ടൂവീലർ -പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ | 1-22 |
| 35 | കുടിവെള്ള വിതരണം-ടെണ്ടർ സ്വീകരിച്ചതിലെ അപാകങ്ങൾ | 1-23 |
| 36 | പൊതുടാപ്പുകളുടെ വെള്ളക്കരം-സംയുക്തപരിശോധന നടത്തി ഉപയോഗശൂന്യമായ പൊതുടാപ്പുകൾ ഒഴിവാക്കി പ്രതിമാസ വെള്ളക്കരം ക്രമീകരിക്കേണ്ടതാണ് | 1-24 |
| 37 | ചീഫ് എഞ്ചിനീയറുടെ സർക്കുലർ നിർദ്ദേശം പാലിച്ചില്ല. റോഡ് പ്രവൃത്തികളിൽ അധിക തുക ചെലവഴിച്ചു | 1-25 |
| 38 | RR ഉപയോഗിച്ചുള്ള ഫൗണ്ടേഷൻ പ്രവൃത്തിയിൽ അധിക തുക നൽകി | 1-26 |
| 39 | സെലക്ഷൻ നോട്ടീസ് നൽകി കരാറിലേർപ്പെട്ടതിൽ കാലതാമസം - പിഴ ഈടാക്കിയില്ല | 1-27 |
| 40 | പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് ഭരണ സമിതി അംഗീകാരം ലഭ്യമാക്കുന്നില്ല | 1-28 |
| 41 | മണ്ണ് കുഴിക്കുന്നതിന് എസ്റ്റിമേറ്റിൽ കൂടിയ നിരക്കുള്ള ഇനം ഉൾപ്പെടുത്തിയത് മൂലം ഗ്രാമ പഞ്ചായത്തിന് ഭീമമായ നഷ്ടം-വിശദമായ അന്വേഷണം ആവശ്യപ്പെടുന്നു | 1-29 |
| 42 | പെയിന്റിംഗ് പ്രവൃത്തിയ്ക്ക് കൂടിയ നിരക്ക് ഉൾപ്പെടുത്തി തുക നൽകി അധികം നൽകിയ 21,825 രൂപ നിരാകരിക്കുന്നു. | 1-30 |
| 43 | ഇ-ടെണ്ടർ ഫോറം വില പഞ്ചായത്തിൽ അടവാക്കണം | 1-31 |
| 44 | വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചില്ല. | 1-32 |
| 45 | അങ്കണവാടികളിൽ ഏ.സി. സ്ഥാപിക്കൽ - ഒരേയിനം ഏ.സി.കൾ വ്യത്യസ്ത നിരക്കിൽ വാങ്ങി.37,475രൂപ അധിക ചെലവ് | 1-33 |
| 46 | ഫ്രായം പദ്ധതി ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല.മുദ്രപത്രവില ഈടാക്കിയതിൽ കുറവ് | 1-34 |
| 47 | ടെണ്ടർ നടപടി സ്വീകരിക്കാതെ ഫർണ്ണീച്ചറുകൾ വാങ്ങി | 1-35 |
| 48 | ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-36 |
| 49 | ലൈഫ് ഭവന പദ്ധതി- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-37 |
| 50 | ഗാർഹിക ജൈവമാലിന്യ സംസ്കരണം-തുടർ നിരീക്ഷണം നടത്തിയിട്ടില്ല | 1-38 |
| 51 | ഇനോക്കുലം വിതരണം പൂർത്തിയാക്കിയിട്ടില്ല | 1-39 |
| 52 | ഇൻസിനറേറ്റർ സ്കൂളുകളിലേയ്ക്ക് പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ | 1-40 |
| 53 | ബയോഗ്യാസ് പ്ലാന്റ്-സ്കൂളുകളിലേയ്ക്ക് നല്കൽ | 1-41 |
| 54 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-42 |
| 55 | ജലജീവൻ മിഷൻ അവലോകനം. | 1-43 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പെയിന്റിംഗ് പ്രവൃത്തിയ്ക്ക് കൂടിയ നിരക്ക് ഉൾപ്പെടുത്തി തുക നൽകി അധികം നൽകിയ തുക നിരാകരിക്കുന്നു | 3-1 |
| | **ഭാഗം 4** | |
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27.06.2025 തീയതിയിലെ 2(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 30.06.2025 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ ക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി :13.10.2025**

**ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-1 തൊഴിലുറപ്പ് പദ്ധതിയുടെ പൂർണ്ണമായ വരവ് ചെലവ് വിവരങ്ങൾ വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം 2024-25 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടുള്ള വരവ് ചെലവ് കണക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 4,634 | 14,84,051 | 14,88,685 | 14,78,913 | 9,772 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,73,99,598 | 1,73,99,598 | 1,73,99,598 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 20,12,195 | 20,12,195 | 20,12,195 | 0 |
| ആകെ | 4,634 | 2,08,95,844 | 2,09,00,478 | 2,08,90,706 | 9,772 |

എന്നാൽ ഭരണച്ചെലവുകളുമായി ബന്ധപ്പെട്ടുള്ള തുകകൾ മാത്രമാണ് വാർഷിക കണക്കുകളിൽ ചേർത്തിട്ടുള്ളത് (ഇൻകം & എക്സ്പെന്റിച്ചർ ഷെഡ്യൂൾ ഐ-6). ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ 1,73,99,598 രൂപയും മെറ്റീരിയൽ കോസ്റ്റിന് ചെലവായ ഇനത്തിലെ 20,12,195 രൂപയും വാർഷികകണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-2 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

മഴക്കാല പൂർവ ശുചീകരണവുമായി ബന്ധപ്പെട്ടുള്ള തനതുഫണ്ട് വിഹിതമായ 1,60,000 രൂപ (വാർഡിന് 10,000 രൂപ വീതം) 2024-25 സാമ്പത്തിക വർഷം മുൻകൂറായി വാർഡ് തല സമിതിക്ക് നൽകിയിട്ടുള്ളതാണ്. മഴക്കാല പൂർവ ശുചീകരണവുമായി ബന്ധപ്പെട്ടുള്ള ശുചിത്വമിഷൻ ഗ്രാന്റ് വിഹിതമായ 1,60,000 രൂപ (വാർഡിന് 10,000

രൂപ വീതം) ലഭ്യമല്ലാതിരുന്നതിനാൽ ടി തുകയും തനതുഫണ്ടിൽ നിന്നും മഴക്കാല പൂർവ ശുചീകരണത്തിനായി അഡ്വാൻസ് ചെയ്തിട്ടുള്ളതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | അഡ്വാൻസ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|
| 1 | 22400193/ 18.05.24 | 1,60,000 | 460509901- Advance To Others | ഉചിതമായ അഡ്വാൻസ് ശീർഷകം |
| 2 | 22400517/ 14.08.24 | 1,60,000 | 230800110- Sanitation Expenses | |

മേൽ പ്രവൃത്തിക്ക് ധനവിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടില്ല. മുൻകൂറായി 3,20,000 രൂപ നൽകിയിട്ടുണ്ടെങ്കിലും ക്രമ നമ്പർ (1) പ്രകാരമുള്ള 1,60,000 രൂപ മാത്രമാണ് അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും പ്രവൃത്തി പൂർത്തിയാക്കി ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം ആയത് ചെലവായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം ക്രമനമ്പർ 2 പ്രകാരമുള്ള മുൻകൂർ നൽകിയ തുക ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത തുകകൾ 2025-26 സാമ്പത്തിക വർഷത്തിൽ ക്രമീകരിക്കേണ്ടതും ഇത്തരത്തിലുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

### 1-1-3 'Capital Work In Progress' ശീർഷകത്തിലെ തുക വർഷങ്ങളായി ക്രമീകരിക്കാതെ അവശേഷിക്കുന്നു

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11(ബി) പ്രകാരം 412010101- Capital Work In Progress എന്ന ശീർഷകത്തിൽ 31.03.2025 തീയതിയിൽ 5,21,139 രൂപ നീക്കിയിരിപ്പുള്ളതായി ചേർത്തിട്ടുണ്ട്. 31.03.2022-ലെ നീക്കിയിരിപ്പ് തുക തന്നെയാണ് തുടർവർഷങ്ങളിലും ചേർത്തുവരുന്നത്. പാർട്ട് ബിൽ നൽകിയ വിവിധ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറക്ക് ആസ്തി/ചെലവായി വാർഷിക കണക്കിൽ രേഖപ്പെടുത്താത്തതിനാലും തൻവർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ വിവരങ്ങൾ മേൽ ശീർഷകത്തിൽ രേഖപ്പെടുത്താതിരുന്നതിനാലുമാണ് ഇപ്രകാരം സംഭവിച്ചത്. 2025-26 വർഷത്തെ വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ 412010101 Capital Work In Progress ശീർഷകത്തിലെ നീക്കിയിരുപ്പ് തുക കൃത്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-1-4 നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

സ.ഉ(കൈ)152/2011/ത.സ്വ.ഭ.വ., തീ.26.07.2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 [ചട്ടം58(4)എച്ച്] എന്നിവ പ്രകാരം രണ്ട് വർഷത്തിലധികമായി പിരിഞ്ഞ് കിട്ടാതെ ശേഷിക്കുന്ന ഡിമാന്റുകൾക്ക് നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി പ്രൊവിഷൻ രേഖപ്പെടുത്തേണ്ടതാണ്. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ (റസിഡൻഷ്യൽ & നോൺറെസിഡൻഷ്യൽ) 9,75,205 രൂപ കുടിശ്ശിക ഉണ്ട്. എന്നാൽ ലഭ്യതാ സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-5 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ തുകകൾ എന്ന ഇനത്തിൽ ചെലവഴിക്കാൻ 31.03.2025 ൽ ബാക്കിയുള്ള തുകയും ഈ ആവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31.03.2025 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| ക്രമ നമ്പർ | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | | വ്യത്യാസം |
|---|---|---|---|---|---|---|---|
| | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക | |
| 1 | 320100128 | Mahatma Gandhi National Rural Employment Guarantee Scheme | 9,772 | 450210101 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ-(67059902888) | 1,09,377 | 99,605 |
| 2 | 320200104 | Development Fund - Central Finance Commission Grant - Basic Tax Grant | 37,46,671 | 450210101 | സി.എസ്.ബി ബാങ്ക്-012904298354190001 | 1,04,42,735 | 15,323 |
| | 320200113 | Development Fund - | 66,80,741 | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | Central Finance Commission Grant – Tied Fund | | | | | |
| | Total | | 1,04,27,412 | | | | |

2025-26 സാമ്പത്തിക വർഷത്തിൽ മേൽ പരാമർശിച്ച അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളും അതിനോടനുബന്ധിച്ച ബാധ്യത ശീർഷകത്തിലെ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും തുല്യമായി ക്രമീകരിക്കേണ്ടതാണ്.

## 1-1-6 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-1,99,54,298) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 14,88,943 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-7 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

## 1-1-8 ജേർണൽ വൗച്ചറുകൾ സംബന്ധിച്ച അപാകങ്ങൾ

**A.** കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

**B.** ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ ഷെഡ്യൂൾ I-19 ൽ ഉൾപ്പെട്ട 190100101-Prior Period Income- Property Tax എന്ന ശീർഷകത്തിന്റെ ലെഡ്ജർ പ്രകാരം താഴെ കൊടുത്തിരിക്കുന്ന ജേണൽ വൗച്ചറുകൾ മുഖേന വസ്തുനികുതി - അരിയർ ഡിമാന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ | തീയതി | തുക |
|---|---|---|---|
| 1 | 42402115 | 31.03.2025 | 2,685 |
| 2 | 42402124 | 31.03.2025 | 1,241 |
| 3 | 42402148 | 31.03.2025 | 3,680 |
| **ആകെ** | | | **7,606** |

എന്നാൽ ടി ജേണൽ എൻട്രികൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

## 1-1-9 ബാങ്കിൽ നിക്ഷേപിച്ചിട്ട് വർഷങ്ങളായിട്ടും നാളിതു വരെ തുക ബാങ്കിൽ ക്രെഡിറ്റ് വന്നിട്ടില്ല

ബാങ്കിൽ നിക്ഷേപിച്ചിട്ട് വർഷങ്ങളായിട്ടും നാളിതു വരെ ബാങ്കിൽ ക്രെഡിറ്റ് വരാത്ത തുകകൾ "Cheque Deposited But Not Collected" എന്ന രീതിയിൽ ഉൾപ്പെടുത്തിയാണ് പഞ്ചാബ് നാഷണൽ ബാങ്കിലുള്ള 799013000001173 നമ്പർബാങ്ക് അക്കൗണ്ടിന്റെ റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിരിക്കുന്നത്. ബാങ്കിൽ നിക്ഷേപിച്ചിട്ട് വർഷങ്ങളായിട്ടും നാളിതുവരെ ക്രെഡിറ്റ് വരാത്ത തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | തീയതി | ഇൻസ്ട്രുമെന്റ് നമ്പർ | തീയതി | തുക |
|---|---|---|---|---|
| 1220700974 | 02.09.2022 | 196245 | 06.08.2022 | 14,724 |

ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-10 ഡി.സി.ബി രജിസ്റ്ററുകൾ-അപാകങ്ങൾ

**A.** വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുകയും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകളും പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതി കുടിശ്ശികയിനത്തിലെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**കുടിശ്ശിക**

1. റെസിഡൻഷ്യൽ

| | ഡിമാൻറ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ"സോഫ്റ്റ്‌വെയർ പ്രകാരം | 22,842 | 11,997 | 10,865 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 20,175 | 11,997 | 10,880 |

2. നോൺ-റെസിഡൻഷ്യൽ

| | ഡിമാൻറ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ"സോഫ്റ്റ്‌വെയർ പ്രകാരം | 9,28,427 | 10,580 | 9,17,852 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 9,27,218 | 10,580 | 9,17,887 |

**B.** ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31.03.2025-ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 4,97,720 | 5,21,551 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 1,25,823 | 1,31,971 |

**C. <u>രജിസ്റ്ററുകളിലെ രേഖപെടുത്തലുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല</u>.**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാൻറ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 01.04.2025-ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/Trad/Prof | 1,34,530 |
| 2 | ലൈസൻസ് | 350410301-Advance Collection Of Revenues - License Fees For Factories, Traders, Enterprenuers And Other Services | 55,700 |

**D. <u>വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല</u>**

രജിസ്റ്ററുകൾ എഴുതി സംക്ഷിപ്തം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ RP-4, RP-5 ഷെഡ്യൂൾ പ്രകാരമുള്ള വരവുകളുടെ വാർഷിക കണക്കിൽ തുക രേഖപ്പെടുത്തിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## <u>1-1-11 ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല</u>.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## <u>1-1-12 വാർഷിക കണക്ക് പ്രകാരമുള്ള പദ്ധതി ചെലവ് തുകയും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് / ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ ചെലവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.</u>

2024-25 സാമ്പത്തികവർഷം നടപ്പിലാക്കിയ താഴെ കൊടുത്തിരിക്കുന്ന പ്രോജക്റ്റുമായി ബന്ധപ്പെട്ട ചെലവ് സുലേഖ ചെലവ് പത്രിക / ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

| പ്രോജക്റ്റ് നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫണ്ടിനം | ചെലവു തുക | വൗച്ചർ നമ്പർ/ തീയതി |
|---|---|---|---|---|
| ഹെഡ്മിസ്ട്രസ്, ജി.എം.എൽ.പി. സ്കൂൾ | 39/25എസ്.എസ്.കെ വിഹിതം നൽകൽ | വികസനഫണ്ട് (പൊതുവിഭാഗം) | 7,32,790 | 42401597/ 11.09.2024 |

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തീയതി | 14/02/2024 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 31,13,24,742 | 29,29,64,045 |
| **റിവൈസ്ഡ് ബജറ്റ്** | | |
| പാസ്സാക്കിയ തീയതി | 27/02/2025 | |
| കമ്മിറ്റിതീരുമാനം | 3(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 36,80,97,646 | 36,62,50,760 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക* |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 27779000 | 27779000 | 24997621 | 2781379* |
| വികസന ഫണ്ട്- എസ്.സി.പി | 0 | 11781000 | 11781000 | 11716409 | 64591* |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 15487000 | 15487000 | 5752317 | 9734683* |
| മെയിന്റനൻസ് ഗ്രാന്റ്, നോൺറോഡ് | 0 | 6366000 | 6366000 | 5122324 | 1243676* |
| CFC Basic Grant | 824083 | 5414811 | 6238894 | 2492223 | 3746671 |
| CFC Tied Grant | 1277762 | 9837000 | 11114762 | 4434021 | 6680741 |
| സാക്ഷരത | 3360 | 92 | 3452 | 0 | 3452 |
| ദുരിതാശ്വാസ നിധി | 8188 | 141 | 8329 | 5001 | 3328 |
| TSC | 2882684 | 0 | 2882684 | 485611 | 2397073 |
| ICDS | 1836964 | 1177844 | 3014808 | 250555 | 2764253 |
| PYCKA | 20000 | 0 | 20000 | 0 | 20000 |
| Swach Bharat Abhiyan (PFMS) | 0 | 360000 | 360000 | 360000 | 0 |
| National Ayush Mission | 500000 | 0 | 500000 | 180426 | 319574 |
| ലൈഫ് മിഷൻ – സംസ്ഥാന വിഹിതം | 240000 | 5000000 | 5240000 | 4350000 | 890000 |
| Health Grant –Support For Diagnostic Infrastructure To The Primary Health Care Facilities | 170270 | 384786 | 555056 | 131988 | 423068 |
| Health Grant – Towards Building Less Subcentres, CHCs And PHCs | 2715624 | 75912 | 2791536 | 0 | 2791536 |
| Health Grant – Coversion Of Rural PHCs And Subcentres In To Health And Wellness Centres. | 61424 | 610182 | 671606 | 28778 | 642828 |
| National Programme For Persons With Disabilities | 474384 | 0 | 474384 | 0 | 474384 |
| NABARD Assistance | 29050 | 0 | 29050 | 0 | 29050 |
| C.F.C - Performance Grant(Untied) | 0 | 348933 | 348933 | 0 | 348933* |
| C.F.C-Performance Grant(Tied) | 0 | 223343 | 223343 | 61763 | 161580* |
| Grant For Specific Purpose Of Other Govt. Agencies | 224615 | 0 | 224615 | 32650 | 191965 |

കുറിപ്പ്-

1) സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

2) ചെലവഴിക്കാതെ കിടക്കുന്ന, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ഫണ്ടുകൾ, ആവശ്യമില്ലാത്തപക്ഷം സ്രോതസ്സിലേക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 341 | 21,60,74,843 | 238 | 10,47,62,145 | 48.48 | 69.79 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 4634 | 1484051 | 1488686 | 1478913 | 9772 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 17399598 | 17399598 | 17399598 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 2012195 | 2012195 | 2012195 | 0 |
| ആകെ | 4634 | 20895844 | 20900478 | 20890706 | 9772 |

**കുറിപ്പ്**

1. ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ ഇനത്തിലും മെറ്റീരിയൽ കോസ്റ്റിനത്തിലുമുള്ള വരുമാനം വാർഷികകണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. ആയത് ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-1-1 ൽ ചേർത്തിട്ടുണ്ട്.

2. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം, പ്രത്യേകോദ്ദേശ്യ തുകകൾ എന്ന ഇനത്തിൽ ചെലവഴിക്കാൻ 31.03.2025 ൽ ബാക്കിയുള്ള തുകയും ഈ ആവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31.03.2025 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള തുകയും ബി-17 പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-1-12 ൽ ചേർത്തിട്ടുണ്ട്.

## 1-6 സാമൂഹ്യ പെൻഷൻ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1959600 | 111 |
| വിധവാപെൻഷൻ | 19257300 | 1228 |
| വാർദ്ധക്യകാല പെൻഷൻ | 34819700 | 2399 |
| വികലാംഗപെൻഷൻ | 4453500 | 284 |
| 50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1312600 | 85 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.07.2025 തീയതിയിൽ 2.30 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17,077 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പരിശോധനയുടെ ഭാഗമായി കണ്ട അപാകങ്ങൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-9 വലിയ തുക കറന്റ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനാൽ പലിശയിനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നു

പഞ്ചായത്തിന്റെ ഇ-പേയ്മെന്റ് ഇടപാടുകൾക്ക് ഉപയോഗിക്കുന്ന എസ്.ബി.ഐ തൃപ്രയാർ ബ്രാഞ്ചിലെ 67387634847 നമ്പർ ബാങ്ക് അക്കൗണ്ടിലെ 2024-25 സാമ്പത്തിക വർഷത്തെ നീക്കിയിരുപ്പ് തുകകളുടെ

വിശദാംശങ്ങൾ താഴെ കാണും പ്രകാരമാണ്.

| മാസം | മാസാന്ത്യ നീക്കിയിരുപ്പ് (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം) |
|---|---|
| ഏപ്രിൽ-2024 | 39,46,560 |
| മെയ്-2024 | 41,29,230 |
| ജൂൺ-2024 | 63,06,777 |
| ജൂലായ്-2024 | 67,54,639 |
| ആഗസ്റ്റ്-2024 | 66,71,124 |
| സെപ്റ്റംബർ-2024 | 79,68,565 |
| ഒക്ടോബർ-2024 | 1,01,17,077 |
| നവംബർ-2024 | 1,13,24,235 |
| ഡിസംബർ-2024 | 1,15,60,434 |
| ജനുവരി-2025 | 1,19,26,431 |
| ഫെബ്രുവരി-2025 | 1,21,44,644 |
| മാർച്ച്-2025 | 1,10,21,755 |

2024-25 സാമ്പത്തിക വർഷത്തിൽ ശരാശരി 86 ലക്ഷത്തിലേറെ തുക ഈ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളതാണ്. ഇ-പേയ്മെന്റ് ഇടപാടുകൾക്ക് കറന്റ് അക്കൗണ്ട് ഉപയോഗിക്കേണ്ടതിനാൽ പ്രസ്തുത അക്കൗണ്ടിൽ നിന്നും പലിശയിനത്തിൽ വരുമാനമൊന്നും ലഭിക്കുന്നില്ല. പഞ്ചായത്തിന്റെ ഇ-പേയ്മെന്റ് ആവശ്യങ്ങൾക്കായുള്ള തുക കറന്റ് അക്കൗണ്ടിൽ നിലനിർത്തേണ്ടതുമാണ്. എന്നാൽ ആവശ്യമുള്ളതിനെക്കാൾ വലിയ തുക ദീർഘകാലം സൂക്ഷിക്കുന്നത്, പലിശയിനത്തിലുള്ള വരുമാന നഷ്ടത്തിലേക്ക് നയിക്കുന്നു.
ഇ-പേയ്മെന്റ് ഇടപാടുകൾക്കായി കറന്റ് അക്കൗണ്ടിൽ സൂക്ഷിക്കേണ്ട തുകയുടെ പരിധി നിശ്ചയിക്കേണ്ടതും ഇതിൽ കവിഞ്ഞ് വരുന്ന തുക പലിശ ലഭ്യമാകുന്ന മറ്റൊരു സേവിംഗ്സ് അക്കൗണ്ടിലേക്ക് (തനതു വരുമാനത്തിനായി പ്രത്യേകം നിർദേശിച്ച അക്കൗണ്ടിലേക്ക്) സ്വമേധയാ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതുമാണ്. ഇതിനായി സോഫ്റ്റ്‌വെയർ അലേർട്ടുകളോ ഓട്ടോമേറ്റഡ് ത്രെഷോൾഡ് സംവിധാനങ്ങളോ ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതുമാണ്.

## 1-10 നിഷ്ക്രിയ ബാങ്ക് അക്കൗണ്ടുകൾ-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

പഞ്ചായത്തിന്റെ വിവിധ ബാങ്ക് അക്കൗണ്ടുകൾ പരിശോധിച്ചപ്പോൾ, ചില അക്കൗണ്ടുകൾ ദീർഘകാലമായി നിഷ്ക്രിയമാണ്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1.** റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ DEA ഫണ്ട് സ്കീം, 2014 പ്രകാരം ഒരു ബാങ്ക് അക്കൗണ്ട് ദീർഘകാലം (10 വർഷം) ആകെ നിഷ്ക്രിയമായിരിക്കുകയോ ഉപഭോക്താവിന്റെ ഇടപെടലുകൾ ഇല്ലാതെയിരിക്കുകയോ ചെയ്താൽ, അതിലെ ശേഷിച്ച തുക റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ (RBI) കീഴിലുള്ള ഡെപ്പോസിറ്റർ എഡ്യൂക്കേഷൻ ആൻഡ് അവെയർനസ് (DEA) ഫണ്ടിലേക്ക് പ്രകാരം മാറ്റപ്പെടുന്നതാണ്. നിർമ്മൽ പുരസ്കാർ അവാർഡ് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, വാടാനപ്പിള്ളി ശാഖയിലെ 550702010000899 നമ്പർ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയായ 22,142 രൂപ, ഇപ്രകാരം 27.03.2025 തീയതിയിൽ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ DEA അക്കൗണ്ടിലേക്ക് മാറ്റിയിട്ടുള്ളതാണ്.
ബാങ്കുമായി ബന്ധപ്പെട്ട് തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും എന്താവശ്യത്തിനാണോ തുക പഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത് അപ്രകാരം ഉപയോഗിക്കേണ്ടതും അല്ലാത്ത പക്ഷം തുക സ്രോതസ്സിലേക്ക് തിരികെ അടവാക്കേണ്ടതുമാണ്.

**2.** തനതുവരുമാനം സൂക്ഷിക്കുന്ന താഴെ കൊടുത്തിരിക്കുന്ന HDFC ബാങ്ക് അക്കൗണ്ടുകൾ വർഷങ്ങളായി ഉപയോഗിക്കാത്തതിനാൽ നിലവിൽ നിഷ്ക്രിയ അവസ്ഥയിലാണ്.

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നമ്പർ | 31.03.2025-ലെ നീക്കിയിരിപ്പ് |
|---|---|---|---:|
| 1 | HDFC ബാങ്ക്, തളിക്കുളം | 50200032688919 | 23,559 |
| 2 | HDFC ബാങ്ക്, തളിക്കുളം | 50100243084160 | 9,02,869 |

ടി ബാങ്ക് അക്കൗണ്ടുകളിലെ തുകകൾ നിലവിൽ തനതുവരുമാനത്തിനായി ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി ഉപയോഗപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം ടി അക്കൗണ്ടുകളും ഡോർമന്റ് ആയി മാറി DEA ഫണ്ടിലേയ്ക്ക് കൈമാറപ്പെടാനുള്ള സാധ്യതയുണ്ട്. നിഷ്ക്രിയ ബാങ്ക് അക്കൗണ്ടുകൾ വിലയിരുത്തി, തനതുവരുമാനത്തിന് ഉപയോഗിക്കുന്ന പ്രധാന അക്കൗണ്ടിലേക്ക് തുക മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 രസീത് പരിപാലനം - അപാകങ്ങൾ

പഞ്ചായത്തിരാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 20 (2) സി പ്രകാരം നിർവഹണ ഉദ്യോഗസ്ഥന്മാർ കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതുകൾ മെഷീൻ നമ്പർ നൽകിയവയും ഡബിൾ സൈഡഡ്

കാർബൺ ഉപയോഗിച്ച് എഴുതിയവയും ആയിരിക്കണം. പണം അടച്ച ആൾക്ക് പകർപ്പ് നൽകേണ്ടതും അസൽ ആഫീസിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ വി.ഇ.ഒ യ്ക്ക് നൽകിയിട്ടുള്ള 832, 833, 834, 837 എന്നീ രസീത് ബുക്കുകളിൽ ഡബിൾ സൈഡഡ് കാർബൺ ഉയോഗിച്ചിട്ടില്ല. പണം അടച്ച വ്യക്തികൾക്ക് പകർപ്പ് നൽകേണ്ടതിന് പകരം അസൽ ആണ് നൽകിയിട്ടുള്ളത്. ചട്ടം 23 പ്രകാരം കാഷ്, മണിയോർഡർ, ചെക്ക്, ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ ലഭിക്കുന്ന തുകകൾ 500 രൂപയിൽ അധികരിക്കുകയാണെങ്കിൽ അതേദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബന്ധപ്പെട്ട ബാങ്ക്/ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ വി.ഇ.ഒ യ്ക്ക് നൽകിയിട്ടുള്ള രസീത് ബുക്ക് നം. 837 ലെ താഴെ പറയുന്ന രസീത് നമ്പറുകൾ പ്രകാരം സ്വീകരിച്ച തുകകൾ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല.

| രസീത് നം. | തീയതി | ഗുണഭോക്താവിന്റ പേര് | തുക |
|---|---|---|---|
| 93 | രേഖപ്പെടുത്തിയിട്ടില്ല | ജമീല അറക്കവീട്ടിൽ | 150 |
| 94 | രേഖപ്പെടുത്തിയിട്ടില്ല | സജീന വലിയകത്ത് | 150 |
| 95 | രേഖപ്പെടുത്തിയിട്ടില്ല | സുരേഷ് തലപ്പിള്ളി | 150 |
| 96 | രേഖപ്പെടുത്തിയിട്ടില്ല | ഷീബ കരുവത്ത് | 150 |
| 97 | രേഖപ്പെടുത്തിയിട്ടില്ല | രാജി ഏറാട്ട് | 150 |

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം. 5/18.7.25) അറിവില്ലായ്മ കൊണ്ടാണ് അസൽ രസീത് സൂക്ഷിക്കാഞ്ഞതെന്നും രസീത് ബുക്ക് നം. 837 ലെ 93, 94, 95, 96, 97 എന്നീ രസീതുകൾ പ്രകാരം പിരിച്ച 750 രൂപ അടവാക്കാൻ വിട്ടുപോയതാണെന്നും 18.7.2025 തീയതിലെ R-G080803-25001998, R-G080803-25001999, R-G080803-252002000, R-G080803-252002001, R-G080803-252002002 എന്നീ രസീത് നമ്പറുകൾ പ്രകാരം തുക അടവാക്കി മറുപടിയോടൊപ്പം ഹാജരാക്കിയിട്ടുണ്ട്. ഇത്തരം അപാകങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 ദിവസേന കളക്ഷൻ - ബാങ്കിൽ തുക അടവാക്കിയില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 19 (2) പ്രകാരം പഞ്ചായത്തിൽ ലഭിച്ച എല്ലാ തുകകളും, നിലവിലുള്ള ചട്ടങ്ങളും സർക്കാർ ഉത്തരവുകളും അനുസരിച്ച് ട്രഷറി അക്കൗണ്ടിലോ, ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ, സഹകരണ ബാങ്ക് അക്കൗണ്ടിലോ, സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് ബാങ്ക് അക്കൗണ്ടിലോ, ട്രഷറിയിൽ സർക്കാർ അക്കൗണ്ടിലോ നിക്ഷേപിക്കേണ്ടതാണ്. 28.06.25-ലെ ഡേ ബുക്ക് പ്രകാരം വസ്തുനികുതി, തൊഴിൽ നികുതി എന്നീ ഇനങ്ങളിലായി 1,766 രൂപ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ചിട്ടുണ്ട്. ആയത് പഞ്ചായത്തിന്റെ തനതു വരുമാനം സൂക്ഷിക്കുന്ന പഞ്ചാബ് നാഷണൽ ബാങ്കിന്റെ (അക്കൗണ്ട് നം. 4349000100051210) തളിക്കുളം ശാഖയിൽ ആണ് അടവാക്കേണ്ടത്. ടി തുക മേൽ അക്കൗണ്ടിൽ അടവാക്കിയതിന് ഹാജരാക്കിയിട്ടുള്ള ചലാനിൽ തലേദിവസത്തെ കളക്ഷൻ തുകയായ 1756 എന്നത് 1766 എന്ന് തിരുത്തി ഡ്യൂപ്ലിക്കേറ്റ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 01.04.25 മുതൽ 16.07.25 വരെയുള്ള കാലയളവിലുള്ള മേൽ അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, ടി തുക ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് വന്നിട്ടില്ല. മേൽ തുക സ്വീകരിച്ച ബാങ്ക് ചെലാനിലെ സീലിലുള്ള 28.06.25 നാലാം ശനിയാഴ്ച ബാങ്ക് അവധി ദിവസമാണ്. അവധി ദിവസം എപ്രകാരം ബാങ്കിൽ പണം സ്വീകരിച്ചു എന്നത് വ്യക്തമല്ല. ഇതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം. 37/25.07.25)യഥാസമയം മറുപടി ലഭ്യമാക്കിയില്ല. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ 2011, ചട്ടം 26(2) പ്രകാരം കാഷ്യർ അല്ലെങ്കിൽ പണം കൈകാര്യം ചെയ്യാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പണം ലഭിച്ച ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ട്രഷറിയിൽ /ബാങ്കിൽ കാഷ്, ചെക്ക്, ഡിമാന്റ് ഡ്രാഫ്റ്റ് തുടങ്ങിയവ ഒടുക്കിയിട്ടുണ്ടെന്ന കാര്യം ഉറപ്പുവരുത്തേണ്ടതും ചട്ടം 26(3) പ്രകാരം ട്രഷറി, ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ഓരോ

മാസാന്ത്യത്തിലും ശേഖരിക്കേണ്ടതും ലഭിച്ച തുകകൾ പൂർണ്ണമായി ബാങ്ക് / ട്രഷറി അക്കൗണ്ടുകളിൽ ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അക്കൗണ്ടന്റിന്റെ ചുമതലയാണ്. പണം ഒടുക്കിയതിൽ തകരാറുകൾ ഉണ്ടെങ്കിൽ അവ ഉടൻതന്നെ സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തേണ്ടതാണ്. എന്നാൽ ചട്ട പ്രകാരമുള്ള മേൽ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല. 28.06.25 നാലാം ശനിയാഴ്ച ബാങ്ക് അവധി ദിവസമായതിനാൽ ടി തുക അന്നേ ദിവസം ബാങ്കിൽ അടവാക്കാൻ സാധിച്ചിരുന്നില്ലെന്നും തൊട്ടടുത്ത പ്രവർത്തി ദിവസം അടവാക്കാൻ വിട്ടുപോയതാണെന്നും ഓഡിറ്റ് എൻക്വയറി ലഭ്യമായതിനെ തുടർന്ന് നടത്തിയ പരിശോധനയിൽ ടി തുക പഞ്ചായത്തിന്റെ ക്യാഷ് ചെസ്റ്റിൽ തന്നെ ഉണ്ടായിരുന്നുവെന്ന് അറിയിയ്ക്കുകയും ഒരു മാസത്തിനു ശേഷം 28.07.25-ന് ടി തുക അടവാക്കിയതിന്റെ ചെലാൻ സഹിതം നിലവിലെ പഞ്ചായത്ത് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 27.06.25-നു ഡെപ്പോസിറ്റ് ചെയ്ത തുക 1,756 രൂപയാണ് എന്നും തുക സ്വീകരിച്ച തീയതി 28.06.25 എന്നു തെറ്റായി രേഖപ്പെടുത്തിയതാണ് എന്നും സാക്ഷ്യപ്പെടുത്തിയ പഞ്ചാബ് നാഷണൽ ബാങ്ക് തളിക്കുളം ശാഖയുടെ സാക്ഷ്യപത്രം 31.07.25-ന് ഓഡിറ്റ് ജില്ലാകാര്യാലയത്തിൽ ഹാജരാക്കിയിട്ടുണ്ട് . ഓഡിറ്റ് വേളയിൽ തുക ഒടുക്കു വരാതിരുന്നതിനു അന്വേഷണകുറിപ്പു നല്കിയതിനു യഥാസമയം മറുപടി ലഭ്യമാക്കാതിരുന്നതും ബാങ്ക് അവധി ദിവസം ഒടുക്കു വരുത്തിയതിനു തെളിവായി തെറ്റായ രേഖ ഹാജരാക്കിയത് ഗുരുതരമായ വീഴ്ചയാണെന്നും നിയമ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ് എന്നും സെക്രട്ടറിയെ ടെലഫോൺ മുഖാന്തിരം അറിയിച്ചതിനു ശേഷം മാത്രമാണ് തുക ബാങ്കിൽ ഒടുക്കു വരുത്തുകയും മുകളിൽ പറഞ്ഞ പ്രകാരമുള്ള നടപടികൾ സെക്രട്ടറി സ്വീകരിയ്ക്കുകയും ചെയ്തിട്ടുള്ളത്. ഇത് താല്കാലിക ധനാപഹരണമായി കണക്കാക്കാവുന്നതും സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ വീഴ്ചയായും ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ മറുപടി അംഗീകരിയ്ക്കുന്നില്ല. ഓഡിറ്റുവേളയിൽ തുക തിരുത്തി ഡ്യൂപ്ലിക്കേറ്റ് എന്നു രേഖപ്പെടുത്തിയ ചെലാൻ ഹാജരാക്കിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിയ്ക്കേണ്ടതാണ്. പഞ്ചായത്തുകളിൽ 01.04.2025 മുതൽ സംയോജിത സോഫ്റ്റ് വെയറായ കെ-സ്മാർട്ട് നടപ്പിലാക്കിയിട്ടുള്ളതാണ്. എന്നാൽ ബാങ്ക് റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് മൊഡ്യൂൾ ലഭ്യമായിട്ടില്ല. ആയതിനാൽ തന്നെ ഇത്തരം അപാകങ്ങൾ ആവർത്തിക്കപ്പെടാനുള്ള സാധ്യതയുണ്ട്. കെ-സ്മാർട്ടിൽ മൊഡ്യൂൾ ലഭ്യമാക്കുന്നതിനായി വകുപ്പു തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. മേൽ ചട്ട പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫോറം 1-ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു പതിനഞ്ചു ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി ഇരുനൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്കു സമർപ്പിക്കേണ്ടതും അപേക്ഷയിലെ വിശദാംശങ്ങളും സ്ഥാപനം തുടങ്ങാൻ പോകുന്ന സ്ഥലത്തിന്റെ അന്വേഷണ റിപ്പോർട്ടും പരിഗണിച്ച ശേഷം, രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2-ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ ആ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ നല്കുന്നു.

| ക്രമ നം | കെട്ടിട നം | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 7/564 | മണപ്പുറം ഹെൽത്ത് കെയർ |

| | | |
|---|---|---|
| 2 | 7/508 | ഹോമിയോപതിക്ക് ഹോം |
| 3 | 3/82 | ലിയാനു ക്ലിനിക് & ലാബ് |
| 4 | 6/452 H-I | മെറീന പഞ്ചകർമ സെന്ററ് |
| 5 | 3/531 F- G | ആക്ടീവ് കെയർ |

മേൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തതിന്റെ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/21.7.2025) മറുപടി ലഭ്യമാക്കിയില്ല. മേൽ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കു വിരുദ്ധമായോ, ചട്ടത്തിൻ കീഴിൽ രജിസ്റ്റർ ചെയ്യാതെയോ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുശേഷവും തുടർന്നുമോ, ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ പരിപാലിക്കുകയോ നടത്തുകയോ ചെയ്യുന്ന ഏതൊരാൾക്കുമെതിരെ കുറ്റസ്ഥാപനത്തിൻമേൽ ചട്ടം (8) പ്രകാരമുള്ള പിഴ ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതും രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന മേൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ഈടാക്കേണ്ടതും തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-14 തൊഴിൽ നികുതി - അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (1) പ്രകാരം ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികൾ, പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ അഥവാ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചു കൊണ്ട് പഞ്ചായത്തിനു വെളിയിലോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടവർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു

1) അർദ്ധ വാർഷിക വരുമാനം കണക്കാക്കുന്നതിനുള്ള റിട്ടേണുകൾ സൂക്ഷിക്കുന്നില്ല

തൊഴിൽ നികുതി ഈടാക്കുന്നതു സംബന്ധിച്ച 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ പ്രധാന വ്യവസ്ഥകൾ ഇപ്രകാരമാണ്. ചട്ടം (3) പ്രകാരം തൊഴിൽക്കരം നിശ്ചയിക്കേണ്ട ആവശ്യത്തിലേക്കായി കമ്പനികളെയും വ്യക്തികളെയും അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചട്ടത്തിലെ പട്ടികയിൽ പറയും പ്രകാരം തരംതിരിക്കേണ്ടതും പരമാവധി തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്. ചട്ടം (5) പ്രകാരം കമ്പനിയുടെയോ വ്യക്തിയുടെയോ ആദായവും ലാഭവും നിർണയിക്കാൻ പറ്റാതിരിക്കുകയും അല്ലെങ്കിൽ അത്തരം കമ്പനിയോ, വ്യക്തിയോ ആദായ നികുതിയോ കാർഷികാദായ നികുതിയോ കണക്കാക്കാതിരിക്കുകയും ചെയ്താൽ അത്തരം കമ്പനിയുടെയോ വ്യക്തിയുടെയോ ആ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ബിസിനസ് നടത്തിയതിന്റെ ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ ആറാം ചട്ടത്തിൽ പറയുന്ന രീതിയിൽ അർദ്ധ വാർഷിക വരുമാനം കണക്കാക്കേണ്ടതാണ്. ചട്ടം (10) പ്രകാരം കമ്പനിയോ ഏജന്റോ ആ അർദ്ധ വർഷത്തെ ആദായം കാണിക്കുന്ന റിട്ടേൺ സമർപ്പിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്. എന്നാൽ വാണിജ്യ സ്ഥാപനങ്ങളിൽ നിന്നോ, വ്യക്തികളിൽ നിന്നോ മേൽ പ്രകാരമുള്ള റിട്ടേണുകൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ ട്രേഡേഴ്സിൽ നിന്നും സ്ഥാപന തൊഴിൽ നികുതി നിശ്ചയിച്ചതിന്റെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല.

2 ) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്തിലെ ലോക്കൽ ഇൻഫ്രാസ്ട്രക്ചർ & എൻജിനീയറിംഗ് വിഭാഗം ലഭ്യമാക്കിയ രേഖകൾ പ്രകാരം 2024-25 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരൻ/കരാർ ഏറ്റെടുത്ത വ്യക്തി |
|---|---|
| 1 | കാർത്തികേയൻ |
| | |

| | |
|---|---|
| 2 | പ്രദീപ് എം.ഡി. |
| 3 | ജൈജു ജയപ്രകാശ് |
| 4 | ജോർജ് പി. |
| 5 | ശരത് |
| 6 | വിനീഷ് |
| 7 | മുഹമ്മദ് റഫീഖ് |
| 8 | നൌഷാദ് |
| 9 | രാജേഷ് |
| 10 | ആഷിഖ് |
| 11 | സരിൻ |

മേൽ പരാമർശിച്ച കരാറുകാരിൽ തൊഴിൽ നികുതി ഈടാക്കി ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്. (എൻക്വയറി നം. 24/21.7.25)

<u>3) തൊഴിൽ നികുതി പരിഷ്കരണം – സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നില്ല</u>

തദ്ദേശസ്വയംഭരണ (ആർ സി) വകുപ്പിന്റെ 27.06.2024 തീയതിയിലെ സ.ഉ (സാധാ) നമ്പർ 1149/2024 എൽ എസ് ജി ഡി ഉത്തരവ് പ്രകാരം തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ച് 2024 രണ്ടാം അർദ്ധ വർഷം മുതൽ പ്രാബല്യം വരുത്തി ഉത്തരവിറക്കിയിരുന്നു. പുതുക്കിയ നിരക്കുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | അർദ്ധ വാർഷിക വരുമാനം | നിലവിലുള്ള നിരക്ക് | പുതുക്കിയ നിരക്ക് |
|---|---|---|---|
| 1 | 11,999 വരെ | ഇല്ല | ഇല്ല |
| 2 | 12,000 – 17,999 | 120 | 320 |
| 3 | 18,000 – 29,999 | 180 | 450 |
| 4 | 30,000 – 44,999 | 300 | 600 |
| 5 | 45,000 – 99,999 | 450/600/750 | 750 |
| 6 | 1,00,000 – 1,24,999 | 1000 | 1000 |
| 7 | 1,25,000 മുതൽ | 1250 | 1250 |

എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ, മേൽ ഉത്തരവ് പ്രകാരമുള്ള വർദ്ധനവ് വരുത്താതെയാണ് ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധ വർഷത്തെ അതേ നിരക്കിൽ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ നൽകുന്നു

| സ്ഥാപനം | ജീവനക്കാരുടെ പേര് | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി |
|---|---|---|---|
| പി ബ്രിക്സ് തളിക്കുളം | രാംബുജി<br>പ്രഭുകുമാർ<br>രാംജി<br>സുനിൽ | 180<br>180<br>180<br>180 | 320<br>320<br>320<br>320 |
| മജിസ്റ്റിക് സെറിമോണൽസ് | മഞ്ജു<br>കെ.എൻ. | 600<br>600 | 750<br>750 |

| | | | |
|---|---|---|---|
| | പ്രിയ കെ.പി.<br>ബിജിനി വി.എസ്.<br>ശാലി കെ.വി. | 600<br>600 | 750<br>750 |
| ന്യൂ ഓപ്പർച്യൂണിറ്റി | ജിഷ്ണു<br>സുജിത്<br>ജിൻജിത്<br>ഷൈൻ | 600<br>600<br>600<br>600 | 750<br>750<br>750<br>750 |
| റോസ്ലിൻ ഡെന്റൽ കെയർ | ഡോ. രേവതി<br>ഫസീല | 600<br>300 | 750<br>600 |
| സിഎസ്എം സെന്ട്രൽ സ്കൂൾ | നൂർജഹാൻ<br>ഫസീല<br>ഹൃദ്യ<br>ലീന | 600<br>600<br>600<br>600 | 750<br>750<br>750<br>750 |

മേൽ പറഞ്ഞവർ പരിഷ്കരിച്ച തൊഴിൽ നികുതി സ്ലാബിനനുസരിച്ച് തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം. 24/21.7.25) മറുപടി ലഭ്യമാക്കിയില്ല. മേൽ ഉത്തരവ് പ്രകാരമുള്ള തൊഴിൽ നികുതി വർദ്ധനവ് രണ്ടാം അർദ്ധ വർഷം മുതൽ പ്രാബല്യത്തിൽ വരുത്തി, കുടിശ്ശിക തുക ഈടാക്കി തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

4. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ലൈഫ് കെയർ മെഡിക്കൽസ് | 3 |
| 2 | കെ.എൽ.എഫ്. നിർമ്മൽ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, തളിക്കുളം | 4 |
| 3 | ഫോർ ടെക്ക് | 4 |
| 4 | വീരാൻ ടയേഴ്സ് | 5 |
| 5 | ബാബ ട്രേഡിംഗ് കമ്പനി | 4 |
| 6 | ഫാമിലി സൂപ്പർ മാർക്കറ്റ് | 6 |
| 7 | മാളിയേക്കൽ എന്റർപ്രൈസസ് | 22 |
| 8 | ഹയ മെഡിസിൻസ് | 4 |
| 9 | മൊസ്റ്റാർ പാക്ക് | 7 |
| 10 | പ്ലാക്കാട്ട് ടയേഴ്സ് | 4 |

മേൽ ജീവനക്കാരിൽ നിന്നും 2024-25 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി ഈടാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/21.7.25) മറുപടി ലഭ്യമാക്കിയില്ല. 1994 ലെ പഞ്ചായത്ത് രാജ് നിയമം,

1996 ലെ തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും, അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. ആയതിനാൽ മേൽ പട്ടികയിലെ സ്ഥാപന ഉടമകൾക്ക് നോട്ടീസ് നൽകേണ്ടതും, പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർ തൊഴിൽനികുതി നിർണ്ണയ സ്ലാബിൽ ഉൾപ്പെടുന്നുണ്ടെങ്കിൽ നിയമാനുസൃത തൊഴിൽനികുതി ഈടാക്കേണ്ടതുമാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തെ മതപഠനശാലകളുടെ ഗണത്തിൽപ്പെടുത്തി നികുതി ഒഴിവ് നൽകി

2024-25 അദ്ധ്യയനവർഷം ആരംഭിക്കുന്നതിനു മുൻപായി പഞ്ചായത്തിലെ സ്കൂളുകൾ, ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായി അപേക്ഷിച്ചിട്ടുള്ള ഫയൽ പരിശോധിച്ചതിൽ, 27.05.2024 തീയതിയിൽ മോഡൽ ഹൈസ്കൂൾ, പുതിയങ്ങാടി എന്ന അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്. വസ്തു നികുതി ഡാറ്റാ ബേസായ സഞ്ചയ സോഫ്റ്റ്വെയറിൽ പ്രസ്തുത സ്ഥാപനത്തിന്റെ വിവരങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ, വാടാനപ്പള്ളി ഓർഫനേജ് കമ്മിറ്റിയുടെ കീഴിലുള്ള ടി വിദ്യാഭ്യാസ സ്ഥാപനത്തെ ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിലുൾപ്പെടുത്തിയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടമായി നികുതി നിർണ്ണയിച്ച ശേഷം കെട്ടിടം നിലവിൽ വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടമായിട്ടാണ് ഉപയോഗിക്കുന്നത്.

2. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994, വകുപ്പ് 207(1)ബിഎ പ്രകാരം സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കന്ററി തലം വരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളെയും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളെയും വസ്തു നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ടി ഖണ്ഡിക, 2023 ലെ 18-ാം ആക്ട് {28.03.2023-ലെ നമ്പർ 15(2)/ലെഗ്.എ2/2023/നിയമം, 2023 ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്റ്റ്} പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. സർക്കാരിന്റെ ഉടമസ്ഥതയിൽ അല്ലാത്തതും സർക്കാരിന്റെ ധനസഹായത്തോടെയല്ലാതെ പ്രവർത്തിക്കുന്നതുമായ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നിലവിൽ വസ്തു നികുതി ചുമത്താവുന്നതാണ്.
9/478 നമ്പറിൽ 1321 ച.മീ വിസ്തീർണ്ണമുള്ള ടി സ്കൂൾ കെട്ടിടത്തിന് നിലവിൽ വസ്തുനികുതി ഈടാക്കുന്നില്ല. 'സഞ്ചയ' പരിശോധിച്ചതിൽ, 1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം, സെക്ഷൻ 207(1) എ പ്രകാരം വസ്തുനികുതി അടവാക്കുന്നതിൽ നിന്നും കെട്ടിടത്തെ ഒഴിവാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. പൊതു ആരാധനക്കായി നീക്കിവച്ചിട്ടുള്ളതും യഥാർത്ഥത്തിൽ അപ്രകാരം ഉപയോഗിക്കുന്നതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്കുപയോഗിക്കുന്നതുമായ മതപഠനശാലകൾക്കാണ് സെക്ഷൻ 207(1) എ പ്രകാരം നികുതി ഒഴിവു നൽകിയിട്ടുള്ളത്.

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ :22/21.07.2025), മറുപടി ലഭ്യമാക്കിയില്ല. കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235എഎ(1)-ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)-ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. ഇപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി വകുപ്പ് 235 എഎ (3) ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം

പ്രത്യേക നമ്പർ അനുവദിച്ച് നിർമ്മാണം പൂർത്തീകരിച്ച വർഷം മുതൽ കെട്ടിടഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്.

വിദ്യാഭ്യാസ ആവശ്യത്തിനായി ഉപയോഗിച്ചു വരുന്ന കെട്ടിടം ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കെട്ടിടം ക്രമവൽക്കരിക്കുന്നതുവരെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235എഎ(1)-ലെ വ്യവസ്ഥ പ്രകാരമുള്ള വസ്തുനികുതി നിർണ്ണയിച്ച് നാളിതു വരെയുള്ള നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു - തുടർ നടപടി സ്വീകരിക്കേണ്ടതാണ്

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232 പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് അനുവദിക്കൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾക്ക് പഞ്ചായത്തിൽ നിന്നും അനുവദിക്കുന്ന ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ നിർദ്ദേശിക്കുന്ന നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാണ്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് രജിസ്റ്റർ പ്രകാരം 2024-25 സാമ്പത്തികവർഷം ആകെ 385 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

ഹരിതകർമ്മസേന ഫീൽഡ് പരിശോധന നടത്തി ഡാറ്റാ സർവ്വേ പൂർത്തിയാക്കി ഹരിതമിത്രം ക്യു.ആർ കോഡ് പതിച്ച ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | എണ്ണം |
|---|---|---|
| 1 | ഷോപ്പുകൾ | 445 |
| 2 | ഹോട്ടലുകൾ | 22 |
| 3 | സലൂൺ/സ്പാ | 13 |
| 4 | കശാപ്പുശാലകൾ | 1 |
| 5 | ഓഫീസ് കെട്ടിടങ്ങൾ | 53 |
| 6 | വിദ്യാഭ്യാസ സ്ഥാപനങ്ങൾ | 32 |
| 7 | ഓഡിറ്റോറിയം | 4 |
| 8 | ഹെൽത്ത്കെയർ ഇൻസ്റ്റിറ്റ്യൂഷൻസ് | 12 |

ഹരിതമിത്രം സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം കച്ചവട സ്ഥാപനങ്ങൾ മാത്രം 480 എണ്ണം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആകെ 385 സ്ഥാപനങ്ങൾക്കു മാത്രമേ പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ളൂ. പഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 2024-25 സാമ്പത്തിക വർഷം സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം. 26/21.07.25 ), മറുപടി ലഭ്യമാക്കിയില്ല. ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി, പഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.റിസോർട്ടുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

സഞ്ചയ പരിശോധിച്ചതിൽ റിസോർട്ട് ഗണത്തിൽ ഉപയോഗക്രമം രേഖപ്പെടുത്തി വസ്തു നികുതി അടവാക്കി വരുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.

| കെട്ടിട നം | കെട്ടിട ഉടമയുടെ പേര് |
|---|---|
| 9/277-293 | രഞ്ജിത് മാത്യു<br>മാനേജിംഗ് ഡയറക്ടർ<br>നാട്ടിക ബീച്ച് റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് |
| 9/294 – 298 | രഞ്ജിത് മാത്യു<br>നാട്ടിക ബീച്ച് ആയുർവേദ ആന്റ് യോഗ സെന്റർ പ്രൈവറ്റ് ലിമിറ്റഡ് |
| 9/303 - 307 | സദാനന്ദൻ കെ.കെ.<br>നിഷ സദാനന്ദൻ<br>കൊച്ചിപറമ്പത്ത് |
| 9/506 G - I | സദാനന്ദൻ കെ.കെ.<br>കൊച്ചിപ്പാടത്ത് |

ഇതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം. 26/21.07.25 ) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന റിസോട്ടുകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232 പ്രകാരമുള്ള നിയമാനുസൃത ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് 1996-ലെ കേരള പഞ്ചായത്ത് രാജ് വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് അനുവദിക്കൽ ചട്ടങ്ങൾ, ചട്ടം 26 പ്രകാരം ശിക്ഷാർഹമാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 255 പ്രകാരം ചട്ട ലംഘനത്തിന് ആയിരം രൂപയോളം വരുന്ന പിഴയോ അഥവാ തുടർന്നു കൊണ്ടിരിക്കുന്ന ലംഘനത്തിന്റെ കാര്യത്തിൽ ആദ്യത്തെ ലംഘനത്തിന് കുറ്റസ്ഥാപനം ചെയ്തതിനുശേഷം ലംഘനം തുടരുന്ന ഓരോ ദിവസത്തേക്കും അമ്പതു രൂപയിൽ കവിയാത്ത പിഴയോ ചുമത്താവുന്നതുമാണ്. എന്നാൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കുമേൽ ഇത്തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടില്ല. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-17 അനധികൃത കെട്ടിടത്തെ UA രജിസ്റ്ററിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല.

1. 10-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന തളിക്കുളം വികാസ് ട്രസ്റ്റ് റൂറൽ അപ്പാരറ്റസ് പാർക്കിന്റെ ഉടമസ്ഥതയിലുള്ള 10/194 എ, 10/194 ബി, 10/194 സി, 10/194 ഡി എന്നീ നമ്പരുകൾ ഉള്ള കെട്ടിടങ്ങൾ CRZ പരിധിയിൽ വരുന്നതിനാൽ അനധികൃതകെട്ടിടങ്ങൾ ആയാണ് വസ്തു നികുതി ഡാറ്റാബേസ് ആയി ഉപയോഗിച്ചിരുന്ന സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തേണ്ടിയിരുന്നത്. എന്നാൽ സഞ്ചയസോഫ്റ്റ് വെയറിൽ ടി കെട്ടിടങ്ങൾ നിയമാനുസൃത കെട്ടിടങ്ങൾ ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതുമൂലം പഞ്ചായത്തിന് വരുമാനനഷ്ടം സംഭവിക്കുന്നുണ്ടെന്നതിനാൽ ടി കെട്ടിടങ്ങളെ അനധികൃത കെട്ടിടമാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുള്ളതാണ്(ഭരണസമിതി തീരുമാനം 19(1)/30.10.2024).

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള കെട്ടിടങ്ങളുടെ നികുതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന്റെ തരം | 2019 ആദ്യ അർദ്ധവർഷം മുതൽ 2024 |
|---|---|---|---|

| | | | |
|---|---|---|---|
| | | | രണ്ടാം അർദ്ധവർഷം വരെയുള്ള കുടിശ്ശിക(Rs.) |
| 10/194 A | 4284.00 | ഇതരവ്യവസായങ്ങൾക്കുള്ള കെട്ടിടങ്ങൾ | 4,18,617 |
| 10/194 B | 1114.27 | അസംബ്ലി കെട്ടിടം | 2,37,550 |
| 10/194 C | 850.82 | അസംബ്ലി കെട്ടിടം | 1,81,390 |
| 10/194 D | 1137.08 | അസംബ്ലി കെട്ടിടം | 2,42,417 |
| ആകെ | 7386.17 | | 10,79,974 |

സഞ്ചയ പരിശോധിച്ചതിൽ മേൽ കെട്ടിടങ്ങളെ 31.03.2025 വരെയും നിയമാനുസൃതമല്ലാതെ നിർമ്മാണങ്ങൾക്ക് നൽകുന്ന 'യു.എ' നമ്പർ നൽകി അപ്രകാരമുള്ള വസ്തു നികുതി ഈടാക്കി ഡിമാന്റ് ചെയ്തിട്ടില്ല. മാത്രമല്ല, 2019 മുതലുള്ള നികുതിക്കുടിശ്ശിക ഈടാക്കിയിട്ടുമില്ല. നിലവിൽ പ്രസ്തുത കെട്ടിടങ്ങൾക്ക് 'യു.എ' നമ്പർ നൽകി വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും നാളിതു വരെയുള്ള വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 35/23.07.2025), മറുപടി ലഭ്യമാക്കിയിട്ടില്ല.

2. 01.06.2007 തീയതിയിലെ ജി.ഒ.(ആർ.ടി) 2427/2007/പൊതുവിദ്യാഭ്യാസം നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ അൺഎയ്ഡഡ് ഉൾപ്പടെയുള്ള സ്കൂളുകളിൽ പരിശോധിക്കേണ്ടതും സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതുമാണ്. 30.12.2016 തീയതിയിലെ 792455 ഇ.ഡബ്ല്യു3/2016/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം പ്രീ-പ്രൈമറി സ്കൂളുകൾ ഉൾപ്പടെ എല്ലാ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളും അദ്ധ്യയനവർഷം ആരംഭിക്കുന്നതിനു മുൻപായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ അനുവദിക്കുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എടുക്കേണ്ടതാണെന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നില്ല എന്ന് സ്ഥാപനമേധാവി ഉറപ്പ് വരുത്തേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 12.09.2011 തീയതിയിലെ 42448.ഡബ്ല്യു3/2011/ തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലർ പ്രകാരം നിയമാനുസൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്കു മാത്രമാണ് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് അനുവദിക്കാവുന്നത്.

2024-25 അദ്ധ്യയനവർഷം ആരംഭിക്കുന്നതിനു മുൻപായി പഞ്ചായത്തിലെ സ്കൂളുകൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായി അപേക്ഷിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ, 29.05.2024 തീയതിയിൽ സി.എസ്.എം സെൻട്രൽ സ്കൂൾ എന്ന വിദ്യാഭ്യാസ സ്ഥാപനത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്. സ്കൂൾ മാനേജർ ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായി സമർപ്പിച്ച അപേക്ഷപ്രകാരമുള്ള കെട്ടിടത്തിന്റെ പ്ലാൻ പരിശോധിച്ചതിൽ കെട്ടിടത്തിന്റെ ആകെ ഫ്ലോർ ഏരിയ 4261.93 ച.മീറ്ററും ആകെ കാർപ്പെറ്റ് ഏരിയ 3835.74 ച.മീറ്ററുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കെട്ടിടത്തിന്റെ ബിൽറ്റ് അപ് ഏരിയ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല.

വസ്തുനികുതി ഡാറ്റാബേസ് ആയ സഞ്ചയ പരിശോധിച്ചതിൽ പഞ്ചായത്തിലെ പ്രകാരം പ്രസ്തുത സ്കൂൾ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം ചുവടെ കൊടുത്തിരിക്കും പ്രകാരമാണ്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം(ച.മീ) |
|---|---|---|
| 1 | 4/210 | 1039.20 |
| 2 | 4/211 | 448.73 |
| ആകെ | | 1487.93 |

പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനത്തിന് മേൽകൊടുത്തിരിക്കുന്ന കെട്ടിടനമ്പറുകൾ കൂടാതെ മറ്റു നമ്പറുകൾ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും അധികമായി നടത്തിയ നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 20/21.07.2025), മറുപടി ലഭ്യമാക്കിയില്ല.

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)-ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)-ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയ്യതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. ഇപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടതും, എന്നാൽ ക്രമവൽക്കരിക്കുവാൻ സാധിക്കുന്നതുമായ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ക്രമവൽക്കരിക്കുവാൻ സാധിക്കാത്ത പക്ഷം കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235 W പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതുവരെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)-ലെ വ്യവസ്ഥ പ്രകാരമുള്ള വസ്തുനികുതി നിർണ്ണയിച്ച് നാളിതു വരെയുള്ള നികുതി, കുടിശ്ശികയടക്കം ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 CRZ മേഖലയിലെ അനധികൃത നിർമ്മാണം- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2019 ലെ CRZ വിജ്ഞാപനം അനുസരിച്ച്, കേരള തീരദേശ പരിപാലന അതോറിറ്റി തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ട് പ്രകാരം തളിക്കുളം ഗ്രാമപഞ്ചായത്തിലെ തീരദേശം CRZ III A കാറ്റഗറിയിൽ ഉൾപ്പെടുന്നതാണ്. ഇത്തരം മേഖലകളിൽ വേലിയേറ്റത്തിന്റെ ഹൈടൈഡ് ലൈനിൽ നിന്നും 50 മീറ്ററിനുള്ളിൽ നിർമാണ പ്രവർത്തനങ്ങൾ അനുവദനീയമല്ല. 2019 ലെ കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 5 ലെ ഉപചട്ടം 4 പ്രകാരം തീരദേശ നിയന്ത്രണ മേഖലയുടെ കീഴിൽ വരുന്ന നിർമ്മിതി വിസ്തൃതി 300 ചതുരശ്ര മീറ്റർ വരെയുള്ള ഏക കുടുംബ വാസഗൃഹ കെട്ടിടങ്ങൾക്ക് പ്രാബല്യത്തിലുള്ള തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനത്തിലെ പ്രസക്തമായ വ്യവസ്ഥകൾക്ക് അനുസൃതമായി സെക്രട്ടറിക്ക് അനുമതിപത്രം നൽകാവുന്നതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ 06/05/2024 ലെ 14-ാം നമ്പർ തീരുമാന പ്രകാരം CRZ മേഖലയിൽ നടക്കുന്ന അനധികൃത നിർമ്മാണങ്ങൾ പരിശോധിക്കുന്നതിന് വാർഡ് ക്ലർക്കുമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതും ഗ്രാമപഞ്ചായത്തിലെ കടൽത്തീരത്തോട് ചേർന്ന് നിർമിച്ചിട്ടുള്ള കെട്ടിടനമ്പർ നൽകുകയോ, വസ്തുനികുതി ഈടാക്കുകയോ ചെയ്തിട്ടില്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നതിന് 27.02.2025 ലെ 9 (2) തീരുമാനപ്രകാരം ഭരണസമിതിയോഗം ഐക്യകണ്ഠേന അംഗീകരിച്ചിട്ടുള്ളതുമാണ്. CRZ മേഖലയിൽ നിർമിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങളും മേൽ തീരുമാന പ്രകാരം സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം.39/25.7.25) മറുപടി ലഭ്യമാക്കിയിട്ടില്ല. CRZ വിജ്ഞാപനവും 2011 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളും പാലിക്കാതെ നിർമിച്ചിട്ടുള്ള അനധികൃത കെട്ടിടങ്ങൾക്ക്, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 (2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടം, നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന "യു.എ." എന്നും അനധികൃത

നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നമ്പർ നൽകേണ്ടതും, ഇപ്രകാരം കെട്ടിട നമ്പർ നൽകുന്നത് 235 എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിന് വേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതും മറ്റ് യാതൊരു ആവശ്യങ്ങൾക്കും ഗ്രാമ പഞ്ചായത്തോ കെട്ടിട ഉടമയോ പ്രസ്തുത കെട്ടിട നമ്പർ ഉപയോഗപ്പെടുത്തുവാൻ പാടില്ലാത്തതുമാകുന്നു. വകുപ്പ് 235 എഎ(1) പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ, അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ, കെട്ടിടംപണി പൂർത്തിയാക്കുകയോ അത് 203-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നതെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നല്കുവാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്കെതിരെ മേൽ വകുപ്പുകളും ചട്ടങ്ങളും പ്രകാരവുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

**<u>1-19 ദേശീയപാത 66 വികസനം- നഷ്ടപരിഹാരതുക ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും തുക ലഭ്യമാക്കി വിവരം അറിയിക്കേണ്ടതുമാണ്</u>**

ദേശീയപാത 66 വികസനത്തിന്റെ ഭാഗമായി തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ മാർക്കറ്റ് ഹാൾ നിലനിന്നിരുന്ന കെട്ടിടവും പഞ്ചായത്ത് ഓഫീസ് കെട്ടിടം നിലനിന്നിരുന്ന സ്ഥലവും ഏറ്റെടുത്തതുമായി ബന്ധപ്പെട്ടുള്ള നഷ്ടപരിഹാര തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഏറ്റെടുത്ത ഭൂമി/ കെട്ടിടം | ദേശീയ പാത ലാന്റ് അക്വിസിഷൻ ഡെപ്യൂട്ടി കളക്ടറുടെ ഉത്തരവ് | തീയതി | ഏറ്റെടുത്ത ഭൂമി (ആർ) | ഏറ്റെടുത്ത ഭൂമിയുടെയും മറ്റു ആസ്തിക ളുടെയും ആകെ തുക | നഷ്ട പരിഹാര ത്തുക |
|---|---|---|---|---|---|---|
| 1 | പഞ്ചായത്ത് ഓഫീസ് നിലനിന്നിരുന്ന സ്ഥലം | 02/2021-LA2/TAL/011458/2021 | 22.12.23 | .0020 | 3,78,663.60 | 7,57,327.20 |
| 2 | പഞ്ചായത്ത് ഓഫീസ് നിലനിന്നിരുന്ന കെട്ടിടം | 03/2021-LA2/TAL/011344/2021 | 22.12.23 | .0143 | 77,16,837.32 | 1,54,33,674.64 |
| 3 | മാർക്കറ്റ് ഹാൾ നില നിന്നിരുന്ന സ്ഥലവും കെട്ടിടവും | 03/2021-LA2/TAL/011183/2021 | 24.08.23 | .0748 | 2,79,56,491.12 | 5,59,12,982.24 |
| | | | ആകെ | 0.09 | 3,60,51,992.04 | 7,21,03,984.08 |

പഞ്ചായത്ത് മാർക്കറ്റ് സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെയും അതിൽ നിലനിന്നിരുന്ന കെട്ടിടങ്ങളുടെയും നഷ്ടപരിഹാര തുക 5,59,12,982 രൂപയും പഞ്ചായത്ത് ഓഫീസ് നിലനിന്നിരുന്ന സ്ഥലത്തിന്റെയും, കെട്ടിടത്തിന്റെയും നഷ്ടപരിഹാര തുകയായി യഥാക്രമം 757327 രൂപയും 1,54,33,674 രൂപയും കൊടുങ്ങല്ലൂർ സബ്ബ് ട്രഷറിയിൽ 0075-00-105-98 എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുമെന്ന് ദേശീയ പാത ലാന്റ് അക്വിസിഷൻ ഡെപ്യൂട്ടി കളക്ടറുടെ മേൽ പട്ടികയിലെ ഉത്തരവുകളിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. നഷ്ടപരിഹാരത്തുക മേൽ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടോയെന്ന് ഉറപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ആവശ്യപ്പെട്ടതിനെ തുടർന്ന് ടി വിഷയത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് തൃശ്ശൂർ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ, ദേശീയപാത വികസനത്തിന്റെ ഭാഗമായി പഞ്ചായത്തിന്റെ സ്ഥലവും കെട്ടിടങ്ങളും ഏറ്റെടുത്തതിന്റെ നഷ്ടപരിഹാരത്തുക കൊടുങ്ങല്ലൂർ സബ്ബ് ട്രഷറിയിലെ 0075-00-105-98 നമ്പർ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്ന മുറക്ക് നഷ്ടപരിഹാര തുക അനുവദിക്കുന്നതാണെന്ന് മേൽ ഉത്തരവുകളിൽ സൂചിപ്പിച്ചിട്ടുള്ളതാണെങ്കിലും ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. നാളിതുവരെയായി നഷ്ടപരിഹാരം പഞ്ചായത്തിന് ലഭ്യമായിട്ടുമില്ല. കൊടുങ്ങല്ലൂർ സബ്ബ് ട്രഷറിയിലെ 0075-00-105-98 നമ്പർ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടോ എന്ന് തെളിയിക്കുന്ന രേഖകളും തുക ലഭ്യമാക്കുവാൻ സ്വീകരിച്ച തുടർനടപടിവിവരങ്ങളുടെ

വിശദാംശങ്ങളും തുക ലഭിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(40/25.07.2025), മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ടപരിഹാരത്തുക കൊടുങ്ങല്ലൂർ സബ്ബ് ട്രഷറിയിലെ മേൽ പരാമർശിച്ചിട്ടുള്ള അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടോ എന്നുറപ്പാക്കേണ്ടതും തുക പഞ്ചായത്തിന് ലഭ്യമാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർനടപടിവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 വനിതാ ദിനത്തിൽ സെക്കൻഡ്ഷോ പ്രദർശനത്തിന് വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു.

പ്രോജക്റ്റ് നം.34/25 ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ

വകയിരുത്തിയ തുക 2,00,000 (വികസന ഫണ്ട്)

ചെലവഴിച്ച തുക. 97,314

തുക.27,576 വൗച്ചർ നം. 42401907/18.03.2025

വനിതാ ദിനത്തിൽ സെക്കൻഡ് ഷോ സിനിമാ പ്രദർശനത്തിൽ പങ്കെടുക്കുന്നതിന് 150 വനിതകൾക്ക് ടിക്കറ്റുകൾ എടുത്തതിന് വികസന ഫണ്ടിൽ നിന്ന് 20,076 രൂപയും, ഭക്ഷണചെലവിനത്തിൽ 7,500 രൂപയും മേൽ വൗച്ചർ പ്രകാരം പ്രോജക്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം.36/24.07.2025) വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരമാണ് ഇത്തരത്തിൽ തുക ചെലവഴിച്ചിട്ടുള്ളത് എന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്.

വനിതാ ശിശുവികസന വകുപ്പ് മുഖേന വനിതാ ദിനാചരണം സംഘടിപ്പിക്കുന്നതിനായി ജില്ലാ തലത്തിൽ തുക അനുവദിച്ച് 01.03.2025 ലെ നം. DWCD/2027/2024-WEC1 ഭരണാനുമതി ഉത്തരവ് ശിശുവികസന വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. പരിപാടി സംഘടിപ്പിച്ചതിനു ശേഷം ചെലവഴിച്ച തുക അനുവദിച്ചു കിട്ടുന്നതിനായി ശിശുവികസന ഓഫീസർമാർ ഡോക്യുമെന്റേഷൻ റിപ്പോർട്ടും, വരവ്-ചെലവ് പട്ടികയും, ധനവിനിയോഗ സാക്ഷ്യപത്രവും അതാത് ജില്ലാ ശിശുവികസന ഓഫീസർമാർക്ക് സമർപ്പിക്കുന്നതിനും ഈ ഉത്തരവിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്.

വനിതാ ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും അന്താരാഷ്ട്ര വനിതാദിനം മാർച്ച് 8 ന് ആചരിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്ഥാപനത്തിന്റെ ഫണ്ട് വിനിയോഗിച്ചോ, സ്പോൺസർഷിപ്പിലൂടെയോ, വകുപ്പുമായി സഹകരിച്ച് സ്ത്രീകൾക്ക് വേണ്ടി സെക്കൻഡ് ഷോ സിനിമ സംഘടിപ്പിക്കുന്നതിന് നം.DWCD/2027/2024-WEC1 കത്തിലൂടെ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നത് പരിഗണിച്ച 27.02.2025 ലെ ഭരണസമിതി യോഗം JK Cinemas, Nattika തിയേറ്ററിൽ സെക്കൻഡ് ഷോ പ്രദർശനം സംഘടിപ്പിക്കുന്നതിനും ആയതിലേക്ക് ചെലവു വരുന്ന തുക ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ കണ്ടിജൻസി ചെലവുകളിൽ നിന്നും വഹിക്കുന്നതിന് 14 (10)നമ്പറായി ഐക്യകണ്ഠേന തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

ചെലവു രേഖകളും ധനവിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കുന്ന മുറയ്ക്ക് ചെലവഴിച്ച തുക വനിതാശിശുവികസന വകുപ്പിൽ നിന്നും തിരികെ ലഭിക്കുമെന്നിരിക്കെ വികസന ഫണ്ടിൽ നിന്നും ഇത്തരത്തിൽ തുക ചെലവഴിക്കുന്നത് നിയമാനുസൃതമല്ല. 28.05.2022ലെ സ.ഉ.(കൈ)നം.115/2022/ ത.സ്വ.ഭ.വ.ഉത്തരവിൽ ഈ ആവശ്യത്തിനായി തുക ചെലവഴിക്കുന്നതിന് അനുമതി ഇല്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 27,576 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വനിതാ ശിശുവികസന വകുപ്പിൽ നിന്നും തുക ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 അനുപൂരക പോഷകാഹാര പദ്ധതി-കേന്ദ്രവിഹിതം ചെലവാക്കിയിട്ടില്ല-തുടർ നടപടി സ്വീകരിക്കണം

ഗ്രാമപഞ്ചായത്തിൽ അനുപൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്ര വിഹിതമായി ലഭിച്ച തുകയിൽ 2024-25വർഷാവസാനത്തിൽ 27,64,253 രൂപ നീക്കിയിരിപ്പുള്ളതായി വാർഷിക ധനകാര്യപത്രിക B4 സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തി കാണുന്നു.

കേന്ദ്രവിഹിതമായി ലഭിക്കുന്ന തുകയിൽ ബാക്കി നിൽക്കുന്ന തുക കൈകാര്യം ചെയ്യുന്നതു സംബന്ധിച്ച General Finance Rules 2017 Rule 230ലെ വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

230 (7) Unspent Balances: When Recurring Grants-In-Aid Are Sanctioned To The Same Institution Or Organisation For The Same Purpose, The Unspent Balance Of The Previous Grant Should Be Taken Into Account In Sanctioning The Subsequent Grant. For This Purpose, The Programme Division Of Ministries/Department Shall Take Help Of PFMS Portal To Know The Bank Balance Of The Recipients Before Making Each Release. The Instructions Of Department Of Expenditure Regarding The Use Of PFMS Portal For Central Sector Schemes Issued From Time To Time Shall Be Strictly Followed By All Ministries/ Departments. The Principles Of 'Just In Time Release', Should Be Applied For Releases In Respect Of All Payments To The Extent Possible. The Following Broad Principles Shall Be Adhered To:

(I) Cash Balance At A Time Should Preferably Not Be More Than 3 Months Of Requirements

(Ii) Funds Should Be Released As Per Actual Requirements And That Sanction May Precede The Release Of Funds, Though Its Validity May Be Limited To That Financial Year.

Rule 230 (8) All Interests Or Other Earnings Against Grants In Aid Or Advances (Other Than Reimbursement) Released To Any Grantee Institution Should Be Mandatorily Remitted To The Consolidated Fund Of India Immediately After Finalisation Of The Accounts. Such Advances Should Not Be Allowed To Be Adjusted Against Future Releases.

ഇതു പ്രകാരം നീക്കിയിരുപ്പുള്ള തുക അടുത്ത ഗ്രാന്റ് തുകയിൽ ക്രമീകരിക്കുന്നതിനും അഡ്വാൻസായി തുക അനുവദിക്കുന്ന സംഗതികളിൽ പലിശ ഉൾപ്പെടെ കണക്കുകൾ അന്തിമമാക്കിയശേഷം ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടവാക്കുന്നതിനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിൽ അനുപൂരക പോഷകാഹാര പദ്ധതിയുടെ കേന്ദ്ര വിഹിതം കൈകാര്യം ചെയ്യുന്നതിനായി പ്രത്യേകമായി അക്കൗണ്ട് ഇല്ല. ഇതിനായി പ്രത്യേക അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.

സി.ഡി.പി.ഒ മുഖേന ഗ്രാമപഞ്ചായത്തിന് കൈമാറുന്ന പ്രോജക്ട് തുക തനതുഫണ്ടിൽ നിക്ഷേപിക്കുകയാണ് നിലവിൽ ചെയ്തു വരുന്നത്. പോഷകാഹാര വിതരണത്തിനായി ഗ്രാമപഞ്ചായത്ത് തൻവർഷത്തിൽ 19/25ജനറൽ, 31/25 എസ്.സി.പി എന്നിങ്ങനെ പ്രോജക്ട് രൂപീകരിച്ചിട്ടുണ്ടെങ്കിലും ജനറൽ വിഭാഗത്തിൽ വകയിരുത്തിയ കേന്ദ്രാവിഷ്കൃത ഫണ്ട് 8 ലക്ഷം രൂപയിൽ 2,50,555 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. എസ്.സി.പി. പ്രോജക്ടിൽ വകയിരുത്തിയ ഒരു ലക്ഷം രൂപയിൽ തുക ഒന്നും തന്നെ ചെലവഴിച്ചിട്ടില്ലായെന്നും കണ്ടു.

03.09.2010ലെ നം.39033/DC2/10 ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം അനുപൂരക പോഷകാഹാര പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്രവിഹിതം തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ 50% തുക കെട്ടിടമില്ലാത്ത അംഗൻവാടികളുടെ കെട്ടിട നിർമ്മാണത്തിനോ അല്ലാത്ത പക്ഷം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ കളിയുപകരണങ്ങൾ, പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനോ വിനിയോഗിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

അനുപൂരക പോഷകാഹാര പദ്ധതിയുടെ കേന്ദ്രവിഹിതമായി നിലവിൽ ലഭിക്കുന്ന 60% തുക യഥാസമയം പ്രോജക്ടിലുൾപ്പെടുത്തി ചെലവഴിക്കാത്തതു മൂലമാണ് ഇത്തരത്തിൽ തുക അവശേഷിക്കാൻ ഇടയായിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ അനുപൂരക പോഷകാഹാര പദ്ധതിയിൽ മതിയായ തുക കേന്ദ്രവിഹിതമായി വകയിരുത്തിയിട്ടുമില്ല. മതിയായ തുക വകയിരുത്തുന്നതിനും, അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തിലും അഡ്വാൻസായി ലഭിക്കുന്ന കേന്ദ്രവിഹിതം യഥാസമയം പദ്ധതിയിലുൾപ്പെടുത്തി ചെലവഴിക്കാതിരുന്നാൽ ആയത് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടി വന്നേക്കാം എന്നതിനാൽ തുക യഥാസമയം വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 പട്ടിക ജാതി വനിതകൾക്ക് സ്വയം തൊഴിലിനു ടൂവീലർ -പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ

നിർവ്വഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

| | |
|---|---|
| പ്രോജക്റ്റ് നം. | 135/25 |
| അടങ്കൽ | 9,00,000 (എസ് സി പി-വികസനഫണ്ട്)<br>9,00,000 (ഗുണഭോക്തൃ വിഹിതം)<br>------------<br>18,00,000 |
| ചെലവ് | 721932 (എസ് സി പി-വികസനഫണ്ട്)<br>716932 (ഗുണഭോക്തൃ വിഹിതം)<br>------------<br>1438864/-(48270-42401873/15.03.25<br>47785-42401898/18.03.25<br>1,96,456-42401844/10.03.25 |

| |
|---|
| 98838-42401816/24.03.25 |
| 98902-42401823/4.03.25 |
| 1,38,068 –42401802/14.03.25 |
| 93613 -42401797/11.02.25) |
| ---------- |
| 7,21,932 |

മേൽ പ്രോജക്ടു പ്രകാരം ആകെ 15 ഗുണഭോക്താക്കൾക്ക് ഇരുചക്ര വാഹനം വിതരണം ചെയ്തിട്ടുള്ളതും, ആകെ 14,38,864 രൂപ ഗുണഭോക്തൃ വിഹിതമുൾപ്പടെ പ്രോജക്ടിനായി ചെലവഴിച്ചിട്ടുള്ളതുമാണ്. തൊഴിൽ രഹിതരായവർക്ക് ഇരുചക്രവാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തിവരുന്നവരോ അപ്രകാരം ചെയ്യുന്നതിന് തയ്യാറുള്ളവർക്കോ ആണ് ആനുകൂല്യം വിതരണം ചെയ്യേണ്ടതെന്ന് സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022 ത.സ്വ.ഭ.വ., തീയ്യതി 28.05.22 ഉത്തരവിന്റെ ഖ.6.5.2.(എ) സ്വയംതൊഴിൽ സംരംഭങ്ങളിലെ ക്രമനമ്പർ 10പ്രകാരം നഷ്കർഷിച്ചിട്ടുള്ളതാണ്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)ഗുണഭോക്താക്കൾ തൊഴിൽ രഹിതരോ ഇരുചക്ര വാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തി ഉപജീവനം നടത്തുന്നവരോ/അപ്രകാരം ചെയ്യാൻ തയ്യാറുള്ളവരോ ആയിരിക്കണം. അനുവദിച്ചു കിട്ടിയ ഇരുചക്രവാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തിവരുന്നുണ്ടോ എന്ന് ഉറപ്പുവരുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)താഴെ പറയുന്ന ഗുണഭോക്താക്കളുടെ വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1. പ്രസീന കൊടുവള്ളത്തുപറമ്പിൽ,
2.ശാലിനി പ്രതീപ്,കോരോട്ട്ഹൗസ് ,തളിക്കുളം പി.ഒ.
3. അഞ്ജലി സജീവ്, പട്ടാട്ട്
4. ആതിര കെ.യു, കാളക്കൊടുവത്ത്, തളിക്കുളം പി.ഒ.
5. ആദിത്യ സി.ജെ., ചക്കാലപ്പുറത്ത്.
6.നന്ദന അനീഷ്, തൂമാട്ട്.
7. രേഷ്മ കൊടുവത്തുപറമ്പിൽ
8. നേഹബിനീഷ്, കാളക്കൊടുവത്ത്.
9. സൗമ്യ. എസ്., ചെമ്പനാടൻ
10.സീന.കെ.കെ, കല്ലയിൽ ഹൗസ്
11.ആതിര, കാളക്കൊടുവത്ത്
12. രാധിക, ചക്കാണ്ടൻ
13. ലിസ, കോറോട്ട്
14.ഐശ്വര്യ,വാരാപ്പിള്ളി
15.ലിജിഷ.കെയു., കൊടുവത്തുപറമ്പിൽ

ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുമ്പോൾ ഗുണഭോക്താക്കൾക്ക് ഒരു പ്രത്യേക ഐ.ഡി നമ്പർ സൂക്ഷിക്കേണ്ടതാണ്. ആയത് ഇവിടെ പാലിച്ചിട്ടില്ല.മേൽപ്പറഞ്ഞവരുമായി കരാറുടമ്പടി ചമച്ചിട്ടുള്ളതിൽ വാഹനം സ്വന്തമായി വാങ്ങി രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് ഗുണഭോക്താവിന്റെ പേരിലുള്ള സബ്സിഡി തുക ഒന്നാം പാർട്ടിയായ അസിസ്റ്റന്റ് സെക്രട്ടറി ബാക്ക് എൻഡ് സബ്സിഡി അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനത്തിനു കൈമാറുന്നതാണ് എന്ന് കരാർ നിബന്ധനയുണ്ടെങ്കിലും തുക വാഹന ഡീലർമാർക്കാണ് നല്കിയിരിക്കുന്നത്.

3).വാഹനം ലഭിയ്ക്കുന്ന മുറയ്ക്ക് ആയതിന്റെ രജിസ്ട്രേഷൻ,ഇൻഷ്വറൻസ്, സംബന്ധമായ രേഖകൾ മുതലായവയുടെ പകർപ്പ് ഒന്നാം പാർട്ടിയെ ഏൽപ്പിയ്ക്കേണ്ടതാണെന്നാണ് കരാർ നിബന്ധന. ഈ നിബന്ധന ഇവിടെ പാലിയ്ക്കപ്പെട്ടിട്ടില്ല. നിലവിൽ ഇരുചക്ര-നാലുചക്ര വാഹനങ്ങൾ സ്വന്തമായിട്ടില്ല എന്നും തൊഴിൽ

രഹിതരും ഇരുചക്ര വാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തുന്നതിന് സന്നദ്ധരാണെന്നുമുള്ള നിബന്ധനകൾ വ്യക്തമായി ചേർത്തിട്ടില്ല. ആയതിനാൽ അർഹതയുള്ള ഗുണഭോക്താക്കൾക്ക് തന്നെയാണോ ധനസഹായം അനുവദിച്ചിട്ടുള്ളത് എന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

4).പ്രൊജക്ട് പ്രകാരം പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് നടത്തേണ്ടത് പട്ടിക ജാതി വികസന വർക്കിംഗ് ഗ്രൂപ്പാണ്. ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുന്നതിനു ഹാജരാക്കിയ രേഖകളിലെ വാഹനം തന്നെയാണ് വാങ്ങിയത് എന്നു നിർവ്വഹണ ഉദ്യോഗസ്ഥയോ, മോണിറ്ററിംഗ് സമിതിയോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രോജക്ടിന്റെ നിർവ്വഹണം, ഫലപ്രാപ്തി എന്നിവ സംബന്ധിച്ച മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഫയലിൽ ഇല്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ടു നലകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (7/19.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 7,21,932 രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 കുടിവെള്ള വിതരണം-ടെണ്ടർ സ്വീകരിച്ചതിലെ അപാകങ്ങൾ

പ്രോജക്ട് നം-180/25

അടങ്കൽ-4,77,600 (തനതുഫണ്ട്)

ചെലവ് -2,80,500 (42400348/23.07.24)

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി അടങ്കൽ – 6,00,000 രൂപ വകയിരുത്തി 2023-24 വർഷം നടപ്പാക്കിയ പ്രോജക്റ്റ് നം-154/24 ന്റെ ശേഷിക്കുന്ന തുക നല്കുന്നതിനായി രൂപീകരിച്ച പ്രൊജക്റ്റിൽ ചെലവഴിച്ച തുകയാണിത്. പ്രൊജക്ട് നടപ്പിലാക്കുന്നതിന് ഇ-ടെണ്ടർ മുഖേന കുടിവെള്ളവിതരണത്തിന് ലഭിച്ച ടെണ്ടറുകൾ സ്വീകരിച്ചതിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

മേൽ പ്രൊജക്ടിനായി ലഭ്യമായ രണ്ടു ടെണ്ടറുകളിൽ ശ്രീമതി പ്രിയ സുരേഷ്, ഇത്തിപറമ്പിൽ (ഹൗസ്) പുവത്തൂർ.പി.ഒ., മൊബൈൽ നം.-9037177400 ഹാജരാക്കിയ രേഖകളും, ശ്രീ.സുരേഷ്, ഇത്തിപറമ്പിൽ (ഹൗസ്) പുവത്തൂർ.പി.ഒ., മൊബൈൽ നം.-9037177400 ഹാജരാക്കിയ രേഖകളും ഒന്നു തന്നെയാണ്.

ശ്രീമതി പ്രിയ സുരേഷിന്റ രേഖകളിൽ ഭർത്താവിന്റെ പേര് സുരേഷ് എന്നതും, വാഹനത്തിന്റെ ഇൻഷ്വറൻസ് പേപ്പറിൽ വാഹന ഉടമയുടെ പേരും സുരേഷ്, ഇത്തിപറമ്പിൽ (ഹൗസ്) പുവത്തൂർ.പി.ഒ. എന്നതും ഒന്നു തന്നെയാണ്.

രണ്ടു പേരും സമർപ്പിച്ച ബാങ്ക് അക്കൗണ്ടുകളുടെ നമ്പരും വിശദാംശങ്ങളും ഒന്നു തന്നെയായിരുന്നു.

ഇതിൽ നിന്നും ദമ്പതികളാണ് ഇപ്രകാരം ടെണ്ടർ സമർപ്പിച്ചത് എന്ന് തെളിയുന്നു. ശ്രീ.സുരേഷിന്റെ ടെണ്ടർ ആണ് അംഗീകരിച്ചത്. ആയതു സിംഗിൾ ടെണ്ടർ ആയി പരിഗണിയ്ക്കാവുന്നതാണ്. ഇപ്രകാരം ലഭിച്ച ടെണ്ടർ സ്വീകരിയ്ക്കാനുണ്ടായ സാഹചര്യം, ഭരണ സമിതിയുടെ അംഗീകാരം വാങ്ങാതിരുന്നതിനുള്ള കാരണം എന്നിവ വ്യക്തമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്കു (9/21.07.2025) ലഭ്യമാക്കിയമറുപടിൽ ദമ്പതികൾ ആണ് എന്നത് ശ്രദ്ധിച്ചില്ല എന്നും അബദ്ധം പറ്റിയതാണ് എന്നും ഇനി ആവർത്തിക്കില്ല എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ഭാവിയിൽ സിംഗിൾ ടെണ്ടർ ലഭിയ്ക്കുമ്പോൾ 30.07.2015 ലെ ജി.ഒ.(പി) നം 324/2015/ധന പ്രകാരമുള്ള വ്യവസ്ഥകൾക്കനുസൃതമായി നടപടി പാലിച്ചു കൊണ്ട് ടെണ്ടർ നടപടികൾ പൂർത്തീകരിയ്ക്കുവാൻ ശ്രദ്ധിയേക്കണ്ടതാണ്.

## 1-24 പൊതുടാപ്പുകളുടെ വെള്ളക്കരം-സംയുക്തപരിശോധന നടത്തി ഉപയോഗശൂന്യമായ പൊതുടാപ്പുകൾ ഒഴിവാക്കി പ്രതിമാസ വെള്ളക്കരം ക്രമീകരിക്കേണ്ടതാണ്

കേരള ജല അതോറിറ്റി, വാടാനപ്പിള്ളി പി.എച്ച് ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ ജോയിനിംഗ് ഇൻസ്പെക്ഷൻ (2022 ജൂലൈ 11 മുതൽ ജൂലൈ 16 വരെ നടത്തിയത്) റിപ്പോർട്ട് പ്രകാരം 198 പൊതുടാപ്പുകളാണ് പഞ്ചായത്തിൽ പ്രവർത്തനക്ഷമമായിട്ടുള്ളത്. ആയത് പ്രകാരം 2,40,224 രൂപയാണ് പ്രതിമാസം വെള്ളക്കരത്തിൽ അടവാക്കേണ്ടത്. തളിക്കുളം ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരം നിലവിൽ 198 എണ്ണം കണക്കാക്കിയാണ് ഒടുക്കിക്കൊണ്ടിരിക്കുന്നതെന്നും എന്നാൽ യഥാർത്ഥ എണ്ണം ഇതിലും വളരെ കുറവാണെന്നും ആയതിനാൽ സംയുക്തപരിശോധന നടത്തി പൊതുടാപ്പുകളുടെ

എണ്ണം തിട്ടപ്പെടുത്തി പ്രതിമാസ വെള്ളക്കരം ക്രമീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട്, പഞ്ചായത്ത് ഭരണസമിതിയുടെ 25.11.2024-ലെ 12-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 05.12.2024 തീയതിയിലെ എസ്.സി 3-2415/2024 നമ്പർ കത്ത് പ്രകാരം കേരള ജല അതോറിറ്റി, തളിക്കുളം അസി.എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നു. എന്നാൽ സംയുക്തപരിശോധന നടത്തിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ (അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടുൾപ്പടെ) ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ:38/25.07.2025), മറുപടി ലഭ്യമാക്കിയില്ല. നിലവിലുള്ള രേഖകൾ പ്രകാരം പഞ്ചായത്തിൽ ഉപയോഗക്ഷമമായ പൊതുടാപ്പുകളുടെ എണ്ണത്തിൽ യാതൊരു വ്യക്തതയുമില്ല. 2022 ജൂലൈ മാസത്തിൽ നടത്തിയ സംയുക്തപരിശോധനയുടെ അടിസ്ഥാനത്തിൽ അന്ന് പ്രവർത്തനക്ഷമമായ പൊതുടാപ്പുകൾക്കാണ് നിലവിലും വെള്ളക്കരം അടവാക്കുന്നത്.

അസിസ്റ്റന്റ് എഞ്ചിനീയറുടെ നേതൃത്വത്തിൽ സംയുക്തപരിശോധന നടന്നിട്ടുണ്ടെങ്കിൽ, അതിന്റെ റിപ്പോർട്ട്, ഓഡിറ്റിന് ഹാജരാക്കേണ്ടതും ആയത് പ്രകാരം പ്രതിമാസ വെള്ളക്കരം ക്രമീകരിക്കേണ്ടതുമാണ്. പരിശോധന നടന്നിട്ടില്ലെങ്കിൽ, കേരള ജല അതോറിറ്റി അധികൃതരുമായി ബന്ധപ്പെട്ട് സംയുക്ത പരിശോധന എത്രയും പെട്ടെന്ന് നടത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും ഉപയോഗശൂന്യമായ പൊതുടാപ്പുകൾ ഒഴിവാക്കേണ്ടതും ആയതിനനുസൃതമായി പ്രതിമാസ വെള്ളക്കരം ക്രമീകരിക്കേണ്ടതുമാണ്.

## 1-25 ചീഫ് എഞ്ചിനീയറുടെ സർക്കുലർ നിർദ്ദേശം പാലിച്ചില്ല. റോഡ് പ്രവൃത്തികളിൽ അധിക തുക ചെലവഴിച്ചു

തദ്ദേശ സ്ഥാപനങ്ങളുടെ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് സംബന്ധിച്ച തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1) 2 MSA (മില്ല്യൺ സ്റ്റാൻഡേഡ് ആക്സിൽസിൽ) കുറവ് ട്രാഫിക് സാന്ദ്രത വരുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ റോഡുകൾ പുനർനിർമ്മിക്കുമ്പോൾ ക്ലോസ് ഗ്രേഡഡ് ചിപ്പിംഗ് കാർപ്പെറ്റ് (MSS) ഉപരിതലം നൽകുന്നത് പരിഗണിക്കണം. (സർക്കുലർ നമ്പർ DB1/1966/2021/CE/LID&EMW തി.13.01.2022)

2) തദ്ദേശസ്ഥാപനത്തിന്റെ റോഡുകൾക്ക് വീതി കുറവായതിനാൽ Mechanical Paving നടത്തുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുകൾ നേരിടുന്നതിനാൽ MSS ഉപരിതലം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുമ്പോൾ MORD സ്പെസിഫിക്കേഷൻ 5.11.1.A.2a/75.5.11.1.A.2pb പ്രകാരമുള്ള ഇനം ഉൾപ്പെടുത്തണം. (സർക്കുലർ നമ്പർ ഡിബി1/1966/21/സി.ഇ./എൽ.ഐ.ഡി.&ഇ.ഡബ്ല്യൂ.തിയതി 17.08.2022)

3) തദ്ദേശസ്വയം ഭരണ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന ജനകീയാസൂത്രണ പദ്ധതികളിൽ റോഡ് ടാറിംഗ് പ്രവൃത്തികളിൽ നിശ്ചിതശതമാനം ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തണം (സർക്കുലർ നമ്പർ LSGD/PD/40538/2023-DB3 തിയതി 17.06.2023)

4) റോഡ് പ്രവൃത്തികളിൽ മിക്സ്ഡ് സീൽ സർഫസിംഗ് (MSS) ഉൾപ്പെടുത്തുന്നുണ്ടെങ്കിൽ ഉപയോഗപ്പെടുത്തേണ്ട ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ഉൾപ്പെടുന്ന ഒബ്സർവ്ഡ് ഡാറ്റ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അംഗീകരിച്ചു നൽകി.(സർക്കുലർ നമ്പർ LSGD/PD/30783/2023-DB3 തിയതി.01.12.2023)

മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങളിൽ നിന്നും 2 MSA യിൽ കുറവുള്ള [Two Million Standard Axles Are Expected To Pass Over The Road During Its Design Life, 1 Standard Axles=80kN(1 Kilo Neuton=80,000kg Load)] റോഡുകളുടെ പുനർ നിർമ്മാണത്തിന് MSS ഉപരിതലം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കണമെന്നും, ഇതിനായി ഷ്രെഡഡ് പ്ലാസ്റ്റിക് ഉൾപ്പെടുന്ന ഒബ്സർവ്ഡ് ഡാറ്റ മേൽ ക്രമ നം 4 പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. (OD പ്രകാരം Unit Cost 180.37/$M^2$, കരാറുകാരന്റെ ലാഭവിഹിതം, ഓവർഹെഡ് ചാർജ്ജ്, കോസ്റ്റ് ഇൻഡക്സ് എന്നിവ ഉൾപ്പെടെ തളിക്കുളം ഗ്രാമപഞ്ചായത്തിന് ബാധകമായ നിരക്ക് 254.59/Sqm രൂപ)

നിരക്ക് കണക്കാക്കിയത് താഴെ ചേർക്കുന്നു.

| | |
|---|---|
| സർക്കുലർ പ്രകാരമുള്ള ഒബ്സർവ്ഡ് ഡാറ്റയിലെ നിരക്ക് | 180.37/Sqm |

| | |
|---|---|
| Add Over Head Charge @ 10% | 18.03 |
| Total | 198.4 |
| Add Contractors Profit @10% | 19.84 |
| Total | 218.24 |
| Add Cost Index @35.59% X*102.15*/Sqm=Rs.36.35<br>Calculation Of Cost Index<br>Total Cost/Rate In The Approved Observed Data For 500 $M^2$<br>=Rs.90183.99<br>(Less Cost Of Bitumen Included In The Data)<br>M-400 Bitumen S-65<br>@22kg/10sqm, 1.067 Tonne For 500 $M^2$ @ 44960/Tonne = Rs. 47972.32<br>= Rs.42,211.67<br>Add CP+OH For 500 $M^2$ =(42,211.67x10%OH)10%CP=51076.12<br>For 1$M^2$ =51076.12/*500 =102.15*/Sqm | 36.35 |
| Grand Total | 254.59/Sqm |

എന്നാൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉൾപ്പെട്ടതോ അല്ലാത്തതോ ആയ റോഡുകൾ നിർമ്മിക്കുന്നതിന് Close Graded Chipping Carpet MSS ഉപരിതലം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിന് പകരമായി ഗ്രാമപഞ്ചായത്തിന്റെ എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഡാറ്റാ ഇനം MORD സ്പെസിഫിക്കേഷൻ കോഡ് 75.9.3 പ്രകാരമുള്ള 20mm Thick Open-Graded Premix ഉം(@ 200.19/$M^2$), കോഡ് 75.5.12.A.3.2pb Seal Coat Manual Means ഉം (@83.12/$M^2$), നിരക്കും ആണ്. ഈ രണ്ട് ഇനങ്ങളും ഉൾപ്പെടുത്തി റോഡ് പ്രവൃത്തികൾ ചെയ്യുമ്പോൾ ഒരു ചതുരശ്ര മീറ്ററിന് 283.31രൂപ (200.19+83.12=283.12) നൽകേണ്ടതായി വരുന്നു.

01.12.2023 ലെ നമ്പർ LSGD/PD/30783/2023-DB3 സർക്കുലർ പ്രകാരം റോഡ് പ്രവൃത്തികളിൽ മിക്സ്ഡ് സീൽ സർഫസിംഗിനുള്ള (MSS) ഒബ്സർവ്ഡ് ഡാറ്റ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നുവെങ്കിൽ 254.59/$M^2$ രൂപ നിരക്കിൽ മാത്രമേ തുക ആവശ്യമായി വരുന്നുള്ളു. സർക്കുലർ നിർദ്ദേശം പാലിക്കാതിരുന്നതിനാൽ റോഡ് പ്രവൃത്തികളിൽ ഓരോ ചതുരശ്ര മീറ്ററിനും 28.72 രൂപ (283.31-254.59=28.72)അധികമായി നൽകേണ്ടി വരുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് 2024-25-ൽ തുക ചെലവഴിച്ച 64 പദ്ധതികളിൽ 53 പ്രവൃത്തികളും റോഡ് പ്രവൃത്തികളാണ്. ഈ പ്രവൃത്തികളിൽ ഒന്നിലും തന്നെ മേൽ പ്രകാരമുള്ള ഒബ്സർവ്ഡ് ഡാറ്റ പ്രകാരമുള്ള പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല. 18.10.2022ലെ ജി.ഒ.(ആർ.ടി)നം.2497/2022/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ഒട്ടുമിക്ക പ്രവൃത്തികളിലും എസ്റ്റിമേറ്റിനേക്കാൾ കൂടിയ നിരക്കിലുള്ള ടെണ്ടർ വേരിയേഷൻ അംഗീകരിച്ച് നൽകിയിട്ടുള്ളതിനാൽ റോഡ് പ്രവൃത്തികളിലെ ഓരോ ചതുരശ്ര മീറ്റർ ടാറിംഗിനും 28.72 രൂപയോ അതിലധികരിച്ചോ നൽകിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം/പേര് | 20mm/Seal Coat നടത്തിയ അളവ് ($M^2$)/ സമ്മതിച്ച നിരക്ക് | ടെണ്ടർ വേരിയേഷൻ | 20mm+Seal Coatന് അനുവദിച്ച തുക | ഒബ്സർവ്ഡ് ഡാറ്റ പ്രകാരം നിരക്ക് 254.59/$M^2$ (Tender Variation ഉൾപ്പെടെ) | അധികം നൽകിയത്. |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 261/25 കളാപറമ്പ് റിംഗ് റോഡ് | 1568 @307.5 | +8.7% | 482160 | 433927 | 48233 |
| 2 | 219/25 ത്രിവേണി എടശ്ശേരി ബീച്ച് റോഡ് | 1710 @295.2 | +4.2% | 504792 | 453633 | 51159 |
| 3 | 248/25കൊപ്രക്കളം പുതിയങ്ങാടി റോഡ് | 2828 @284 | +0.03% | 803152 | 720196 | 82956 |
| 4 | 211/25 പത്താംകല്ല് ബീച്ച് റോഡ് | 2310 @304.35 | +7.42 | 703049 | 631740 | 71309 |
| 5 | 245/25 അമ്പലം ആത്മാവ് റോഡ് | 2248 @286 | +0.094 | 642928 | 572856 | 70072 |
| | ആകെ | | | | | 3,23,729 |

റോഡ് പുനർനിർമ്മാണ പ്രവൃത്തികളിൽ MSS രീതി അവലംബിക്കാത്തതും, ഇതിനായി ചീഫ് എഞ്ചിനീയർ അംഗീകരിച്ച കുറഞ്ഞ നിരക്കിലുള്ള ഒബ്സർവ്വ്ഡ് ഡാറ്റ ഉപയോഗിക്കാതിരുന്നതും പ്രവൃത്തികളിൽ കൂടുതൽ തുക വകയിരുത്തുന്നതിനും, അധികമായി തുക ചെലവഴിക്കുന്നതിനും കാരണമായിട്ടുണ്ട്. മേൽ പട്ടികയിൽ സൂചിപ്പിച്ച അഞ്ച് റോഡുകളുടെ പ്രവൃത്തികളിൽ മാത്രം ഈയിനത്തിലുള്ള സഞ്ചിത നഷ്ടം/അധികം നൽകിയ തുക 3,23,729 രൂപയാണ്. മുഴുവൻ റോഡ് പ്രവൃത്തികളിലും ഇത്തരത്തിൽ തുക കണക്കാക്കിയാൽ ഗ്രാമപഞ്ചായത്തിന് ഭീമമായ നഷ്ടം ഉണ്ടായിട്ടുണ്ട് എന്നു കാണാം. കൂടിയ നിരക്കിലുള്ള ഡാറ്റ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി കരാറിലേർപ്പെട്ട് പ്രവൃത്തി നടത്തിയത് ഗ്രാമപഞ്ചായത്തിന് ധനനഷ്ടം ഉണ്ടാക്കിയിട്ടുണ്ട്. MSS രീതിയിൽ ചെയ്യുന്ന ടാറിംഗിൽ ചേർക്കുന്ന പ്ലാസ്റ്റിക്കിന്റെ അളവ്, ചേർക്കേണ്ട രീതി എന്നിവ സംബന്ധിച്ച കൃത്യമായ മാർഗ്ഗരേഖ ഇല്ലാതിരുന്നതിനാലാണ് ഒബ്സർവ്വ്ഡ് ഡാറ്റ പ്രകാരം റോഡ് പ്രവൃത്തികൾ നിർവ്വഹിക്കാതിരുന്നത് എന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം.14/21.07.2025) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. MSS രീതിയിൽ ചെയ്യുന്ന പ്ലാസ്റ്റിക് റോഡുകളിൽ ഉപയോഗിക്കേണ്ട പ്ലാസ്റ്റിക്കിന്റെ അളവ് 01.12.2023ലെ സർക്കുലറിലെ ഡാറ്റയിൽ തന്നെ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും, ആയത് അംഗീകരിച്ച് നൽകുന്നതുമായ സാങ്കേതിക വിഭാഗം ജീവനക്കാർ ചീഫ് എഞ്ചിനീയറുടെ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതിനാലാണ് ഇത്തരത്തിൽ അധിക തുക ചെലവഴിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുള്ളത്. ഭാവിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ഇത്തരം കാര്യങ്ങളിൽ ഭരണ സമിതി, വികസന കാര്യ സ്ഥിരം സമിതി എന്നിവരുടെ പ്രത്യേക ശ്രദ്ധ പതിയേണ്ടതുമാണ്.

## <u>1-26 RR ഉപയോഗിച്ചുള്ള ഫൗണ്ടേഷൻ പ്രവൃത്തിയിൽ അധിക തുക നൽകി</u>

പ്രോജക്ട് നം.61/25 കുടുംബാരോഗ്യ കേന്ദ്രത്തിൽ ഡൈനിംഗ് റൂം മറ്റ് അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ.(സ്പിൽ ഓവർ)

നിർവ്വഹണഉദ്യോഗസ്ഥൻ-അസിസ്റ്റന്റ്എഞ്ചിനീയർ

വകയിരുത്തിയ തുക- 2,60,876 (വികസന ഫണ്ട് 52,325 തനതു ഫണ്ട് 2,08,551)

ചെലവഴിച്ച തുക- 1,00,924

വൗച്ചർ നം. 42401562/29.07.2024, തുക 28,759 (വികസന ഫണ്ട്).

വൗച്ചർ നം. 42401448/10.05.2024, തുക 23,566 (വികസന ഫണ്ട്).

വൗച്ചർ നം. 42400396/02.08.2024, തുക 48,599 (തനതു ഫണ്ട്)

പ്രവൃത്തിയുടെ $6^{th}$ & പാർട്ട് ബിൽ ഐറ്റം നം.1.004 പ്രകാരം ഡൈനിംഗ് റൂമിന്റെ ഫൗണ്ടേഷനു വേണ്ടി 2.364 $M^3$ R.R Masonary ചെയ്തതിന് Dsor Data 7.1.1 പ്രകാരം 5,907 രൂപ നിരക്കിൽ 13,964.8 രൂപയും ജി.എസ്.ടി. 18% ഉൾപ്പെടെ **16478.46 രൂപ** കരാറുകാരനായ ആഷിക്കിനു നൽകിയിട്ടുണ്ട്. DSOR ഡാറ്റ കോഡ് 7.1.1 പ്രകാരമുള്ള ഈ ഇനം പ്രവൃത്തിയിൽ 1:6:12 സിമന്റ് കോൺക്രീറ്റിംഗ് കൊണ്ടുള്ള ലെവലിങ്ങിനുള്ള ഐറ്റം ഉൾപ്പെടുന്നുണ്ട്.

കൂടാതെ 24x24x39 സെ മീ അളവിലുള്ള ഏഴ് Through And Bond Stone ഉപയോഗിക്കുന്നതിനുള്ള നിരക്കും ഇതിലുൾപ്പെടുന്നുണ്ട്. 45cm മാത്രം ഉയരത്തിൽ 30cm വീതിയിൽ R.R Masonary ഉപയോഗിച്ച് ഫൗണ്ടേഷൻ നിർമ്മാണം നടത്തിയ പ്രവൃത്തിയിൽ R.R Masonaryയ്ക്ക് മുകളിലായി Dsor ഡാറ്റ 5.1.2 പ്രകാരം അതേ നീളത്തിലും വീതിയിലും 15 Cm കനത്തിൽ RCC ബെൽറ്റും നൽകിയിട്ടുണ്ട്.

15 Cm കനത്തിൽ RCC ബെൽറ്റ് കരിങ്കൽകെട്ടിനു മുകളിലായി നൽകുന്ന സാഹചര്യത്തിൽ സിമന്റ് ഉപയോഗിച്ചുള്ള കരിങ്കൽ കെട്ടിനുള്ള ഡാറ്റയിലെ 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് കൊണ്ടുള്ള ലെവലിങ്ങും, പരമാവധി 45 സെ മീ ഉയരം മാത്രമുള്ള ഈ കരിങ്കൽ കെട്ടിന് 24x24x39 സെ മീ അളവിലുള്ള Through And Bond Stone പ്രവൃത്തിയും ആവശ്യമില്ലാത്തതാണ്. ആയതിനാൽ DSOR ഡാറ്റ കോഡ് 7.1.1 പ്രകാരമുള്ള ഈ ഇനം പ്രവൃത്തിയിൽ നിന്ന് 1:6:12 സിമന്റ് കോൺക്രീറ്റിംഗ് കൊണ്ടുള്ള ലെവലിങ്ങിനുള്ള ഐറ്റം, Through And Bond Stone എന്നിവ ഒഴിവാക്കി കൊണ്ടുള്ള ഒബ്സർവ്ഡ് ഡാറ്റയാണ് RR Masonary-യ്ക്ക് അനുവദിക്കേണ്ടിയിരുന്നത്. ആയത് താഴെ കാണും പ്രകാരമാണ്.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| 1157 | Details Of Cost For 1 Cum<br>MATERIAL<br>Stone For Masonry Work | Cum | 1.05 | 1100 | 1155.00 |
| 2215 | Carriage Of Masonry Stone | Cum | 1.05 | 122.08 | 128.18 |
| 3.11 | Cement Mortar 1:6 (1 Cement:6 Coarse Sand)<br>Rate As Per Item Number 3.11 Of SH: Mortar | Cum | 0.33 | 3356.15 | 1107.53 |
| 0125 | LABOUR:<br>Mason (For Plain Stone Work) 2nd Class | Day | 1.07 | 679.00 | 726.53 |
| 0114 | Beldar | Day | 1.07 | 558.00 | 597.06 |
| 0115 | Coolie | Day | 0.71 | 558.00 | 396.18 |
| 0101 | Bhisti | Day | 0.09 | 617.00 | 55.53 |
| 9999 | Sundries | L.S | 4.42 | 2.00 | 8.84 |
| Total | | | | | 4174.85 |
| Add Water Charge @1% | | | | | 41.75 |
| Total | | | | | 4216.6 |
| Add CPOH 15% | | | | | 632.50 |
| Total | | | | | 4849.09 |
| Cost Index 35.59% | | | | | 1725.81 |
| Total | | | | | 6574.88 |
| Less Tender Variation (18% Below) | | | | | 1183.47 |
| Total | | | | | 5391.41 |

എന്നാൽ Dsor ഡാറ്റ 7.1.1 യിലെ മേൽ ഇനങ്ങൾ ഉൾപ്പെടുന്ന നിരക്കായ 7204.75 രൂപയുടെ 18% കുറവ് ടെണ്ടർ വേരിയേഷൻ തുകയായ 5,907 രൂപ നിരക്കിലാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്. മേൽ പട്ടിക പ്രകാരം 5391.41/$M^3$ നിരക്കാണ് യഥാർത്ഥത്തിൽ അനുവദിക്കാവുന്നത്. ഇതു പ്രകാരം 2.36$m^3$ പ്രവൃത്തിയ്ക്ക് 12,723.72 രൂപയും ജി.എസ്.ടി.യും ഉൾപ്പെടെ അനുവദിക്കാവുന്ന തുക **15,013.98 രൂപ**യാണ്. ഈയിനത്തിൽ അധികമായി **1,464.48 രൂപ** അനുവദിച്ചിട്ടുണ്ട്. ആയത് ഫൈനൽബില്ലിൽ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 10/21.07.2025) തൃപ്തികരമായ മറുപടി നൽകിയിട്ടില്ല. അധികം നൽകിയ തുക ഫൈനൽ ബില്ലിൽ നിന്നും ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 സെലക്ഷൻ നോട്ടീസ് നൽകി കരാറിലേർപ്പെട്ടതിൽ കാലതാമസം - പിഴ ഈടാക്കിയില്ല

01.02.2012-ലെ G.O.(P)നം.13/12/PWD പ്രകാരമുള്ള KPWD Manual ഖണ്ഡിക 2009.6, പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാറിലേർപ്പെടുന്നതിനും അതിനു ശേഷമുള്ള 10 ദിവസത്തിനുള്ളിൽ കരാർ തുകയുടെ 1% നിരക്കിൽ പിഴ ഈടാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ഇങ്ങനെ ഈടാക്കാവുന്ന പിഴ തുക കുറഞ്ഞത് 1,000 രൂപയായും പരമാവധി തുക 25,000 രൂപയായും നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ട് നം. 333/25 എം.സി.എഫ് ബിൽഡിംഗ് സ്റ്റോറേജ് ഏരിയ നിർമ്മാണം പ്രവൃത്തിയുടെ കരാറുകാരൻ ശ്രീ.വിനീഷ്.കെ.വി. എന്നയാൾക്ക് 29.03.2025 ന് സെലക്ഷൻ നോട്ടീസ് നൽകിയിരുന്നുവെങ്കിലും ടിയാൻ 23.04.2025-നാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. കരാർ തുകയായ 3,90,356 രൂപയുടെ ഒരു ശതമാനം തുകയായ 3,903 രൂപ പിഴയായി ഈടാക്കി കാണുന്നില്ല. പിഴ ഈടാക്കുന്നതിന് കരാറുകാരന് നോട്ടീസ് നൽകിയതായി ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 11/21.07.2025) മറുപടി നൽകിയിട്ടുണ്ട്. തുക അടവാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-28 പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് ഭരണ സമിതി അംഗീകാരം ലഭ്യമാക്കുന്നില്ല.

1)കേരള പൊതുമരാമത്ത് മാന്വൽ, സെക്ഷൻ 2112 പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ നിശ്ചിത കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിക്കാൻകഴിയാത്ത സാഹചര്യത്തിൽ, ദീർഘീകരണത്തിനുള്ള അപേക്ഷ കരാർ കാലാവധി തീരുന്നതിന് മുമ്പായി അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന സമർപ്പിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥന് ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % വരെ പിഴ കൂടാതെ ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതാണ്.

(2) കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ 02.04.2024-ലെ G.O(Ms) No.21/2024/PWD ഉത്തരവ് പ്രകാരം പൂർത്തീകരണ കാലയളവിനു ശേഷവും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ വൈകുന്ന ഓരോ ആഴ്ചയിലും കരാർ തുകയുടെ 0.1% നിരക്കിൽ പരമാവധി 10% തുക പിഴ ഈടാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. (ഇക്കാര്യം 09.08.2017-ലെ G.O.(P)No.3/2017/PWD ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച Standard Bid Documentലും വ്യക്തമാക്കിയിട്ടുണ്ട്.) ഇതിനായി കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന കരാർ കാലാവധി തീരുന്നതിനു മുൻപായി അപേക്ഷ നൽകേണ്ടതുണ്ട്. കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2112.1 പ്രകാരം ഇത്തരത്തിൽ ദീർഘിപ്പിച്ചു നൽകാവുന്ന കരാർ കാലാവധി യഥാർത്ഥ കരാർ കാലാവധിയുടെ 50% ൽ അധികരിക്കരുതെന്നും, ഇതിലധികരിക്കുന്ന സംഗതികളിൽ കരാർ റദ്ദാക്കി കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുമാണ് മാന്വലിൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രവൃത്തികൾ യഥാർത്ഥ കരാർ കാലാവധിയുടെ 50%ലും അധികരിച്ച് പൂർത്തീകരണ കാലയളവ് നീട്ടി നൽകിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | പ്രവൃത്തി | കരാറിലേർപ്പെട്ട തിയതി | കാലാവധി | പൂർത്തീകരിക്കേണ്ട തിയതി | പൂർത്തീകരിച്ച തിയതി | എക്സ്റ്റൻഷൻ അനുവദിച്ച ഭരണ സമിതി തീരുമാനം വിവരം | അധികരിച്ച കാലയളവ് |
|---|---|---|---|---|---|---|---|
| 1 | 227/25 | 29.01.2023 | 9 മാസം | 28.10.2024 | 23.04.05 | ലഭ്യമല്ല | 50%ൽ അധികരിച്ചു. |
| 2 | 245/25 | 29.11.23 | 9മാസം | 28.08.2024 | 05.02.2025 | ലഭ്യമല്ല | 50%ൽ അധികരിച്ചു. |

എഗ്രിമെന്റ് അതോറിറ്റി എന്ന നിലയിൽ മാന്വലിൽ വ്യവസ്ഥ ചെയ്ത 50%-ൽ അധികരിച്ച കാലയളവിലേക്ക് കരാർ നീട്ടി നൽകാൻ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർക്ക് അധികാരമില്ലാത്തതാണ്. ഭരണ സമിതി തീരുമാനം കൂടാതെ കരാർ കാലാവധി നീട്ടി നൽകാനിടയായ സാഹചര്യം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ജലജീവൻ മിഷൻ പ്രവൃത്തികളുടെ ഭാഗമായാണ് പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതെന്നും, അടുത്ത ഭരണ സമിതി യോഗത്തിൽ വൈകി പൂർത്തീകരിച്ച പ്രവൃത്തികളിൽ ഭരണസമിതിയുടെ അംഗീകാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം. 12/21.07.2025). പ്രവൃത്തി പൂർത്തീകരിക്കാൻ വൈകുന്ന കാലയളവിലേക്ക് പിഴ ഈടാക്കേണ്ടതുണ്ടെങ്കിൽ മേൽ ഉത്തരവിൽ നിർദ്ദേശിച്ചതു പ്രകാരം നടപടി സ്വീകരിക്കേണ്ടതും, 50%ൽ അധികരിക്കുന്ന കാലയളവിൽ ഭരണ സമിതിയുടെ അംഗീകാരം യഥാസമയം വാങ്ങുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-29 മണ്ണ് കുഴിക്കുന്നതിന് എസ്റ്റിമേറ്റിൽ കൂടിയ നിരക്കുള്ള ഇനം ഉൾപ്പെടുത്തിയത് മൂലം ഗ്രാമ പഞ്ചായത്തിന് ഭീമമായ നഷ്ടം-വിശദമായ അന്വേഷണം ആവശ്യപ്പെടുന്നു

ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വാട്ടർ അതോറിറ്റി പൈപ്പുകൾ സ്ഥാപിച്ച ഗ്രാമപഞ്ചായത്തിലെ വിവിധ റോഡുകളിൽ റിസ്റ്റോറേഷൻ പ്രവൃത്തികൾ നടത്തുന്നതിനായി തനതു ഫണ്ടിൽ നിന്നും 2.08 കോടി രൂപയും, സംരക്ഷണ ഗ്രാന്റ് റോഡിനത്തിൽ 57.52 ലക്ഷം രൂപയും, പ്ലാൻ ഫണ്ടിൽ നിന്ന് 5.72 ലക്ഷം രൂപയും തൻവർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. ആകെ തുക ചെലവഴിച്ച 64 പദ്ധതികളിൽ 11 പ്രവൃത്തികൾ ഒഴികെ ബാക്കിയെല്ലാം റോഡ് പ്രവൃത്തികളാണ് ഇതിൽ ഭൂരിഭാഗവും റോഡ് റിസ്റ്റോറേഷൻ പ്രവൃത്തികളാണ്. പഞ്ചായത്തിന്റെ ആസ്തിയിലുള്ള റോഡുകളിൽ പരമാവധി 80 സെന്റീമീറ്റർ വീതിയിൽ ട്രഞ്ച് എടുത്താണ് വാട്ടർ അതോറിറ്റി പൈപ്പുകൾ സ്ഥാപിച്ചിട്ടുള്ളത്. റിസ്റ്റോറേഷൻ നടത്തുന്നതിന്റെ ഭാഗമായി ട്രഞ്ചുകളുടെ ഇരുവശത്തേയ്ക്കും ദീർഘിപ്പിച്ച് പരമാവധി 1.5 മീറ്റർ വരെ വീതിയിൽ ടാറിംഗ് പ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുണ്ട്. വാട്ടർ അതോറിറ്റി 1.5 മുതൽ 2 മീറ്റർ വരെ ആഴത്തിൽ പൈപ്പുകൾ ഇട്ട് മണ്ണിട്ട് നികത്തിയ റോഡുകളിൽ റിസ്റ്റോറേഷൻ പ്രവൃത്തികൾ നടത്തുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 30 സെന്റീ മീറ്റർ ആഴത്തിൽ Earth Work Excavation, GSB, WMM, Prime Coat, Tack Coat, 20mm Premix Chipping Carpet, Seal Coat എന്നിങ്ങനെയുള്ള പ്രവൃത്തികൾക്കാണ് എഞ്ചിനീയറിഗ് വിഭാഗം തുക വകയിരുത്തിയിട്ടുള്ളത്.

ഇതിൽ 30 സെന്റീമീറ്റർ ആഴത്തിൽ മണ്ണ് കുഴിച്ച് മാറ്റുന്നതിന് Dsor Data 3.5.1 (Excavation In Cutting In Soil By Manual Means With Lead Upto 50 M Excavation For Roadway In Soil Using Manual Means For Carrying Of Cut Earth To Embankment Site With A Lift Upto 1.5 M And Lead Upto 50 M As Per Technical Specification Clause 302.3)പ്രകാരം ക്യൂബിക് മീറ്ററിന് 358.5 രൂപയാണ് എല്ലാ റോഡ് പ്രവൃത്തികളിലും നിരക്ക് കണക്കാക്കി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

എന്നാൽ തൊട്ടടുത്തുള്ള മതിലകം ബ്ലോക്കിന്റെ പരിധിയിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകളിൽ ജലജീവൻ മിഷൻ ഗ്രാമീണ റോഡ് റിസ്റ്റോറേഷൻ പ്രവൃത്തികളിൽ മണ്ണ് കുഴിച്ചെടുക്കുന്നതിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച് നൽകിയിട്ടുള്ള Mord Data 3.5.3 ആണ്. (Excavation In Soil Using Hydraulic Excavator And Tippers With Disposal Upto 1000 M Excavation For Roadwork In Soil With Hydraulic Excavator Of 0.9 Cum Bucket Capacity Including Cutting And Loading In Tippers, Trimming Bottom And Side Slopes, In Accordance With Requirements Of Lines, Grades And Cross-Sections, And Transporting To The Embankment Location With A Lift Upto 1.5 M And Lead Upto 1000 M As Per Technical Specification Clause 302.3) പ്രൈസ് സോഫ്ട്‌വെയറിലുള്ള ഈ അംഗീകൃത ഡാറ്റയുടെ നിരക്ക് 36.24/$M^3$ മാത്രമാണ്.

കൂടിയ അളവിൽ മണ്ണ് കുഴിച്ച് മാറ്റേണ്ടി വരുന്ന പ്രവൃത്തികളിൽ യന്ത്രോപകരണങ്ങളുടെ സഹായത്തോടെ പ്രവൃത്തി നടത്തുന്നതിനുള്ള Mord Data 3.5.2, Mord Data 3.5.3 പ്രകാരമുള്ള നിരക്കുകളാണ് അനുവദിക്കാവുന്നത്. (Mord Data 3.5.2 ന് 36.24/$M^3$, Mord Data 3.5.3 ന് 83.52/$M^3$ രൂപയുമാണ് Dsor 2018 പ്രകാരം അനുവദിക്കാവുന്ന നിരക്ക്.) ഒട്ടു മിക്ക പ്രവൃത്തികളിലും കരാറുകാർ യന്ത്ര സഹായത്തോടെ മണ്ണ് കുഴിച്ച് മാറ്റുകയും ട്രഞ്ചിന്റെ

ഉൾവശവും അരികുകളും വൃത്തിയാക്കുന്നതിനുമായി മനുഷ്യഅദ്ധ്വാനം വിനിയോഗിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

റോഡ് റിസ്റ്റോറേഷൻ പ്രവൃത്തി നടത്തിയ സൈറ്റുകളിൽ നിന്നും ജെ.സി.ബി, ഹിറ്റാച്ചി പോലുള്ള ഹൈഡ്രോളിക് എസ്കവേറ്ററുകൾ ഉപയോഗിച്ച് കരാറുകാർ കുഴിച്ചെടുത്ത മണ്ണ്, മുൻകൂറായി ലേലം ഉറപ്പിച്ചു നൽകിയിരുന്ന കരാറുകാർ പ്രവൃത്തി സമയത്തു തന്നെ കൊണ്ടുപോയിട്ടുള്ള വിവരം അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ടു ചെയ്തിട്ടുള്ളത് ഫൈസിൽ സാക്ഷ്യപത്രമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

റോഡുകളിലെ കാനനിർമ്മാണം, റിസ്റ്റോറേഷൻ പ്രവൃത്തികൾ എന്നിവയിൽ ഭൂരിഭാഗവും മനുഷ്യ അധ്വാനവും, യന്ത്രസഹായവും ഉപയോഗിച്ചാണ് നിർവ്വഹിക്കപ്പെടുന്നത് എന്നതിനാൽ ഈ പ്രവൃത്തിയ്ക്കായി DSR Data 2.8.1 പ്രകാരമുള്ള (Earth Work In Excavation By Mechanical Means (Hydraulic Excavator) /Manual Means In Foundation Trenches Or Drains (Not Exceeding 1.5 M In Width Or 10 Sqm On Plan), Including Dressing Of Sides And Ramming Of Bottoms, Lift Up To 1.5 M, Including Getting Out The Excavated Soil And Disposal Of Surplus Excavated Soil As Directed, Within A Lead Of 50 M.) എന്ന Data യുടെ Observed Data തയ്യാറാക്കി പ്രവൃത്തി നിർവ്വഹിക്കുന്നതാണ് കൂടുതൽ അഭികാമ്യം. എന്നാൽ പൂർണ്ണമായും മനുഷ്യ അദ്ധ്വാനം വിനിയോഗിച്ച് പ്രവൃത്തി നടത്തിയതിനുള്ള നിരക്ക് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി തുക അനുവദിച്ച് നൽകിയിട്ടുള്ളതിനാൽ ഈയിനത്തിൽ അധികം തുക ഗ്രാമപഞ്ചായത്തിന് ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്.

തെറ്റായ ഡാറ്റ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഉയർന്ന നിരക്ക് അംഗീകരിച്ച് നൽകിയതും മൂലം സമാന പ്രവൃത്തികളിൽ തൊട്ടടുത്ത ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച് നൽകിയ നിരക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ ഗ്രാമപഞ്ചായത്തിന് ഭീമമായ നഷ്ടം ഉണ്ടായതായി കാണാം. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ/ പേര് | കുഴിച്ചെടുത്ത മണ്ണിന്റെ അളവ് M3 ൽ | 3.5.1 പ്രകാരം നിരക്ക് 358.5/ M3 | 3.5.3 പ്രകാരം നിരക്ക് 36.24/M3 | അധികം നൽകിയ തുക | ബിൽ / ഫൈനൽ ബിൽ തുക | വൗച്ചർ നം./ തിയതി. |
|---|---|---|---|---|---|---|---|
| 1 | 211/25 പത്താംകല്ല് ബീച്ച് റോഡ് | 544.47 | 195192.5 | 19731.59 | 175460.9 | 1079947 | 42401351/ 28.3.25 |
| 2 | 214/25 മഹാത്മാ റോഡ് | 91.58 | 32831.43 | 3318.859 | 29512.57 | 356066 | 42401310/ 26.3.25 |
| 3 | 216/24 റിംഗ് റോഡ് കൊപ്രക്കളം | 126.72 | 45429.12 | 4592.3 | 40836.79 | 345189 | 42401192/ 04.03.2025 |
| 4 | 245/25 അമ്പലം ആത്മാവ് റോഡ് | 305.2 | 109414.2 | 11060.45 | 98353.75 | 901129 | 42401222/ 12.03.2025 |
| 5 | 220/25 120ാം നമ്പർ അങ്കണവാടി റോഡ് | 132 | 47322 | 4783.68 | 42538.32 | 141503 | 42401418/ 31.03.2025 |
| 6 | 261/25 കളാം പറമ്പ് റിംഗ് റോഡ് | 243.33 | 87233.81 | 8818.279 | 78415.53 | 703891 | 42401353/ 28.03.2025 |
| 7 | 215/25 സെന്റർ റോഡ് | 128.86 | 46196.31 | 4669.886 | 41526.42 | 2463 | 42400214/ 14.6.2024 |
| 8 | 331/25 അയനിച്ചോട് റോഡ് | 88.52 | 31734.42 | 3207.965 | 28526.46 | 339013 | 42401316/ 26.03.2025 |
| 9 | 236/25 വലാപ്പറമ്പ് റോഡ് | 109.74 | 39341.79 | 3976.978 | 35364.81 | 231972 | 42401360/ 29.03.2025 |
| 10 | 355/24 ശശാങ്കൻ റോഡ് | 64.41 | 23091 | 2334.218 | 20756.77 | 238735 | 42401415/ 31.03.2025 |
| | ആകെ | | 657786.56 | 66494.24 | 591292.32 | | |

മേൽ സൂചിപ്പിച്ച 10 റോഡുകളിലെ മാത്രം മണ്ണ് കുഴിച്ചെടുത്തതിന് എസ്റ്റിമേറ്റ് നിരക്കായ 358.5 രൂപ/ക്യൂബിക് മീറ്റർ നിരക്കിൽ കണക്കാക്കുമ്പോൾ മാത്രം ഗ്രാമപഞ്ചായത്തിന് ചെലവായ അധിക തുക/നഷ്ടം തുക 5,91,292 രൂപയാണ്. ഒട്ടുമിക്ക പ്രവൃത്തികളിലും എസ്റ്റിമേറ്റിനേക്കാൾ കൂടിയ നിരക്കിൽ ടെണ്ടർ വേരിയേഷൻ അനുവദിച്ച് നൽകിയിട്ടുള്ളതിനാൽ യഥാർത്ഥത്തിൽ നൽകിയ തുക ഇതിനേക്കാൾ അധികരിക്കാനിടയുണ്ട്.

2023-24 ൽ ആരംഭിച്ച് 2024-25 ൽ തുക അനുവദിച്ച ഗ്രാമപഞ്ചായത്തിലെ 34 റോഡു റിസ്റ്റോറേഷൻ പ്രവൃത്തികളിൽ കുഴിച്ചെടുത്ത മണ്ണ് നീക്കം ചെയ്യുന്നതിന് ലേലം നടത്തുകയും ആയതു പ്രകാരം തുക കരാറുകാർ ഗ്രാമപഞ്ചായത്തിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. ഈ റോഡ് പ്രവൃത്തികളിൽ ഓരോ പ്രവൃത്തിയിലും നീക്കം ചെയ്ത മണ്ണിന്റെ അളവ്, ടെണ്ടർവേരിയേഷൻ പ്രകാരമുള്ള ക്യൂബിക് മീറ്റർ നിരക്ക്, ലേലം നടത്താതെ സ്റ്റാക്ക് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇതിന്റെ വിവരങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയിട്ടില്ല.

എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, അംഗീകരിച്ചു നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തുക അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ കാലയളവ്, ഔദ്യോഗിക മേൽവിലാസം, സ്ഥിര മേൽവിലാസം തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഈ വിവരങ്ങളും ലഭ്യമാക്കിയില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് എൻക്വയറി നം.13/21.07.2025) ഹിറ്റാച്ചി, ടിപ്പർ എന്നിവ ഒരേ സമയം പ്രവർത്തിപ്പിക്കുന്നത് പ്രാദേശിക ഗതാഗതത്തെ ദോഷകരമായി ബാധിക്കുന്നതാണെന്നും, ഗ്രാമീണ റോഡുകളിൽ ഹൈഡ്രോളിക് എസ്കവേറ്റർ ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നത് പ്രായോഗികമല്ലെന്നും ആയതിനാലാണ് അനുയോജ്യമായ ഡാറ്റ 3.5.1 ഉൾപ്പെടുത്തിയത് എന്നും മറുപടി നൽകിയിട്ടുണ്ട്. തളിക്കുളം ബ്ലോക്കിന്റെ സമീപത്തുള്ള മതിലകം ബ്ലോക്കിന്റെ കീഴിൽ ജലജീവൻ മിഷന്റെ ഭാഗമായി പൈപ്പുകൾ സ്ഥാപിച്ച ഗ്രാമീണ റോഡുകളിൽ റിസ്റ്റോറേഷൻ പ്രവൃത്തിയുടെ ഭാഗമായി മണ്ണ് കുഴിച്ചെടുത്ത് നീക്കം ചെയ്യുന്നതിന് ഭൂരിഭാഗം പ്രവൃത്തികളുടെയും എസ്റ്റിമേറ്റിൽ Mord Data 3.5.3 ഉൾപ്പെടുത്തുകയും ആയതു പ്രകാരം മാത്രമേ നിരക്ക് അനുവദിക്കുകയും ചെയ്തിട്ടുള്ളു എന്നത് പ്രൈസിലെ ഡാറ്റ പരിശോധിച്ച് ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഈ മറുപടി തൃപ്തികരമായി കാണുന്നില്ല. മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തുന്നതിന് ചുമതലപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികളാണോ നിർവ്വഹിച്ചിട്ടുള്ളത് എന്ന് പ്രവൃത്തി സമയത്തു തന്നെ മോണിറ്ററിംഗ് നടത്തി ഉറപ്പു വരുത്തിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
ഗ്രാമപഞ്ചായത്തിൽ നടത്തിയ മുഴുവൻ റോഡ് റിസ്റ്റോറേഷൻ പ്രവൃത്തികളിലും മനുഷ്യഅധ്വാനം വിനിയോഗിച്ചാണ് മണ്ണ് കുഴിച്ചെടുത്തിട്ടുള്ളത് എന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടിയിൽ എക്സിറ്റ് മീറ്റിംഗിൽ പങ്കെടുത്ത ഭരണസമിതി അംഗങ്ങൾ വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തേണ്ടതും ഗ്രാമപഞ്ചായത്തിനുണ്ടായ യഥാർത്ഥ നഷ്ടം നിർണ്ണയിച്ച് റോഡ് പ്രവൃത്തികളിൽ അധികം തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് കരാറുകാരിൽ നിന്നും ഈടാക്കേണ്ടതും അല്ലാത്തപക്ഷം ഇക്കാര്യത്തിലുണ്ടായ നഷ്ടത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, അംഗീകരിച്ചു നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അളവ് രേഖപ്പെടുത്തിയ എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഫൈനൽ ബിൽ തയ്യാറാക്കിയ ഉദ്യോഗസ്ഥർ എന്നിവർ ഒരു പോലെ ബാധ്യസ്ഥരും ഉത്തരവാദികളുമായിരിക്കുന്നതുമാണ്. ഇതു സംബന്ധിച്ച് തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## <u>1-30 പെയിന്റിംഗ് പ്രവൃത്തിയ്ക്ക് കൂടിയ നിരക്ക് ഉൾപ്പെടുത്തി തുക നൽകി അധികം നൽകിയ 21,825 രൂപ നിരാകരിക്കുന്നു.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ,

പ്രോജക്ട് നം.262/25 പഞ്ചായത്ത് ഓഫീസ് പെയിന്റിംഗ് താൽക്കാലിക കെട്ടിടം.

വകയിരുത്തിയ തുക -5,00,000 (തനതു ഫണ്ട്)

ചെലവഴിച്ച തുക -3,61,542

(തുക. 2,59,300 ചെക്ക് നം.-989682/07.01.25

തുക. 1,02,242 " -487633/24.03.2025)

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ തളിക്കുളം പുത്തൻ തോടിന് സമീപമുള്ള SGRY തൊഴിൽ പരിശീലന കേന്ദ്രം ഗ്രാമപഞ്ചായത്തിന്റെ താൽക്കാലിക പ്രവർത്തനത്തിനായി വാടകയ്ക്കെടുക്കുകയും, കെട്ടിടം പെയിന്റ് ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ പ്രോജക്ട് തയ്യാറാക്കുകയും, പെയിന്റിംഗ് നടത്തിയതിന് 3,61,542 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ പ്രവൃത്തി നടത്തുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി അനുമതി നൽകിയതിന്റെ തീരുമാനം ലഭ്യമാക്കിയിട്ടില്ല.
താൽക്കാലിക കെട്ടിടം പെയിന്റിംഗ് നടത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയതിൽ താഴെ കാണും പ്രകാരം അപാകങ്ങൾ കാണുന്നു.

1) പഴയ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറും, ഒന്നാം നിലയും പെയിന്റിംഗ് നടത്തുന്ന മുഴുവൻ പ്രതലവും (1417 ച.മീറ്റർ) Removing White Or Colour Wash എന്ന Dsor Data Code. 14.43 ഇനം ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 16.75 രൂപ നിരക്കിൽ തുക ഉൾപ്പെടുത്തുകയും 10% കുറവ് നിരക്കിൽ 15.08/ച. മീ. നിരക്കിൽ 1190 ച.മീറ്ററിന് ഫൈനൽ ബിൽ പ്രകാരം 17,945 രൂപ അനുവദിക്കുകയും ചെയ്തു.

2) പഴയ പ്രതലത്തിൽ പെയിന്റിംഗ് നടത്തുന്നതിന് Dsor Data Code. 14.53.1 പ്രകാരം 99.65/ച. മീ. നിരക്കാണ് എസ്റ്റിമേറ്റിലുൾപ്പെടുത്തിയിട്ടുള്ളത്. ഈ ഡാറ്റയിൽ 10 ചതുരശ്ര മീറ്റർ പെയിന്റ് ചെയ്യുന്നതിന് 0.73 ലിറ്റർ പ്ലാസ്റ്റിക് എമൽഷൻ പെയിന്റ് ആവശ്യമാണ്. എന്നാൽ പഴയ പ്രതലത്തിൽ 10 ചതുരശ്ര മീറ്ററിൽ 0.9 ലിറ്റർ അക്രിലിക് എക്സ്റ്റീരിയർ ഉപയോഗിച്ച് (One Or More Coat) പെയിന്റ് ചെയ്യുന്നതിന് Dsor Data Code. 14.66.2 പ്രകാരം ഡാറ്റ നിലവിലുള്ളതും, കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെയുള്ള നിരക്ക് 79.28 രൂപയുമാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

Data Analysis Of 14.66.2

| | MR Code | Description | | | Remarks | |
|---|---|---|---|---|---|---|
| | | Unit | Quantity | Rate (₹) | Amount | Label |
| | | | | | | |
| | Header Unit | Sqm | Header Quantity | 10.0 | | |
| Header Details | Details Of Cost For 10 Sqm | | | | | |
| Material | | | | | | M |
| 8505 | | Acrylic Exterior Paint | | | | |
| | | Litre | 0.9 | 170.0 | 153.0 | M1 |
| Carriage | | | | | | C |
| 9977 | | Carriage Of Materials | | | | |
| | | L.S | 0.52 | 2.0 | 1.04 | C1 |

| | | | | | | |
|---|---|---|---|---|---|---|
| Labour | | | | | | L |
| 0131 | | Painter | | | | |
| | | Day | 0.33 | 679.0 | 224.07 | L1 |
| 0115 | | Coolie | | | | |
| | | Day | 0.17 | 558.0 | 94.86 | L2 |
| Tools & Plants | | | | | | L |
| 9999 | | Sundries Brushes, Sand Paper Etc | | | | |
| | | L.S | 7.15 | 2.0 | 14.3 | T1 |
| 9999 | | Sundries | | | | |
| | | L.S | 8.06 | 2.0 | 16.12 | T2 |
| TOTAL | | | 10.0 | Sqm | 503.39 | |
| UNIT TOTAL | | | 1 | Sqm | 50.34 | |
| Water Charge @ 1.00 % | | | | 50.34 | 0.50 | |
| TOTAL | | | | | 50.84 | |
| Contractors Profit & Overhead @ 15.00 % | | | | 50.84 | 7.63 | |
| TOTAL | | | | | 58.47 | |
| Add Cost Index @35.59% | | | | | 20.81 | |
| Grand Total | | | | | ₹79.28/Sqm | |

പഴയ പ്രതലത്തിൽ പെയിന്റ് ചെയ്യുന്ന പ്രവൃത്തിയിൽ മുഴുവൻ വിസ്തീർണ്ണത്തിലും ഡാറ്റ 13.43.1 പ്രകാരം സിമെന്റ് പ്രൈമർ അടിച്ചിട്ടുള്ളതിനാൽ പെയിന്റിംഗ് നടത്തുന്നതിന് ഡാറ്റ 14.53.1 നു പകരം 14.66.2 പ്രകാരമുള്ള ഡാറ്റ മതിയാകുന്നതാണ്. അക്രിലിക് എക്സ്റ്റിരിയർ പെയിന്റ് ഉപയോഗിച്ചാലും പ്ലാസ്റ്റിക് എമൽഷൻ പെയിന്റ് ഉപയോഗിച്ചാലും പ്രവൃത്തിയുടെ Defect Liability Period ഒരു വർഷം എന്നതിൽ മാറ്റമില്ലാത്തതും, മേൽ രണ്ട് പെയിന്റുകളും തമ്മിൽ Quality, Surface Coverage & Protection, Visibility, Rate എന്നിവയിലും കാര്യമായ വ്യത്യാസമില്ലാത്തതുമാണ്.

Dsor Data Code.14.66.2-ൽ കൂടിയ അളവിൽ പെയിന്റ് ഉൾപ്പെടുന്നുണ്ട് എന്നതിനാലും, കുറഞ്ഞ Unit Costഉം പരിഗണിച്ച് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന ഡാറ്റ ഇനം. 14.66.2 ആയിരുന്നു. എന്നാൽ ഇതിനു പകരമായി ഡാറ്റ ഇനം.14.53.1 ഉൾപ്പെടുത്തിയതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഫൈനൽ ബില്ലിലെ ഐറ്റം നം.1.003 പ്രകാരം Dsor Data Code. 14.53.1-ന് Tender Variation 10% കുറവ് ചെയ്ത് @89.69 / 1190.022ച.മീറ്ററിന് നൽകിയ നിരക്ക് -1,06,733രൂപ

Dsor Data Code.14.66.2 ന്റെ യൂണിറ്റ് നിരക്കായ79.28ന്റെ

10% കുറവ് ചെയ്ത് Tender Variation@71.35/ 1190.022 ച.മീറ്ററിന്- 84,908 രൂപ

**അധികം നൽകിയ തുക =21,825 രൂപ**

അധിക നിരക്കിലുള്ള ഡാറ്റ ഉൾപ്പെടുത്തി പ്രവൃത്തി നടത്തിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 06/18.07.2025) അധികം നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 ഇ-ടെണ്ടർ ഫോറം വില പഞ്ചായത്തിൽ അടവാക്കണം

തളിക്കുളം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള എസ്.ബി.ഐ, തൃപ്രയാർ ബ്രാഞ്ച് അക്കൗണ്ട് നം.37128335123 ൽ 2024-25 വർഷത്തിൽ ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി 72,931 രൂപ ലഭിച്ചിട്ടുണ്ട്. ഈ തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല. ടെണ്ടർ ഫോറത്തിന്റെ വിലയായി ലഭിച്ച തുക ഗ്രാമപഞ്ചായത്തിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 18/21.07.2025)

## 1-32 വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ.ഐ.സി.ഡി.എസ് സൂപ്പർ വൈസർ

2024-25 വർഷത്തിൽ ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പാക്കിയ വിവിധ പദ്ധതികളുടെ ഭാഗമായി താഴെ കാണും പ്രകാരം വാങ്ങലുകൾ നടത്തിയിട്ടുണ്ട്.

| പ്രോജക്ട് നം. | 277/25 | 45/25 | 279/25 | 38/25 |
|---|---|---|---|---|
| പേര് | അങ്കണവാടികൾക്ക് ഫർണീച്ചർ | അങ്കണവാടികളിലേക്ക് വെയിംഗ് മെഷീൻ | എല്ലാ അങ്കണവാടി കളിലേക്കും കുടിവെള്ള സൗകര്യം | വയോജന ങ്ങൾക്ക് കട്ടിൽ |
| വകയിരുത്തിയ തുക, ഫണ്ട് | 2,00,000 സംരക്ഷണഗ്രാന്റ് (റോഡിതരം) | 1,56,000 | 1,25,053 | 2,00,000 (സംരക്ഷണ ഗ്രാന്റ് റോഡിതരം) |
| ചെലവഴിച്ച തുക | 1,99,998 | 1,42,961 | 85,100 | 1,98,240 |
| വൗച്ചർ നം./ തിയതി | 42404541/ 20.07.2024 | 42400351/07.2024 | തുക39,600/ വൗച്ചർ നം. 42401396/ | 42401910/ 18.03.2025 |

| | | | | |
|---|---|---|---|---|
| | | | 30.03.2025<br>തുക.45,500/ വൗച്ചർ നം. 42400399/ 06.08.2024 | |
| ഇൻവോയ്സ് നം/തിയതി | OLR/23-24/ 179/29.12.23 | E-32/25.07.2024 | IT/24- 25/L1140/22.03.25 | No.2024- 25/KKD/582/ 11.03.2025 |
| ഇനം/എണ്ണം | സ്റ്റീൽ ടേബിളുകൾ 20 എണ്ണം | Vernier Height Gauge വെയിംഗ് മെഷീനുകൾ 26 എണ്ണം | Aquaguard NEO WS RO+UV+MC വാട്ടർ പ്യൂരിഫയറുകൾ രണ്ട് എണ്ണം | Hard Wood Cot56 എണ്ണം |
| സ്പെസിഫിക്കേഷൻ | (Steel Table With One Drawer And One Cupboard 18 Mm Laminated Top Of Size 120x60x75cm (20G)), | | RO+UV+MC വാട്ടർ പ്യൂരിഫയറുകൾ | 198x90xFront Leg 60cm Back50cm |
| നിരക്ക് | 6,449.8 | 1,998.5 | 19,800 | 3,540രൂപ |
| ഇനം/എണ്ണം | പ്ലാസ്റ്റിക് കസേരകള് 110എണ്ണം | - | - | - |
| നിരക്ക് | 547 | - | - | - |
| സ്ഥാപനം. | സിഡ്കോ ഒല്ലൂർ | KAF Enterprises, എറണാകുളം | IT Professionals, Co-Operative Society,Pattom | ARTCO, Kozhikkode |

**വാങ്ങലുകൾ സംബന്ധിച്ച അപാകങ്ങൾ താഴെ ചേർക്കുന്നു.**

1. മേൽ ഇനങ്ങൾ വാങ്ങുന്നതിനായി ടെണ്ടർ നടപടികൾ/GeM മുഖേന നടപടി സ്വീകരിച്ചിട്ടില്ല. അക്രഡിറ്റഡ് ഏജൻസികളായ സിഡ്കോ, ആർട്ടോ എന്നിവിടങ്ങളിൽ നിന്നും ടെണ്ടർ നടപടി കൂടാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങൽ നടത്തി. ഈ സ്ഥാപനങ്ങൾ വിതരണം ചെയ്ത ഫർണീച്ചറുകളുടെ സ്പെസിഫിക്കേഷനും, നിരക്കും സർക്കാർ അംഗീകരിച്ച് ടെണ്ടർ കൂടാതെ വാങ്ങൽ നടത്തുന്നതിന് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ഈ വാങ്ങലുകൾ നിയമാനുസൃതമല്ല. വാങ്ങലുകളിൽ സ്വീകരിച്ച നടപടികളുടെ വിവരം, രേഖകൾ, ഫയൽ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2 പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണ സമിതി തീരുമാനം, ടാബുലേഷൻ സ്റ്റേറ്റ്മെന്റ്, ടെണ്ടർ നോട്ടീസ്, വെയിംഗ് മെഷീൻ, വാട്ടർ പ്യൂരിഫയർ എന്നിവയുടെ വാറണ്ടി കാർഡ്, വിൽപ്പനാന്തര/തുടർ സേവനം സംബന്ധിച്ച കരാർ, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല.

3 കട്ടിൽ വാങ്ങുന്നതിന് ആർട്ടോ തൃശൂർ, ആർട്ടോ കോഴിക്കോട്, സിഡ്കോ എന്നീ സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ ലഭിച്ചതായും ആർട്ടോ കോഴിക്കോട് സമർപ്പിച്ച കട്ടിൽ നിലവാരമുള്ളതായി ശ്രീരാമ പോളിടെക്നിക്കിലെ ഇൻസ്ട്രക്ടർ (കാർപെന്റർ) സാക്ഷ്യപ്പെടുത്തിയതായും കാണുന്നു. പദ്ധതിയുടെ ഗുണഭോക്താക്കളായ 123 പേരുടെ ഗുണഭോക്തൃലിസ്റ്റ് ഫയലിലുണ്ട്. ആകെ 56 കട്ടിലുകളാണ് വാങ്ങിയിട്ടുള്ളത് ഇവ ഏതു ഗുണഭോക്താക്കൾക്കാണ് നൽകിയിട്ടുള്ളത് എന്നതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വിവിധ വർഷങ്ങളിൽ കട്ടിൽ വിതരണം നടത്തുന്നതിനാൽ ഓരോ വർഷവും വിതരണം ചെയ്യുന്ന കട്ടിലുകളുടെ എണ്ണം, ആർക്ക് വിതരണം ചെയ്തു എന്നീ വിവരങ്ങൾ രേഖപ്പെടുത്തുന്ന സെൻട്രൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. അപേക്ഷകളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.25/21.07.2025)

## 1-33 അങ്കണവാടികളിൽ എ.സി. സ്ഥാപിക്കൽ - ഒരേയിനം എ.സി.കൾ വ്യത്യസ്ത നിരക്കിൽ വാങ്ങി.37,475രൂപ അധിക ചെലവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഐ.സി.ഡി.എസ് സൂപ്പർ വൈസർ

പ്രോജക്ട് നം.50/25 അങ്കണവാടികളിൽ എ.സി. സ്ഥാപിക്കൽ

വകയിരുത്തിയ തുക –3,50,000

ചെലവഴിച്ച തുക-3,34,977

(2,00,000-989655/3.12.2024 (തനതു ഫണ്ട്)

49,977- 42400681/29.10.2024 (തനതു ഫണ്ട്)

85,000-42401941/22.03.2025 (ബ്ലോക്ക് വിഹിതം വികസന ഫണ്ട്)

പദ്ധതിയുടെ ഭാഗമായി വാങ്ങൽ നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഇൻവോയ്സ് നം തിയതി | ഒരെണ്ണത്തിന്റെ വില/ ബ്രാൻഡ് | വാങ്ങിയ എണ്ണം | ആകെ തുക |
|---|---|---|---|---|---|
| 1 | Stellar Solutions Muthuthala Palakkad | 68/14.10.2024 | 49,995/ രേഖപ്പെടുത്തിയിട്ടില്ല. | 5 | 2,49,977 |
| 2 | NPM Enterprises Moonnupeedika | NPM/24- 25/41/20.03.2025 | 42,500/IFB | 2 | 85,000 |

മേൽ പട്ടികയിലെ Stellar Solutions എന്ന സ്ഥാപനം ബ്രാൻഡ് നെയിം രേഖപ്പെടുത്താതെ 1.5 ടൺ 3 Star Split ACകൾ 5 എണ്ണം വിതരണം ചെയ്തതിന്റെ ഇൻവോയ്സ് ഹാജരാക്കിയത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. തുക ബാക്കിയുള്ളതിനാൽ 2 എ.സി.കൾ കൂടി വാങ്ങുന്നതിന് 17.01.2025ലെ ഭരണ സമിതി 13(6) നമ്പറായി

തീരുമാനമെടുക്കുകയും ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്കായ 42,500 രൂപ രേഖപ്പെടുത്തിയ NPM Enterprises എന്ന സ്ഥാപനത്തിൽ നിന്നും രണ്ട് എയർ കണ്ടീഷണറുകൾ വാങ്ങുന്നതിന് 18.03.2025ലെ 13(10)നമ്പർ തീരുമാന പ്രകാരം അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

GeM വഴി സ്റ്റെല്ലാർ ഏജൻസിയിൽ നിന്നും വാങ്ങിയ ഏ.സികൾക്ക് ഓരോന്നിനും 49,995രൂപ നിരക്കിൽ തുക നൽകിയിട്ടുണ്ട്. ലോയ്ഡ് ബ്രാൻറിൻറെ എയർ കണ്ടീഷണറുകളാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് അങ്കണവാടിയിൽ നടത്തിയ സ്ഥലപരിശോധനയിൽ കണ്ടു.

വാങ്ങലുകൾ നടത്തുന്നതിന് Direct Shopping, Bidding, Reverse Auction എന്നിങ്ങനെ വിവിധ രീതികൾ അവലംബിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ GeM-ൽ ലഭ്യമാണ്. ഏ.സി.വാങ്ങുന്നതിന് GeM-ൽ നൽകിയ സ്പെസിഫിക്കേഷൻ, വാങ്ങുന്നതിന് സ്വീകരിച്ച മാർഗ്ഗം/നടപടിക്രമം, L1 നിരക്ക്, താരതമ്യ പട്ടിക, Contract Details, Detailed Specification എന്നിവ പ്രിൻറെടുത്ത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാങ്ങലുകളിലെ സുതാര്യത ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല. GeM ൽ ക്വാട്ട് ചെയ്ത നിരക്കിൻറെ യുക്തിഭദ്രത നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയിട്ടില്ല. വാങ്ങലുകൾ അംഗീകരിച്ച പ്രൊക്യൂർമെൻറ് കമ്മിറ്റി, ഭരണ സമിതി തീരുമാനങ്ങൾ, വാങ്ങിയ മുഴുവൻ ഏ.സി.കളുടെയും വാറണ്ടി വിവരങ്ങൾ, ഏ.സി.കളുടെ ഇൻസ്റ്റോലേഷൻ റിപ്പോർട്ട്, വിൽപ്പനാനന്തര സർവ്വീസ് നൽകിയതിൻറെ രേഖകൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ക്വട്ടേഷൻ പ്രകാരം വാങ്ങിയ 1.5 ടൺ AC കളുടെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ GeM മുഖേന വാങ്ങിയ ഏ.സി.കൾക്ക് ഒരോന്നിനും 7495 രൂപ അധികമായി നൽകിയിട്ടുണ്ട്. ഈ വാങ്ങലുകളിലൂടെ ഗ്രാമപഞ്ചായത്തിന് 37,475രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. 49,995 രൂപ നിരക്കിൽ വാങ്ങിയ ഏ.സി.കളുടെ സ്പെസിഫിക്കേഷൻ ക്വട്ടേഷൻ പ്രകാരമുള്ള ഏ.സി.കളുടെ സ്പെസിഫിക്കേഷനുമായും, ഗുണനിലവാരവുമായും വ്യത്യാസമുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തൃപ്തികരമായ മറുപടി നൽകിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.25/21.07.2025) വാങ്ങലുകളിൽ സുതാര്യത, യുക്തിഭദ്രത എന്നിവ ഉറപ്പ് വരുത്തേണ്ടതും നഷ്ടസാധ്യതകൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-34 ഛായം പദ്ധതി ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല.മുദ്രപത്രവില ഈടാക്കിയതിൽ കുറവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഐ.സി.ഡി.എസ് സൂപ്പർ വൈസർ

പ്രോജക്റ്റ് നം. – 53/25ഛായം പദ്ധതി

വകയിരുത്തിയ തുക - 5,00,000

ചെലവഴിച്ച തുക – 3,74,284

തുക – 2,00,000 രൂപ, വൗച്ചർ നം.42400904/20.12.2024 (വികസന ഫണ്ട്)

തുക – 166,604 രൂപ, വൗച്ചർ നം.42401305/26.03.2025 (തനതു ഫണ്ട്)

തുക -7680രൂപ, വൗച്ചർ നം. - 42401254/18.03.2025 (തനതു ഫണ്ട്)

അങ്കണവാടി നം.44, 53, 120, 121, 132 എന്നിവയിലേക്ക് വിവിധ ഇനങ്ങൾ വിതരണം ചെയ്തതിനും, തീമാറ്റിക് പെയിൻറിംഗ് നടത്തിയതിനുമായി സിഡ്കോ, തൃശൂർ സമർപ്പിച്ച ഇൻവോയ്സുകൾ പ്രകാരം 3,74,284 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇൻവോയ്സുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | അങ്കണവാടി നം. | ഇൻവോയ്സ് നം | ഇനം | തുക |
|---|---|---|---|---|
| 1 | 120 | OLR/24-25/322/19.3.25 | Ethylene Vinyl Acetate Flooring, Baby Chair, Table, Kids Items, Teacher Student Shelf | 61589 |
| 2 | 121 | OLR/24-25/321/19.3.25 | | 50699 |
| 3 | 132 | OLR/24-25/318/19.3.25 | | 61253 |
| 4 | 44 | OLR/24-25/251/07.3.25 | Thematic Painting | 9440 |
| 5 | 53 | OLR/24-25/252/07.3.25 | | 49560 |
| 6 | 120 | OLR/24-25/254/07.3.25 | | 49560 |
| 7 | 121 | OLR/24-25/253/07.3.25 | | 49560 |
| 8 | 132 | OLR/24-25/250/07.3.25 | | 49560 |
| 9 | 44 | OLR/24-25/319/19.3.25 | Ethylene Vinyl Acetate Flooring, Baby Chair, Table, Kids Items, Teacher Student Shelf | 57146 |
| 10 | 53 | OLR/24-25/320/19.3.25 | | 60917 |
| | | Total | | 499284 |

ആകെ 4,99,284 രൂപയുടെ ഇൻവോയ്സുകൾ സമർപ്പിച്ചതിൽ 3,74,284 രൂപ മേൽ പ്രോജക്റ്റ് പ്രകാരം നൽകിയിട്ടുണ്ട്.

**പദ്ധതി നിർവ്വഹണം സംബന്ധിച്ച അപാകങ്ങൾ താഴെ ചേർക്കുന്നു.**

1) 08.11.2010ലെ സ.ഉ.(പ്രി)നം.259/2010 ത.സ്വ.ഭ.വ. ഉത്തരവ് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ഖണ്ഡിക 3.3 (Procurement Method For Goods &Works) പ്രകാരം റേറ്റ് കോൺട്രാക്റ്റ് സ്ഥാപനങ്ങൾക്ക് 5 ലക്ഷം രൂപ വരെയുള്ള കരാർ നൽകാവുന്നതാണ്. എന്നാൽ സർക്കാർ ഉത്തരവിലൂടെ (സ്റ്റോർ പർച്ചേഴ്സ് വകുപ്പ്) നിശ്ചയിച്ച് നൽകിയ സ്പെസിഫിക്കേഷനും, നിരക്കുകളും പ്രകാരമുള്ള ഇനങ്ങളാണ് ടെണ്ടർ നടപടി കൂടാതെ ഇത്തരത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് വാങ്ങാവുന്നത്. എന്നാൽ സിഡ്കോ വിതരണം ചെയ്ത ഇനങ്ങൾക്ക് സ്പെസിഫിക്കേഷൻ, നിരക്ക് എന്നിവ നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല എന്നതിനാൽ ഈ ഇനങ്ങളുടെ വാങ്ങലിന് GeM മുഖേന നടപടി സ്വീകരിക്കേണ്ടതായിരുന്നു.

2) 06.04.2019ന് നിലവിൽ വന്ന സ.ഉ.(പ്രി) 7/2019 എസ്.പി.ഡി. ഉത്തരവ് പ്രകാരം 25,000 രൂപയിൽ അധികരിക്കുന്ന വാങ്ങലുകൾ GeM (Government E-Market Place)മുഖേന ആയിരിക്കണമെന്നും, ആവശ്യമായ സ്പെസിഫിക്കേഷൻ GeM-ൽ ഇല്ലെങ്കിൽ മാത്രം സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള മറ്റ് പ്രൊക്യൂർമെന്റ് മാർഗ്ഗങ്ങളായ ടെണ്ടർ/ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ അങ്കണവാടിയിലേക്ക് ആവശ്യമായ ഇനങ്ങളും, സ്പെസിഫിക്കേഷനും നിശ്ചയിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണ സമിതി എന്നിവരുടെ അംഗീകാരം ലഭ്യമാക്കുകയോ, GeM മുഖേന വാങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥൻ ചെയ്തിട്ടില്ല.

3) മേൽപ്രകാരമുള്ള വാങ്ങലുകൾ നടത്തുന്നതിനും തീമാറ്റിക് പെയിന്റിംഗ് നടത്തുന്നതിനും ടെണ്ടർ നടപടികളും സ്വീകരിച്ചിട്ടില്ല. സിഡ്കോ, ആർട്കോ എന്നിങ്ങനെ സ്ഥാപനങ്ങൾ ക്വട്ടേഷനുകൾ സമർപ്പിച്ചതായും കുറവ് നിരക്ക് രേഖപ്പെടുത്തിയ സിഡ്കോയ്ക്ക് ക്വട്ടേഷൻ നല്കുവാൻ 17.01.25 ലെ ഭരണസമിതി 13 (7) നമ്പറായി തീരുമാനമെടുത്തതായും കണ്ടു.

4) തീമാറ്റിക് കളർ പെയിന്റിംഗ് കലാപരമായി നിർവ്വഹിക്കേണ്ട പ്രവൃത്തിയാണ്. ഈ പ്രവൃത്തി നിർവ്വഹിക്കുന്നതിന് അങ്കണവാടികളിൽ ചിത്രം വരയേക്കണ്ട പ്രതലത്തിന്റെ വിസ്തീർണ്ണം നിർണ്ണയിച്ച് ചിത്ര രചനാ പ്രാഗത്ഭ്യമുള്ള കലാകാരൻമാരിൽ നിന്നോ, അഡ്വർട്ടൈസിംഗ് സ്ഥാപനങ്ങളിൽ നിന്നോ ക്വട്ടേഷൻ/ ടെണ്ടർ ക്ഷണിക്കുകയും ചെയ്യേണ്ടതായിരുന്നു. തീമാറ്റിക് കളർ പെയിന്റിംഗ് പ്രവൃത്തി നടത്തുന്നതിന് വിസ്തീർണ്ണം അടിസ്ഥാനമാക്കി നിരക്കുകൾ നിശ്ചയിച്ച് സിഡ്കോയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടില്ല എന്നതിനാൽ തീമാറ്റിക് പെയിന്റിംഗിന് സമർപ്പിച്ച പ്രോപ്പോസലുകളിലെ നിരക്കുകൾ ന്യായവും, യുക്തിഭദ്രവുമാണോയെന്ന പരിശോധന നടത്തേണ്ടതായിരുന്നു. എന്നാൽ ഇത്തരം പരിശോധന നടത്തിയിട്ടില്ല.

5) ഓരോ അങ്കണവാടിയിലും നടത്തേണ്ട പെയിന്റിംഗ് പ്രവൃത്തിയുടെ വിസ്തീർണ്ണം, ആവശ്യമായ ഇനം എന്നിവ സംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, പ്രവൃത്തി സംബന്ധിച്ച കരാറിൽ ഓരോ അങ്കണവാടിയിലും ചിത്രങ്ങൾ വരയേക്കണ്ട വിസ്തീർണ്ണം, പ്രവൃത്തി പൂർത്തീകരണ കാലയളവ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. സിഡ്കോ നടത്തിയ പെയിന്റിംഗ് പ്രവൃത്തികളുടെ വിസ്തീർണ്ണം പരിശോധിച്ച് വാല്യുവേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

6) സിഡ്കോ വിതരണം ചെയ്ത ഇനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ഇവ സ്റ്റോക്കിലെടുത്ത് സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, അങ്കണവാടികളിലെ കളിയുപകരണങ്ങൾ മറ്റ് സ്റ്റോറുകൾ എന്നിവയുടെ സെൻട്രലൈസ്ഡ് സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.25/21.07.2025)

7) 2018 ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം മരാമത്ത് പ്രവൃത്തികൾ, സർവ്വീസ് ലെവൽ എഗ്രിമെന്റുകൾ എന്നിവ ചമയ്ക്കുമ്പോൾ കരാർ തുകയുടെ 0.1% മുദ്രവില ചുമത്തുന്നതിന് 1959-ലെ കേരള മുദ്രപത്ര നിയമത്തിലെ പട്ടികയിൽ 5 (F) എന്ന വ്യവസ്ഥ കൂട്ടി ചേർത്ത് ഭേദഗതി വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 05.03.2025ലെ ധനകാര്യ വകുപ്പിന്റെ സർക്കുലർ നം.18/2025/ധന. പ്രകാരം അതാത് സമയത്ത് ഈടാക്കേണ്ടിയിരുന്ന സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കാതിരുന്നിട്ടുണ്ടെങ്കിൽ ആയത് ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശം സിഡ്കോയുമായി ഏർപ്പെട്ട കരാറിൽ പാലിച്ചിട്ടില്ല. കുറവായ മുദ്രപത്രവില ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്

ശിശുവികസന വകുപ്പ് മുഖേന നടത്തുന്ന 'ഛായം' പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ 26.07.2021 ലെ നമ്പർ ICDS-A9/5906/2021 സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതു പ്രകാരം അങ്കണവാടികളിലെ സിവിൽ പ്രവൃത്തികൾ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നിർവ്വഹിക്കുന്നതിനും, സാധന സാമഗ്രികളുടെ വാങ്ങലുകൾ സ്റ്റോർ പർച്ചേഴ്സ് മാന്വലിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ/ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് അക്രഡിറ്റഡ് ഏജൻസികളിൽ നിന്നോ/ നേരിട്ടോ വാങ്ങാവുന്നതുമാണ് എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ആയതിനാൽ മേൽ സൂചിപ്പിച്ച അപാകങ്ങളിൽ തൃപ്തികരമായ മറുപടി ലഭ്യമാക്കേണ്ടതാണ്. ഖണ്ഡികയിൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കേണ്ടതും, അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-35 ടെണ്ടർ നടപടി സ്വീകരിക്കാതെ ഫർണ്ണീച്ചറുകൾ വാങ്ങി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| പ്രോജക്ട് നമ്പർ / പേര് | 356/25- ആയുർവ്വേദ ഡിസ്പെൻസറി നവീകരണത്തിന് അനുബന്ധ സാമഗ്രികൾ വാങ്ങൽ |
| അടങ്കൽ | 3,00,000 (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് തുക/ വൗച്ചർനമ്പർ | 3,00,000/ 42401340/26.03.2025 |

| | |
|---|---|
| ഇൻവോയ്സ് നമ്പർ/ തീയതി | 2024-25TSR 495/25.03.2025 |

മേൽ പ്രോജക്റ്റ് പ്രകാരം ആയുർവ്വേദ ഡിസ്പെൻസറി നവീകരണത്തിനോടനുബന്ധിച്ച് താഴെ പറയുന്ന സാമഗ്രികൾ ARTCO, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്ന് ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്.

| Sl. No. | Item | Quantity | Rate | Total Amont (Including 18% GST) |
|---|---|---|---|---|
| 1 | Wall Fan | 3 | 3054 | 10811 |
| 2 | Ceiling Fan | 4 | 1780 | 8402 |
| 3 | 32”TV Smart TV | 1 | 22000 | 25960 |
| 4 | Maha Cool HC 70 KENSTAR | 1 | 18000 | 21240 |
| 5 | Medicine Rack(Pharmacy)240x90x40 With Trays | 1 | 40500 | 47790 |
| 6 | Trolley Speaker Providing Mica Blue Toothconnectivity,USB Ports Etc | 1 | 35000 | 41300 |
| 7 | Steel Slotted Angle Rack72”*36”15”6 Pannel(20G)CR Sheet | 2 | 4535 | 10703 |
| 8 | Shoe Rack Size4x2x2 Using With MDF | 1 | 5000 | 5900 |
| 9 | Office Wall Rack By MDF Rate For 1m2 Setting Up Of Office Wall Rack By Using Good Quality 18mm Both Side Prelaminated MDF | 7.420 | 12883 | 112798 |
| 10 | Shoe Rack Using MDFLaminated Size 120 Cm Length*60 Cm Height*30cmwidth | 1 | 12883 | 15202 |
| | Total | | | 300106 |

GO(Rt)No.30/2024/SPD തീ.07.03.2024 പ്രകാരം ലിസ്റ്റ് ചെയ്തിട്ടുള്ള ഇനങ്ങൾക്ക് മാത്രമാണ് ആർട്ട്കോയിൽ നിന്ന് ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാൻ അനുമതിയുള്ളത്. മേൽ സാമഗ്രികളിൽ ക്രമ നം.7,9 എന്നിവ മാത്രമാണ് മേൽ ഉത്തരവ് പ്രകാരമുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. കൂടാതെ സാമഗ്രികൾ ആർട്ട്കോയിൽ നിന്നും വാങ്ങാനുള്ള പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണ സമിതി തീരുമാനങ്ങളും ലഭ്യമാക്കിയിട്ടില്ല. സർക്കാർ പൊതുമേഖല സ്ഥാപനമായതു കൊണ്ടാണ് ടെണ്ടർ നടപടി സ്വീകരിക്കാതെ ആർട്ട്കോയിൽ നിന്നും വാങ്ങൽ നടത്തിയതെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (നം.21 തീ.21.07.2025) മറുപടി നൽകിയിട്ടുള്ളത്. വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കേണ്ടതും അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-36 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| പ്രോജക്ട് നമ്പർ / പേര് | 17/25- ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 5,00,000 (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് തുക/ വൗച്ചർനമ്പർ | 5,00,000/ 42401658/10.12.2024 |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തീയതി | PF-282/18.09.2024 |

പ്രസ്തുത പദ്ധതിയിൽ മരുന്ന് വാങ്ങുന്നതിനായി HOMCO യ്ക്ക് മേൽ ഇൻവോയ്സ് പ്രകാരം 5,00,000 രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ 2,30,504 രൂപയുടെ മരുന്ന് മാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളൂ. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ലഭ്യമാക്കിയ മരുന്ന് (തുക) | ഇൻവോയ്സ് നമ്പർ/തീയതി | ബാക്കി |
|---|---|---|
| 2,30,504 | LF-323/02.06.2025 | 2,69,496 |

2,69,496 രൂപയുടെ മരുന്ന് മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.17/21.07.2025) നൽകിയിരുന്നു. മരുന്ന് ലഭ്യമാക്കുന്നതിന് ഹോംകോയുമായി ഹോമിയോ മെഡിക്കൽ ഓഫീസർ നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടെന്നും എത്രയും വേഗം മരുന്ന് ലഭ്യമാക്കുന്നതാണെന്ന് ഹോംകോ അറിയിച്ചിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. മരുന്ന് ലഭ്യമാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-37 ലൈഫ് ഭവന പദ്ധതി- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

1.

| | |
|---|---|
| പ്രോജക്റ്റ് | 08/25, ലൈഫ് മിഷൻ ഭൂമി വാങ്ങലും ഭവന നിർമ്മാണവും -ജനറൽ |
| അടങ്കൽ | ₹2,72,95,808<br>(₹37,95,808-വികസന ഫണ്ട്-ജനറൽ, ₹60,00,000-സംസ്ഥാനാവിഷ്കൃത ഫണ്ട്, ₹50,00,000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ₹50,00,000-ജില്ലാ പഞ്ചായത്ത് വിഹിതം, ₹75,00,000 -ലോൺ) |
| ചെലവ് | ₹1,93,90,172<br>(₹37,95,808-വികസന ഫണ്ട്-ജനറൽ, ₹42,00,000-സംസ്ഥാനാവിഷ്കൃത ഫണ്ട്, ₹14,55,000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ₹24,66,032-ജില്ലാ പഞ്ചായത്ത് വിഹിതം, 74,73,332-ലോൺ) |

2.

| | |
|---|---|
| പ്രോജക്റ്റ് | 07/25, ലൈഫ് വീട് നിർമ്മാണവും സ്ഥലം വാങ്ങലും-എസ്.സി |
| അടങ്കൽ | ₹2,18,86,000<br>(₹48,86,000-വികസന ഫണ്ട്-SCP, ₹40,00,000-സംസ്ഥാനാവിഷ്കൃത ഫണ്ട്, ₹50,00,000 -ലോൺ) |
| ചെലവ് | ₹56,50,130<br>(₹44,11,500-വികസന ഫണ്ട്-SCP, ₹2,50,000-സംസ്ഥാനാവിഷ്കൃത ഫണ്ട്, ₹9,88,630 -ലോൺ) |

മേൽ പ്രോജക്റ്റുകൾ പ്രകാരം ഭവനനിർമ്മാണം ആരംഭിച്ചതിൽ നാളിതുവരെ പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 4 ലക്ഷം രൂപയാണ് നലകുന്നത്.

1.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | തീയതി |
|---|---|---|---|
| 1 | മുനീർ. എ.ഐ<br>അമ്പലത്ത് വീട്ടിൽ(H) | 40,000 | 27.06.2024 |
| 2 | ഷെഹിത<br>പുതിയ വീട്ടിൽ(H) | 40,000 | 03.07.2024 |

2.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | തീയതി |
|---|---|---|---|
| 1 | മണി.സി.കെ, ചക്കാണ്ടൻ(H), വാർഡ്-3 | 40,000 | 27.06.2024 |
| 2 | തങ്കമണി<br>കോറോട്ട് വീട്<br>വാർഡ്-9 | 40,000 | 27.06.2024 |

ഭവന നിർമ്മാണം പൂർത്തികരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.15,16/21.07.2025) ഒരു മാസത്തിനകം ഭവന നിർമ്മാണം ആരംഭിക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-38 ഗാർഹിക ജൈവമാലിന്യ സംസ്കരണം-തുടർ നിരീക്ഷണം നടത്തിയിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് | 16/25 വീടുകളിലേക്ക് ജൈവമാലിന്യം ശേഖരിക്കുന്നതിന് ബയോബിൻ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ഇടശ്ശേരി സർക്കിൾ) |
| അടങ്കൽ | ₹9,00,000(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>₹1,00,000(ഗുണഭോക്തൃ വിഹിതം) |
| ചെലവ് | ₹3,14,370(കേന്ദ്രാവിഷ്കൃത ഫണ്ട്) |
| വൗച്ചർ നമ്പർ/തീയതി | 42401346/25.03.2025 |

ശുചിത്വമിഷൻ ഫണ്ട്, ഗുണഭോക്തൃവിഹിതം എന്നിവ ഉൾപ്പെടുത്തി ഗാർഹിക ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് വീടുകളിൽ ബയോബിൻ വിതരണം ചെയ്യുന്നതിനാണ് പ്രോജക്റ്റ്

തയ്യാറാക്കിയിട്ടുള്ളത്. ആയതിനായി ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ SANTA POLYMERS എന്ന സ്ഥാപനത്തിൽ നിന്നും 300 ബയോബിന്നുകളും 300 ചാക്ക് ഇനോക്കുലവും (നിരക്ക് 1,497 രൂപ) (ഇൻവോയ്സ് നം.72/11.03.2025, തുക : 4,49,100) വാങ്ങിയിട്ടുണ്ട്.

നാളിതു വരെ ആകെ 287 ബയോബിന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. സ്ഥാപനവുമായി ഏർപ്പെട്ട കരാറിലെ (നം.25468 തീ.30.11.2024) 4-ാം വ്യവസ്ഥ പ്രകാരം സ.ഉ.(സാ)നം.34/2024/ത.സ്വ.ഭ.വ. തീ. 04.01.2024 ഉത്തരവനുസരിച്ചുള്ള ഗ്യാരണ്ടിയും , വിതരണം നടത്തിയ ബിന്നുകളിൽ നിന്നും റാന്റമായി ക്വാളിറ്റി ടെസ്റ്റ് (CIPET KOCHI) നടത്തുന്നതിനുള്ള ചെലവും വിതരണ സ്ഥാപനം വഹിക്കേണ്ടതുണ്ട്. കരാർ വ്യവസ്ഥ പ്രകാരം ക്വാളിറ്റി ടെസ്റ്റ് നടത്തിയിട്ടുണ്ട് (ടെസ്റ്റ് റിപ്പോർട്ട് നം.241307/തീ.25.03.2025). മൂന്ന് വർഷ കാലയളവിലേക്ക് ബിന്നുകൾക്ക് വാറണ്ടിയും ലഭ്യമാക്കിയിട്ടുണ്ട്. സ.ഉ.(സാ)നം.34/2024/ത.സ്വ.ഭ.വ. തീ. 04.01.2024-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ജിയോടാഗ്ഗിംഗ്, ആറുമാസത്തെ പ്രവർത്തന മോണിറ്ററിംഗ്, ഗുണഭോക്താക്കൾക്ക് പരിശീലനം എന്നിവ നടത്തിയിട്ടില്ല. ജിയോടാഗ്ഗിംഗ്, പ്രവർത്തന മോണിറ്ററിംഗ് എന്നിവ നടത്താനാവശ്യപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ 07.02.2025 ന് SANTA POLYMERS ന് കത്ത് നൽകിയിട്ടുണ്ടെങ്കിലും ആയവ നടത്തി സ്ഥാപനം റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ഈ വിഷയത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി തുടർ പ്രവർത്തനങ്ങൾ നടത്താനുള്ള നടപടികൾ എത്രയും വേഗം കൈക്കൊള്ളേണ്ടതാണ്. ബാക്കി 13 ബയോബിന്നുകൾ വിതരണം നടത്തേണ്ടതും തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം. 31 /തീ.22.07.2025)

## 1-39 ഇനോക്കുലം വിതരണം പൂർത്തിയാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പരും, പേരും | 317/25, വീടുകളിലേക്ക് ഇനോക്കുലം വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ഇടശ്ശേരി സർക്കിൾ) |
| അടങ്കൽ | ₹36,000(തനത് ഫണ്ട്) |
| ചെലവ് | ₹36,000(തനത് ഫണ്ട്) |
| വൗച്ചർ നമ്പർ/തീയതി | 42401334/27.03.2025 |

പ്രോജക്റ്റ് പ്രകാരം വീടുകളിലേക്ക് ഇനോക്കുലം വിതരണം ചെയ്യുന്നതിനായി ഐ.ആർ.ടി.സി യിൽ നിന്നും കിലോഗ്രാമിന് 18രൂപ നിരക്കിൽ (5%GST ഉൾപ്പെടെ) 2000കി.ഗ്രാം ഇനോക്കുലം വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നം.ES/B2B/24-25/114 തീ.20.03.2025 തുക.36,000). ആയതിൽ 20കി.ഗ്രാം ഇനോക്കുലം മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്. 100% ഗുണഭോക്തൃ വിഹിതം ഈടാക്കിയാണ് ഇനോക്കുലം വിതരണം നടത്തുന്നത്. ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിനുള്ള ഇ -പോസ് മെഷീൻ ജൂലൈ 2025 നാണ് ലഭ്യമായതെന്നും ആയതിനാലാണ് ഇനോക്കുലം വിതരണത്തിന് കാലതാമസം നേരിട്ടതെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം.32 / തീ.22.07.2025) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 20.03.2025-ന് ലഭ്യമായ ഇനോക്കുലം ജൂലൈ മാസം വരെ വിതരണം ചെയ്യാതിരുന്നത് ഉചിതമായ നടപടിയല്ല. ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിന് മറ്റ് മാർഗങ്ങൾ സ്വീകരിക്കേണ്ടതായിരുന്നു. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇനോക്കുലം പൂർണ്ണമായി വിതരണം നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-40 ഇൻസിനറേറ്റർ സ്കൂളുകളിലേയ്ക്ക് പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

പ്രോജക്റ്റ് നം-358/25

നിർവ്വഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ-150000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

-3,50,000 (കേന്ദ്രാവിഷ് കൃത ഫണ്ട്)

--------------

5,00,000

ചെലവ് -1,49,980 (42401260/19/3/25)

മേൽ പ്രൊജക്ട് പദ്ധതി പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും എസ് എൻ വി യു പി സ്കൂൾ തളിക്കുളം, എ എം യു പി സ്കൂൾ, സി എം എസ് യു പി എസ് തളിക്കുളം, ജി വി എച്ച് എസ് എസ് തളിക്കുളം എന്നിങ്ങനെ നാലു സ്കൂളുകളിലേയ്ക്ക് സാനിറ്ററി നാപ്കിൻബേണിംഗ് മെഷീൻ (ഇൻസിനറേറ്റർ)വാങ്ങിനല്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

സ.ഉ.(കൈ)നം-115/22/തസ്വഭവ തീയതി.28.05.2022 ലെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക7.4.6-ലെ നിബന്ധനകൾ പ്രകാരം സാനിറ്ററി നാപ്കിൻ വെന്റിംഗ് മെഷീനും സാനിറ്ററി നാപ്കിൻ ബേണിംഗ് മെഷീനും ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്റ്റ് ഏറ്റെടുക്കാവുന്നതാണ്. ഇതിനു ചെലവഴിയ്ക്കുന്ന തുക വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. മെഷീനുകളുടെ സുരക്ഷിത ഉപയോഗം ഉറപ്പാക്കുന്നതിനു പി.റ്റി.എ യുമായി കരാർ വെയ്ക്കണം.മെഷീൻ വാങ്ങുന്ന കമ്പനികളുമായി എ എം സി ഉണ്ടായിരിക്കണം.തുടർന്നുള്ള വർഷങ്ങളിൽ മെയിന്റനൻസ് പി.റ്റി.എ ഏറ്റെടുക്കണം. മേൽ നിബന്ധനകൾ ഇവിടെ പാലിച്ചിട്ടില്ല.

പദ്ധതി നിർവ്വഹണത്തിന്റെ ലക്ഷ്യ പ്രാപ്തി വിലയിരുത്തുന്നതിനായി 23.07.2025 നു ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ എസ് എൻ വി യു പി സ്കൂൾ തളിക്കുളം, എ എം യു പി സ്കൂൾ എന്നിവിടങ്ങളിൽ ഇൻസിനറേറ്റർ പ്രവർത്തിയ്ക്കുന്നതായി ബോദ്ധ്യപ്പെട്ടു. ജി വി എച്ച് എസ് എസ് തളിക്കുളം, സി എം എസ് യു പി എസ് തളിക്കുളം എന്നീ സ്കൂളുകളിൽ ഇലക്ട്രിഫിക്കേഷൻ നടത്താതെയും ഇൻസിനറേറ്റർ പ്രവർത്തനക്ഷമമാക്കാതെയും കണ്ടു. ജി വി എച്ച് എസ് എസ് തളിക്കുളം ജില്ലാപഞ്ചായത്തിനു ചുമതലയുള്ള സ്കൂളാണ്. മറ്റു സ്കൂളുകൾ എയ്ഡഡ് യുപി സ്കൂളുകളാണ്. ഗ്രാമപഞ്ചായത്തിന്റെ ചുമതലയില്ലാത്ത സ്ഥാപനങ്ങൾക്കു വേണ്ടി മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി ഗ്രാമപഞ്ചായത്തു തലത്തിൽ പദ്ധതി രൂപീകരിയ്ക്കുകയും നടപ്പിലാക്കുകയും ചെയ്തതിനു കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (27/23.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥ ഇൻസിനറേറ്ററുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടുള്ള വിതരണരജിസ്റ്ററും, മേല്പറഞ്ഞ സ്കൂളുകളിൽ ഇവയുടെ പ്രവർത്തനക്ഷമത വിലയിരുത്തുന്ന മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടും എന്നിവ ഹാജരാക്കിയിട്ടില്ല. ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 1-41 ബയോഗ്യാസ് പ്ലാന്റ്-സ്കൂളുകളിലേയ്ക്ക് നല്കൽ

പ്രോജക്റ്റ് -357/25

നിർവ്വഹ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ-1,50,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

-3,50,000/-(കേന്ദ്രാവിഷ്കൃതഫണ്ട്)

------------------------

-5,00,000/-

ചെലവ്-1,50,000/-

- 24,560/-

--------------------

-1,74,560/-

1,50,000/- വൗച്ചർ നം-42401420/31.03.2025,

24560/-22401510/28.03.2025

മേൽ പ്രോജക്റ്റ് പ്രകാരം വിവിധ സ്കൂളുകൾക്ക് ബയോഗ്യാസ് പ്ലാന്റ്, എസ് എൻ കെ എൽ പിഎസ് തളിക്കുളത്തിന് 0.5m3 ഉള്ള ബയോഗ്യാസ് പ്ലാന്റ് സോഷ്യോ ഇക്കണോമിക് ഫൗണ്ടേഷൻ മുഖേന നല്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ബയോഗ്യാസ് പ്ലാന്റ് നല്കിയിട്ടുള്ള ജി എം എൽ പിഎസ് തളിക്കുളം ,എ എം യു പി എസ് തളിക്കുളം, സി എം എസ് യു പി എസ് തളിക്കുളം, എസ് എൻ കെ എൽ പി എസ് തളിക്കുളംഎന്നിവിടങ്ങളിൽ 23.07.2025 ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കണ്ടു. ഇപ്രകാരം സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റുകളുടെ ആവശ്യകത വിലയിരുത്താതെ പദ്ധതി രൂപീകരിച്ചു നിർവ്വഹണം നടത്തിയത് ക്രമപ്രകാരമല്ല.

| സ്കൂളിന്റെ പേര് | അനുവദിച്ച ബയോഗ്യാസ് പ്ലാന്റിന്റെ അളവ് | ബയോഗ്യാസ് പ്ലാന്റിന്റെവില | നിലവിലെ അവസ്ഥ |
|---|---|---|---|
| എ എം യു പി എസ് തളിക്കുളം | 3 M3 | 70,000/-(ജി എസ് ടി ഉൾപ്പടെ) | ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ പാതി വഴിയിൽ നിലച്ച രീതിയിലാണ് |
| സി എം എസ് യു പി എസ് തളിക്കുളം | 3 M3 | 70,000/-(ജി എസ് ടി ഉൾപ്പടെ) | ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ പാതി വഴിയിൽ നിലച്ച രീതിയിലാണ് |

| | | | |
|---|---|---|---|
| ജി എം എൽ പിഎസ് തളിക്കുളം | 1m3 | 19440/-(ജി എസ് ടി ഉൾപ്പടെ) | ബയോഗ്യാസ് പ്ലാന്റ് പ്രവർത്തന ക്ഷമമാണ് |
| എസ് എൻ കെ എൽ പിഎസ് തളിക്കുളം | 0.5m3 | 15120(ജി എസ് ടി ഉൾപ്പടെ) | ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചെങ്കിലും പ്രവർത്തന ക്ഷമമല്ല. ഇരുപതോളം കുട്ടികൾ മാത്രം പഠിയ്ക്കുന്ന സ്ക്കൂളിൽ ബയോഗ്യാസ് ഉല്പാദനത്തിനു ആവശ്യമായ വേസ്റ്റു ലഭ്യമാകാനുള്ള സാദ്ധ്യതയില്ല എന്നു ഹെഡ്മിസ്ട്രസ് അറിയിച്ചു. |

1)ഇവ സ്റ്റോക്കിലെടുത്ത് സ്കൂളുകളിലേയ്ക്ക് വിതരണം ചെയ്ത രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

2) നിർവ്വഹണോദ്യോഗസ്ഥയും സോഷ്യോഇക്കണോമിക് ഫൗണ്ടേഷൻ യൂണിറ്റുമായുള്ള കരാറിലെ പ്ലാന്റിൽ മാലിന്യം നിക്ഷേപിയ്ക്കുന്നതു സംബന്ധിച്ച് രണ്ടാം കക്ഷി ബോധവല്കരണ ക്ലാസ്സ് നല്കുന്നതാണ് എന്ന നിബന്ധന പാലിച്ചിട്ടില്ല.

3)ഓഡിറ്റ് എൻക്വയറി നല്കിയതിന്റെ അടിസ്ഥാനത്തിൽ എല്ലാ സ്കൂളുകളിലേയ്ക്കും 3 M3 അളവുള്ള ബയോഗ്യാസ് പ്ലാന്റ് ആണ് ലഭിച്ചത് എന്ന കൈപ്പറ്റു രസീത് ആണ് ഹാജരാക്കിയത്. പദ്ധതി പൂർത്തിയാക്കി പ്രവർത്തനം വിലയിരുത്തിയ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 28/23.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിക്കുന്നത് വരെ ചെലവു തുക 155120/- രൂപ (ജി എം എൽ പി എസ് നു നല്കിയ പ്ലാന്റിന്റെ വില ഒഴികെ) തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം-28/25 തീയതി-23.07.2025

## 1-42 ഹെൽത്ത് ഗ്രാന്റ് - അവലോകനം

ആമുഖം

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 16.07.2021 ലെ 15(2) FC-XV/FCD/2020-25 പ്രകാരം ആരോഗ്യ മേഖല ഗ്രാന്റുകൾ സംബന്ധിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്നതിന് പ്രവർത്തനമാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമീണ മേഖലയിലേക്ക് പ്രധാനമായും താഴെ ചേർക്കുന്ന 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. 2021-22 മുതൽ 2025-26 വരെയുള്ള വർഷങ്ങളിലാണ് ഗ്രാന്റ് അനുവദിക്കുന്നത്.

| ക്രമ നമ്പർ | ഗ്രാന്റ് അനുവദിക്കുന്ന സ്കീമിന്റെ പേര് |
|---|---|
| 1 | കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം |
| 2 | ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം |
| 3 | ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| 4 | ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് |

| | |
|---|---|
| | പ്രവർത്തനങ്ങൾ നടപ്പാക്കൽ |

ഓരോ സ്കീമിലേക്കും ഉള്ള ഗ്രാന്റിന്റെ ഇടപാടുകൾ നടത്തുന്നത്പി.എഫ്.എം.എസുമായി ലിങ്ക് ചെയ്ത പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ മുഖാന്തിരമാണ്.

തളിക്കുളം ഗ്രാമപഞ്ചായത്തിൽ 6-ാം വാർഡിൽ സ്ഥിതിചെയ്യുന്ന കുടുംബാരോഗ്യകേന്ദ്രത്തിന് കീഴിൽ മെയിൻ സെന്ററും രണ്ട് സബ് സെന്ററുകളും ആണ് ഉള്ളത്. ഇതിൽ മെയിൻ സെൻറർ ആശുപത്രിയോട് ചേർന്നും സബ് സെൻററുകൾ കൈതക്കൽ, എടശ്ശേരി എന്നിവടങ്ങളിലുമാണ്. എടശ്ശേരി സബ്ബ് സെന്റർ നിലവിൽ പ്രവർത്തിക്കുന്നില്ല. എടശ്ശേരിയിൽ സബ് സെൻർ കെട്ടിടം നിർമ്മിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷം 2680600 രൂപ വകയിരുത്തിയിട്ടുണ്ട്. മണ്ണ് പരിശോധന പൂർത്തിയാക്കി കെട്ടിട നിർമ്മാണത്തിന് അംഗീകാരം ലഭ്യമായിട്ടുണ്ട്.
തളിക്കുളം ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം മുതൽ ഹെൽത്ത് ഗ്രാന്റിനത്തിൽ ലഭിച്ച തുകകളുടെയും അവയുടെ വിനിയോഗവും സംബന്ധിച്ചുള്ള സംക്ഷിപ്ത വിവരം താഴെ കാണും പ്രകാരമാണ്(2021-22 വർഷത്തിൽ ഹെൽത്ത് ഗ്രാന്റിനത്തിൽ വരവില്ല).

ലഭ്യമായ ഗ്രാന്റിന്റെ വിവരങ്ങൾ

| വർഷം | അനുവദിച്ച ഗ്രാന്റിന്റെ ഉദ്ദേശ്യം | അനുവദിച്ച തുക |
|---|---|---|
| 2022-23 | രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സപ്പോർട്ട് ടു ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ഇൻ ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്) (സബ്സെന്ററേഴ്സ്) | 2,08,161 |
| | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപ കേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ) | 80,000 |
| 2023-24 | രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സബ്സെന്ററേഴ്സ്) | 9,10,000 |
| | കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം | 27,75,000 |
| | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപ കേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ) | 3,82,000 |
| 2024-25 | രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സപ്പോർട്ട് ടു ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ഇൻ ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്) (സബ്സെന്ററേഴ്സ്) | 3,80,000 |
| | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപ കേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ(കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ) | 6,08,000 |

വർഷം തിരിച്ചുള്ള ചെലവിന്റെ വിവരങ്ങൾ

| വർഷം | അനുവദിച്ച ഗ്രാന്റിന്റെ ഉദ്ദേശ്യം | ചെലവഴിച്ച തുക | ചെലവിന്റെ വിവരം ചുരുക്കത്തിൽ |
|---|---|---|---|
| 2022-23 | രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 1,73,161 | രോഗ നിർണ്ണയ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ,അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപ കേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | 68,000 | രോഗ നിർണ്ണയ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ,അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| 2023-24 | രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 7,90,691 | രോഗ നിർണ്ണയ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ,അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപ കേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | 3,39,165 | രോഗ നിർണ്ണയ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ,അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| | കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം | 94,400 | എടശ്ശേരി സബ്ബ് സെന്റർ നിർമ്മാണം(പ്രാരംഭ പ്രവർത്തനങ്ങൾ) |
| 2024-25 | രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 1,31,988 | രോഗ നിർണ്ണയ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ,അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപ കേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | 28,778 | രോഗ നിർണ്ണയ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ,അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |

പഞ്ചായത്തിനു ലഭിച്ച ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ആരോഗ്യമേഖലയിൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്തുന്നതിന് സാധിച്ചിട്ടുണ്ട്. മെയിൻ സെന്ററിലെയും സബ് സെന്ററിലെയും രോഗ നിർണ്ണയ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാണ് കൂടുതൽ തുക ചെലവഴിച്ചിരിക്കുന്നത്. ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ചുള്ള പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ കാര്യക്ഷമമായി നടത്തുന്നില്ലെന്നുള്ളത് മിനുട്സ് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷം ഹെൽത്ത്ഗ്രാന്റിനത്തിൽ അവശേഷിക്കുന്ന തുകയുടെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സബ്ബ്സെന്ററേസ്) | 4,23,068 |
| കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം | 27,91,536 |
| കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപ കേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ) | 6,42,828 |

കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാനുള്ള തുകയാണ് കൂടുതലായി നീക്കിയിരിപ്പുള്ളത്. എടശ്ശേരി സബ്ബ് സെന്റർ നിർമ്മാണത്തിനായി മേൽ തുക വകയിരുത്തിയിട്ടുണ്ട്. ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി കൂടുതൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തുവാനും കൃത്യമായ മോണിറ്ററിംഗ് നടത്തുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-43 ജലജീവൻ മിഷൻ അവലോകനം.

21.12.2019-ലെ ജലജീവൻ മിഷന്റെ കേന്ദ്ര മാർഗ്ഗരേഖ, ജലവിഭവ വകുപ്പിന്റെ 08.06.2020-ലെ സ.ഉ.(കൈ)നം. 37/2020 ഉത്തരവ് എന്നിവ പ്രകാരം 100% ഗ്രാമീണ ഭവനങ്ങൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ജല ജീവൻ മിഷൻ പദ്ധതി നടത്തിപ്പിന്റെ ചുമതല ഗ്രാമപഞ്ചായത്തുകൾക്കാണ്. വില്ലേജ് വാട്ടർ & സാനിറ്റേഷൻ കമ്മിറ്റി ഗ്രാമപഞ്ചായത്ത് തലത്തിൽ വില്ലേജ് ആക്ഷൻ പ്ലാൻ തയ്യാറാക്കി ജില്ലാ വാട്ടർ & സാനിറ്റേഷൻ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുന്നതിനും, ഗ്രാമപഞ്ചായത്ത് തല കർമ്മപദ്ധതിയിൽ (Village Action Plan) ഉൾപ്പെട്ട പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ജില്ലാ ജല ശുചിത്വ മിഷൻ, ഗ്രാമപഞ്ചായത്ത്, പദ്ധതി നിർവ്വഹണ ഏജൻസിയായ KWA എന്നിവർ ത്രികക്ഷി കരാറിൽ ഏർപ്പെടുന്നതിനും മാർഗ്ഗരേഖ ഖണ്ഡിക 3.6.(5), (6) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

ജലജീവൻ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 2,205 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ഒന്നാം ഘട്ടത്തിൽ 1,392 ഉം, രണ്ടാം ഘട്ടത്തിൽ 813 ഉം കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് 9.62 കോടി രൂപയുടെ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. പദ്ധതി 10.05.2021 ലെ ഭരണ സമിതി 3(5) ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. 02.07.2021ലെ തീരുമാനം നം.9 പ്രകാരം 15% തുക തദ്ദേശസ്ഥാപന വിഹിതമായും, 10% ഗുണഭോക്തൃവിഹിതമായി ഉറപ്പ് വരുത്തുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്

